09
ആഗസ്റ്റ് 2024
വെള്ളി
1446 സഫർ 05
1199 കർക്കിടകം 25
പേജ് 10
അബുദാബി

https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

## വഖഫ് ഭേദഗതി ബിൽ ജെ.പി.സിക്ക്

### ഒറ്റക്കെട്ടായി എതിർത്ത് പ്രതിപക്ഷം, പത്തിമടക്കി കേന്ദ്രം

ന്യൂഡൽഹി: കേന്ദ്ര സർക്കാർ കൊണ്ടുവന്ന വിവാദമായ വഖഫ് നിയമ ഭേദഗതി ബിൽ സംയുക്ത പാർലമെന്ററി സമിതി(ജെ.പി.സി)യുടെ പരിഗണനക്ക് വിട്ടു. ഭരണഘടനാ ലംഘനം ഉൾപ്പെടെ ചൂണ്ടിക്കാട്ടി ബില്ലിനെ പ്രതിപക്ഷ കക്ഷികൾ ഒറ്റക്കെട്ടായി എതിർത്തതോടെയാണ് ജെ.പി.സി പരിഗണനക്ക് വിടുന്നതായി കേന്ദ്രം വ്യക്തമാക്കിയത്. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രി കിരൺ റിജിജുവാണ് ബിൽ ലോക്സഭയിൽ അവതരിപ്പിച്ചത്. കോൺഗ്രസും മുസ്‌ലിംലീഗും ഇടതുപക്ഷവും ഡി.എം.കെയും എസ്.പിയും അടക്കം മുഴുവൻ പ്രതിപക്ഷ കക്ഷികളും ഒരേ ശബ്ദത്തിൽ ബില്ലിനെ എതിർത്തു. വഖഫ് സംവിധാനത്തെ തകർക്കാനുള്ള ഗൂഢനീക്കമാണ് ബില്ലിനു പിന്നിലെന്ന് മുസ്‌ലിംലീഗ് പാർലമെന്ററി പാർട്ടി ലീഡർ ഇ.ടി മുഹമ്മദ് ബഷീർ ആരോപിച്ചു. ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങളുടെ ലംഘനം ഉൾപ്പെടെ ഗുരുതര പ്രശ്നങ്ങൾ ബില്ലിലുണ്ടെന്നും നിയമപരിശോധന നടത്തിയാൽ ബിൽ നിലനിൽക്കില്ലെന്നും ഇ.ടി ചൂണ്ടിക്കാട്ടി. വഖഫ് ഭൂമികളിലെ ഏറ്റവും വലിയ കൈയേറ്റം സർക്കാറിന്റെ ഭാഗത്തുനിന്നാണ്. കൈയേറ്റ ഭൂമിയിൽ തീർപ്പു കൽപ്പിക്കാനുള്ള അധികാരം വഖഫ് ബോർഡിൽ നിന്ന് എടുത്ത് ജില്ലാ കലക്ടറിൽ നിക്ഷിപ്തമാക്കുന്നതോടെ, എല്ലാ കൈയേറ്റങ്ങളും നിയമ വിധേയമാക്കപ്പെടുന്ന സാഹചര്യമുണ്ടാകും. ഫലത്തിൽ വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെടും. ബില്ലിനു പിന്നിൽ കേന്ദ്ര സർക്കാറിന്റെ വർഗീയ അജണ്ടയാണെന്നും ഇ.ടി കുറ്റപ്പെടുത്തി. അതേസമയം ഇ.ടി മുഹമ്മദ് ബഷീർ സംസാരിക്കുന്നതിനിടെ സ്പീക്കർ മൈക്ക് ഓഫ് ചെയ്തത് പ്രതിഷേധത്തിനിടയാക്കി.

കോൺഗ്രസ് അംഗം കെ.സി വേണുഗോപാലും ബിൽ ഭരണഘടനാപരമല്ലെന്ന വാദം ഉന്നയിച്ചു. വഖഫ് ബോർഡിൽ മുസ്‌ലിംകളല്ലാത്തവരെ ഉൾപ്പെടുത്താനുള്ള ബില്ലിലെ നിർദേശത്തെയും അദ്ദേഹം ചോദ്യം ചെയ്തു. അയോധ്യയിലെ രാമക്ഷേത്ര ട്രസ്റ്റിലും ഗുരുവായൂർ ദേവസ്വം ബോർഡിലും ഹിന്ദുക്കളല്ലാത്തവരെ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ തയ്യാറാകുമോ എന്ന് അദ്ദേഹം തിരിച്ചുചോദിച്ചു. ഭരണഘടനയുടെ അനുഛേദം 30ന്റെ നഗ്നമായ ലംഘനമാണ് ബില്ലെന്നും സംസ്ഥാനങ്ങളുടെ അധികാരങ്ങൾക്കുമേൽ കടന്നുകയറുന്ന ബില്ല് ഫെഡറൽ തത്വങ്ങൾക്ക് എതിരാണെന്നും അദ്ദേഹം വാദിച്ചു. ഹരിയാന, മഹാരാഷ്ട്ര തിരഞ്ഞെടുപ്പുകൾ മുന്നിൽ കണ്ട് വർഗീയ കാർഡിറക്കാനാണ് ബിൽ കൊണ്ടുവന്നത്. ലോക്സഭാ തിരഞ്ഞെടുപ്പിൽ രാജ്യത്തെ ജനങ്ങൾ നൽകിയ തിരിച്ചടിയിൽ നിന്ന് ബി.ജെ.പി ഒരു പാഠവും പഠിച്ചില്ലെന്നാണ് ഇത് വ്യക്തമാക്കുന്നതെന്നും രാജ്യത്തെ ഭിന്നിപ്പിക്കാനുള്ള നീക്കത്തെ ജനങ്ങൾ അംഗീകരിക്കില്ലെന്നും വേണുഗോപാൽ പറഞ്ഞു. ബില്ല് മുസ്‌ലിംകളോടുള്ള വിവേചനമാണെന്ന് സമാജ് വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ് ആരോപിച്ചു. ചർച്ചക്കിടെ സ്പീക്കറുടെ അധികാരം കവരാനും സർക്കാർ ശ്രമിക്കുന്നുവെന്ന അഖിലേഷിന്റെ ആരോപണത്തെച്ചൊല്ലി അഖിലേഷും അമിത്ഷായും നേർക്കുനേർ കൊമ്പുകോർത്തു.

സർക്കാർ നിലപാട് ദുരൂഹമാണെന്നും ഭരണഘടനാ വിരുദ്ധമെന്നും തൃണമൂൽ കോൺഗ്രസ് കുറ്റപ്പെടുത്തി. ബിൽ ഭരണഘടനാ വിരുദ്ധവും ജനാധിപത്യ വിരുദ്ധവുമാണെന്ന് ഡിഎംകെ നേതാവ് കനിമൊഴി ആരോപിച്ചു.

അതേസമയം കോൺഗ്രസ് കൊണ്ടുവന്ന 1995ലെ വഖഫ് നിയമത്തിലെ പിഴവുകൾ തിരുത്താനാണ് പുതിയ ഭേദഗതി ബിൽ കൊണ്ടുവന്നതെന്നായിരുന്നു കിരൺ റിജിജുവിന്റെ ന്യായീകരണം. മുസ്‌ലിംകളെ തെറ്റിദ്ധരിപ്പിക്കാൻ പ്രതിപക്ഷം ശ്രമിക്കുകയാണെന്നും റിജിജു ആരോപിച്ചു.

ഭരണഘടനാ സാധുത അടക്കം ചോദ്യം ചെയ്ത പശ്ചാത്തലത്തിലാണ് പ്രതിപക്ഷ ആവശ്യം പരിഗണിച്ച് ബിൽ സംയുക്ത പാർലമെന്ററി സമിതിയുടെ പരിഗണനക്ക് വിടാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത്.

### കേന്ദ്രത്തിന് ദുഷ്ടലാക്കെന്ന് പി.കെ കുഞ്ഞാലിക്കുട്ടി

കോഴിക്കോട്: വഖഫ് ഭേദഗതി ബിൽ നടപ്പാക്കാനുള്ള കേന്ദ്ര നീക്കം വിവേചനപരവും രാഷ്ട്രീയ ദുഷ്ടലാക്കോടെയുള്ളതുമാണെന്ന് മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇന്ത്യയിൽ ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത കാര്യമാണിത്. വിശ്വാസികൾ അവരുടെ സമ്പത്തിൽനിന്ന് ദൈവപ്രീതി മാത്രം പ്രതീക്ഷിച്ച് വഖഫ് ചെയ്യുന്ന സ്വത്തുക്കൾ കൈകാര്യം ചെയ്യാനുള്ള ഉത്തരവാദിത്തം വഖഫ് ബോർഡിനാണ്. അതത് ജനവിഭാഗങ്ങളുടെ മതവിശ്വാസമനുസരിച്ചുള്ള കാര്യങ്ങൾ ആ ജനവിഭാഗങ്ങൾക്ക് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം എടുത്ത് കളയുകയാണ് ബില്ലിലൂടെ കേന്ദ്ര സർക്കാർ ചെയ്യുന്നത്. നിയമപരമായി നിലനിൽപ്പില്ലാത്ത നീക്കമാണിത്. ദുഷ്ടലാക്കോടെയും രാഷ്ട്രീയ ലക്ഷ്യത്തോടെയുമാണ് സർക്കാർ ഈ നീക്കം നടത്തുന്നത്. തിരഞ്ഞെടുപ്പിൽ പ്രതീക്ഷിച്ച വോട്ട് കിട്ടാത്തതിലുള്ള പ്രതികാരമാണിത്. വഖഫ് സ്വത്തുക്കൾക്ക് നേരെ കയ്യേറ്റം നടത്താനുള്ള നീക്കത്തെ പാർലമെന്റിൽ മുസ്‌ലിംലീഗ് ശക്തമായി എതിർത്തിട്ടുണ്ട്. ബില്ല് ജെ.പി.സിക്ക് വിട്ടത് ആ പോരാട്ടത്തിന്റെ കൂടി വിജയമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




## വിജയശ്രീ...

### ഒളിംപിക്സ് ഹോക്കിയിൽ ഇന്ത്യക്ക് വെങ്കലം
### ശ്രീജേഷിന് രാജകീയ വിടവാങ്ങൽ

പാരീസിൽനിന്ന്
**കമാൽ വരദൂർ**

പാരീസ് ഒളിംപിക്സിലെ വെങ്കല മെഡൽ നേട്ടത്തിനു പിന്നാലെ ദേശീയ ടീമിൽ നിന്ന് വിരമിക്കുന്ന മലയാളി താരം പി.ആർ ശ്രീജേഷിന് സഹതാരങ്ങളും ഒഫീഷ്യലുകളും മൈതാനത്ത് വികാര നിർഭര യാത്രയയപ്പ് നൽകിയപ്പോൾ

ഇന്ത്യൻ ഹോക്കി ടീമിനായി കരിയറിലെ അവസാന പോരാട്ടത്തിനിറങ്ങിയ ശ്രീജേഷിന് വെങ്കലത്തിളക്കത്തോടെ മനം നിറഞ്ഞ യാത്രയയപ്പ്. ഒളിംപിക്സ് ഹോക്കി വെങ്കല മെഡൽ മത്സരം അവസാന സെക്കൻഡ് വരെ ഹൈ വോൾട്ടേജ് ഗെയിമായപ്പോൾ ഇന്ത്യ സ്പെയിനിനെ വീഴ്ത്തിയത് 2 - 1ന്. പാരീസ് ഒളിംപിക്സിലെ ഇന്ത്യയുടെ നാലാമത് വെങ്കലവും ഒളിംപിക്സ് ഹോക്കിയിലെ ഇന്ത്യയുടെ തുടർച്ചയായ രണ്ടാം വെങ്കലവും നേടി അഭിമാനകരമായ നേട്ടം രാജ്യത്തിന് സമ്മാനിച്ചാണ് ശ്രീജേഷ് ദേശീയ ടീമിന്റെ കുപ്പായമഴിച്ചത്. ശ്രീജേഷിന്റെ തുടർച്ചയായ രണ്ടാം ഒളിംപിക്സ് വെങ്കല മെഡൽ നേട്ടം കൂടിയാണിത്.

## നജീബ് കാന്തപുരത്തിന്റെ വിജയം ശരിവെച്ച് ഹൈക്കോടതി



കൊച്ചി: പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നിന്ന് മുസ്‌ലിംലീഗ് എം.എൽ.എയായി തിരഞ്ഞെടുക്കപ്പെട്ട നജീബ് കാന്തപുരത്തിന്റെ തിരഞ്ഞെടുപ്പ് വിജയം ശരിവെച്ച് ഹൈക്കോടതി. തിരഞ്ഞെടുപ്പ് ചോദ്യം ചെയ്ത് ഇടതുപക്ഷ സ്വതന്ത്ര സ്ഥാനാർഥി കെ.പി മുഹമ്മദ് മുസ്തഫ സമർപ്പിച്ച ഹർജി തള്ളിക്കൊണ്ടാണ് ഹൈക്കോടതി ഉത്തരവ്. ഇതോടെ നജീബിന് എം.എൽ.എയായി തുടരാനാകും.

ജസ്റ്റിസ് സി.എസ് സുധയുടെ സിംഗിൾ ബെഞ്ചാണ് ഹർജി തീർപ്പാക്കിയത്. 2021ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ 38 വോട്ടുകൾക്കാണ് യു.ഡി.എഫ് സ്ഥാനാർത്ഥി നജീബ് കാന്തപുരം വിജയിച്ചത്. പ്രിസൈഡിംഗ് ഓഫീസർ ഒപ്പിട്ടില്ലെന്ന കാരണത്താൽ 348 പോസ്റ്റൽ ബാലറ്റുകൾ നിരസിച്ചെന്നും ഇതിലെ വോട്ടുകൾ ലഭിച്ചിരുന്നെങ്കിൽ താൻ വജിയിക്കുമായിരുന്നുവെന്നും വാദിച്ചാണ് കെ.പി.എം മുസ്തഫ ഹൈക്കോടതിയെ സമീപിച്ചത്.

കേസിന്റെ വാദത്തിനിടെ തിരഞ്ഞെടുപ്പ് രേഖകൾ അടങ്ങിയ പെട്ടി കാണാതായത് വലിയ വിവാദമായിരുന്നു. രേഖകൾ ഹാജരാക്കാൻ ഹൈക്കോടതി സബ് കലക്ടറോട് നിർദേശിച്ചതിനു പിന്നാലെയാണ് പെരിന്തൽമണ്ണ സബ് ട്രഷറിയിലെ സ്ട്രോങ് റൂമിൽ സൂക്ഷിച്ചിരുന്ന പോസ്റ്റൽ ബാലറ്റ് പേപ്പർ അടക്കമുള്ള പ്രധാനപ്പെട്ട രേഖകൾ കാണാതായതായെന്ന വിവരം പുറത്തുവന്നത്. ഇരുപത്തിയഞ്ച് കിലോമീറ്റർ അകലെയുള്ള മലപ്പുറം ജില്ലാ കോപ്പറേറ്റീവ് രജിസ്ട്രാർ ഓഫീസിൽ കവറുകൾ പൊളിച്ച് അലക്ഷ്യമായ രീതിയിൽ കൂട്ടിയിട്ട രീതിയിൽ പിന്നീട് ഇവ കണ്ടെടുത്തതും ഏറെ കോളിളക്കം സൃഷ്ടിച്ചിരുന്നു. പെട്ടികൾ പിന്നീട് ഹൈക്കോടതിയിൽ എത്തിച്ച് പരിശോധിച്ചിരുന്നു. തിരഞ്ഞെടുപ്പ് റിട്ടേണിങ് ഓഫീസർ കെ.എസ് അഞ്ജു ഐ.എ.എസ്, പെരിന്തൽമണ്ണ സബ് കലക്ടർ ശ്രീധന്യ സുരേഷ് ഐ.എ.എസ് എന്നിവർ ഉൾപെടെ 60 ഓളം ഉദ്യോഗസ്ഥരെയും തിരഞ്ഞെടുപ്പ് ഏജന്റുമാർ, കൗണ്ടിങ് ഏജന്റുമാർ എന്നിവരേയും വിസ്തരിച്ചാണ് കോടതി കേസിൽ വിധി പറഞ്ഞത്.




കോഴിക്കോട് ലീഗ് ഹൗസിൽ ചേർന്ന മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റി യോഗത്തിൽ പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ അധ്യക്ഷത വഹിച്ച് സംസാരിക്കുന്നു

## വിദ്വേഷ പരീക്ഷണത്തെ ലോക്സഭയിൽ പൊളിച്ചടുക്കി ഇ.ടി മുഹമ്മദ് ബഷീർ

ന്യൂഡൽഹി: വഖഫ് സ്വത്ത് കയ്യടക്കലും മുസ്‌ലിം അപരവൽക്കരണവും ലാക്കാക്കി കേന്ദ്ര സർക്കാർ കൊണ്ടുവന്ന വഖഫ് ഭേദഗതി ബില്ലിനെ ലോക്സഭയിൽ പൊളിച്ചടുക്കി മുസ്‌ലിംലീഗ് പാർലമെന്ററി പാർട്ടി ലീഡറും ദേശീയ ഓർഗനൈസിങ് സെക്രട്ടറിയുമായ ഇ.ടി മുഹമ്മദ് ബഷീർ എം.പി. മുസ്‌ലിം വിദ്വേഷത്തിന്റെ പുതിയ പരീക്ഷണത്തെ തുറന്നെതിർത്ത് പാർലമെന്റിന്റെയാകെ ശ്രദ്ധയും വികാരവും ആവാഹിച്ച ഇ.ടി, കേന്ദ്രത്തിനെതിരെ ശക്തമായ കടന്നാക്രമണമാണ് സഭയിൽ നടത്തിയത്. വഖഫ് ഭേദഗതി ബിൽ ജെ.പി.സിക്ക് വിടാനുള്ള തീരുമാനം മുസ്‌ലിംലീഗ് അടക്കമുള്ള പ്രതിപക്ഷ പാർട്ടികളുടെ പോരാട്ടത്തിന്റെ വിജയമാണെന്ന് ഇ.ടി പിന്നീട് പ്രതികരിച്ചു.




ലോക്സഭയിൽ വഖഫ് നിയമ ഭേദഗതി ബില്ലിന്മേലുള്ള ചർച്ചയിൽ സംസാരിക്കുന്ന ഇ.ടി മുഹമ്മദ് ബഷീർ

വഖഫ് സംവിധാനത്തെ തന്നെ ഇല്ലാതാക്കാനും വഖഫ് സ്വത്തുക്കളുടെ കയ്യേറ്റം വർധിപ്പിക്കുന്നതിനുമായി ഗൂഢലക്ഷ്യത്തോടെയാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്ന് ഇ.ടി ആരോപിച്ചു. ഭരണഘടനാ വിരുദ്ധവും മൗലികാവകാശ ലംഘനവുമായ ബില്ലിനെ അംഗീകരിക്കില്ല. ഭരണഘടനയുടെ 14, 15,25, 26, 30 അനുഛേദങ്ങളുടെ ലംഘനമാണ് ബിൽ. സർക്കാരിന്റെ വൃത്തികെട്ട അജണ്ടയുടെ ഭാഗം കൂടിയാണീ ബില്ല്. ബിൽ പ്രാബല്യത്തിലായാൽ വഖഫ് സ്വത്തുക്കൾ തന്നെ ഇല്ലാതാകും. വഖഫ് സംവിധാനത്തെ ചവിട്ടിമെതിക്കാൻ സർക്കാറിന് അധികാരം നൽകുന്നതാണ് ബില്ലെന്നും ചർച്ചയിൽ പങ്കെടുത്ത് ഇ.ടി വ്യക്തമാക്കി.

ബിൽ നിയമമായാൽ വഖഫ് ബോർഡ് സർക്കാറിന്റെ അടിമയായി മാറും. സാധുക്കളായ ആളുകളും മഹാരഥൻമാരും വഖഫ് നൽകിയ ഭൂമി തങ്ങളുടെ പരിധിയിൽ നിർത്തുന്നതിനുള്ള ബിജെപിയുടെ കുത്സിത ശ്രമമാണ് ബില്ലിനു പിന്നിൽ. മുല്ലിം താൽപര്യങ്ങൾക്ക് വിരുദ്ധമായി നിൽക്കുന്നവരുടെ കൈയിൽ വഖഫ് സ്വത്തുക്കൾ എത്തിക്കുക എന്ന കുരുട്ട് ബുദ്ധിയാണ് ബിജെപിക്കുള്ളതെന്നും ഇ.ടി ആരോപിച്ചു.

### വയനാട് ദുരന്തം
## അടിയന്തര സാമ്പത്തിക സഹായം അനുവദിക്കണമെന്ന് മുസ്‌ലിംലീഗ്

കോഴിക്കോട്: വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലുമുണ്ടായ ഉരുൾപൊട്ടലിൽ സർവ്വതും നഷ്ടമായവർക്ക് അടിയന്തരമായി പ്രാഥമിക സാമ്പത്തിക സഹായം അനുവദിക്കണമെന്ന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളുടെ അധ്യക്ഷതയിൽ കോഴിക്കോട് ലീഗ് ഹൗസിൽ ചേർന്ന മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. ക്യാമ്പുകളിൽ താമസിക്കുന്നവരുടെ സ്ഥിരമായ പുനരധിവാസം സാധ്യമാകുന്നത് വരെ എത്രയും പെട്ടെന്ന് വാടക വീടുകളിലേക്ക് മാറ്റി പാർപ്പിക്കണം. ഇതിനായി ശരാശരി മാസവാടക നിശ്ചയിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ക്യാമ്പുകളിൽ താമസിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി താൽക്കാലിക വിദ്യാലയങ്ങൾ സജ്ജീകരിച്ച് പഠനം മുടങ്ങാതെ നോക്കണം. ബാങ്കുകളിൽനിന്ന് ലോണെടുത്ത എല്ലാം നഷ്ടപ്പെട്ടവരുടെ ലോൺ എഴുതിത്തള്ളുകയും സ്വകാര്യ ബാങ്കുകളിലെ ലോണിടപാടുകൾ പരിശോധിച്ച് ആവശ്യമായ സഹായം പ്രഖ്യാപിക്കുകയും വേണം. ദുരന്തത്തിനിരയായ മനുഷ്യരുടെ മാനസികാരോഗ്യം വീണ്ടെടുക്കാനും നഷ്ടങ്ങൾ പരിശോധിച്ച് ആശ്വാസ നടപടികൾ പ്രഖ്യാപിക്കാനും കാലതാമസം വരുത്തരുതെന്നും യോഗം ആവശ്യപ്പെട്ടു. വാർത്താ സമ്മേളനത്തിൽ ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി, സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം പങ്കെടുത്തു.

## മുഹമ്മദ് യൂനുസ് ബംഗ്ലാദേശ് പ്രധാനമന്ത്രി

### ബംഗ്ലാദേശിൽ ഇടക്കാല സർക്കാർ

ധാക്ക: ബംഗ്ലാദേശിൽ സാമ്പത്തിക നൊബേൽ സമ്മാന ജേതാവ് മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാർ സത്യപ്രതിജ്ഞ ചെയ്തു. ഇന്നലെ പാരിസിൽനിന്ന് ദുബായ് വഴി ധാക്കയിൽ തിരിച്ചെത്തിയ അദ്ദേഹം സൈനിക മേധാവി വാഖിറുസ്സമാനെയും പ്രസിഡന്റ് മുഹമ്മദ് ഷഹാബുദ്ധീനെയും കണ്ട് ചർച്ച നടത്തി. രാത്രി ഒമ്പത് മണിയോടെയായിരുന്നു സത്യപ്രതിജ്ഞ.

വിദ്യാർത്ഥി പ്രക്ഷോഭത്തിനൊടുവിൽ ഷെയ്ഖ് ഹസീന രാജിവെക്കുകയും രാജ്യംവിടുകയും ചെയ്തതിനെ തുടർന്നുള്ള ഒഴിവിലേക്കാണ് യൂനിസിന്റെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാർ ചുമതലയേറ്റത്. യൂനിസിനെ ഇടക്കാല സർക്കാർ തലവനായി നിയോഗിക്കണമെന്നത് വിദ്യാർത്ഥി നേതാക്കളുടെ പ്രധാന ആവശ്യങ്ങളിലൊന്നായിരുന്നു. ഇതുപ്രകാരം പ്രസിഡന്റാണ് അദ്ദേഹത്തെ നിയോഗിച്ചത്. ബംഗ്ലാദേശിന്റെ മഹനീയ ദിനമാണ് ഇതെന്ന് യൂനുസ് പറഞ്ഞു. ധാക്ക അന്താരാഷ്ട്ര വിമാനത്താവളത്തിൽ മാധ്യമങ്ങളോട് സംസാരിച്ച അദ്ദേഹത്തെ ഏറെ ആഹ്ലാദഭരിതനായി കാണപ്പെട്ടു. 'ബംഗ്ലാദേശ് പുതിയൊരു വിജയ ദിനം സൃഷ്ടിച്ചിരിക്കുന്നു. രാജ്യത്തിന് രണ്ടാമതും സ്വാതന്ത്ര്യം ലഭിച്ചിരിക്കുകയാണ്.'-യൂനുസ് പ്രഖ്യാപിച്ചു. ദീർഘ കാലം ഇടക്കാല സർക്കാർ തലവനായി തുടരാൻ ആഗ്രഹിക്കുന്നില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

കഴിവതും നേരത്തെ തിരഞ്ഞെടുപ്പ് നടത്താനാണ് അദ്ദേഹം ഉദ്ദേശിക്കുന്നത്. ബംഗ്ലാദേശ് ഭരണഘടന പ്രകാരം പാർലമെന്റ് പിരിച്ചുവിട്ട് 90 ദിവസത്തിനകം തിരഞ്ഞെടുപ്പ് നടത്തണം. ബംഗ്ലാദേശ് വിമോചന സമരത്തിൽ പങ്കെടുത്തവരുടെ കുടുംബാംഗങ്ങൾക്ക് സർക്കാർ സർവീസിൽ 30 ശതമാനം സംവരണം നൽകാനുള്ള നീക്കത്തിനെതിരെയാണ് വിദ്യാർത്ഥികൾ തെരുവിലിറങ്ങിയത്. ഹസീനയുടെ രാജിയിൽ കലാശിച്ച പ്രക്ഷോഭത്തിൽ ഇതുവരെ 300ഓളം പേർ കൊല്ലപ്പെട്ടിട്ടുണ്ട്. ഹസീനയുടെ കടുത്ത വിമർശകനായിരുന്ന യൂനിസിനെതിരെ ബംഗ്ലാദേശിൽ നൂറിലേറെ ക്രിമിനൽ കേസുകളുണ്ട്. ഹസീന ഭരണകൂടത്തിൽ ഏറ്റവും കൂടുതൽ വേട്ടയാടപ്പെട്ട പ്രമുഖരിൽ ഒരാളാണ് അദ്ദേഹം. പ്രക്ഷോഭത്തിന് നേതൃത്വം നൽകിയ രണ്ട് വിദ്യാർത്ഥി നേതാക്കൾക്ക് ഇടക്കാല സർക്കാരിൽ ഇടം കിട്ടുമെന്ന് റിപ്പോർട്ടുണ്ട്. സർക്കാരിൽ ഉൾപ്പെടുത്തേണ്ട പതിനാല് പ്രമുഖരുടെ പേരുകൾ വിദ്യാർത്ഥികൾ നൽകിയിരുന്നു. ദശലക്ഷക്കണക്കിന് ആളുകളെ ദാരിദ്ര്യത്തിൽനിന്ന് കരകയറ്റുന്ന പ്രവർത്തനങ്ങൾക്കാണ് 2006ൽ യൂനുസിന് സാമ്പത്തിക നൊബേൽ ലഭിച്ചത്.



ബംഗ്ലാദേശിൽ തിരിച്ചെത്തിയ സാമ്പത്തിക നൊബേൽ ജേതാവ് മുഹമ്മദ് യൂനുസിനെ ധാക്ക അന്താരാഷ്ട്ര വിമാനത്താവളത്തിൽ സ്വീകരിക്കുന്നു

### വഖഫ് ഭേദഗതി
## ഗൂഢനീക്കത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിന്തിരിയണമെന്ന് സമസ്ത

കോഴിക്കോട്: രാജ്യത്ത് നിലവിലുള്ള മഹാഭൂരിഭാഗം വഖ്ഫ് സ്വത്തുക്കളും വഖ്ഫ് സ്വത്തല്ലാതാക്കി മാറ്റുന്നതിന് വേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള വഖ്ഫ് ഭേദഗതി ബില്ല് നടപ്പിലാക്കാനുള്ള നീക്കത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിന്തിരിയണമെന്ന് സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങളും ജനറൽ സെക്രട്ടറി പ്രൊഫ. കെ. ആലിക്കുട്ടി മുസ്‌ലിയാരും ആവശ്യപ്പെട്ടു.

നിലവിലുള്ള നിയമ പ്രകാരം വഖ്ഫ് വസ്തുക്കളുടെ പട്ടിക ഗസറ്റിൽ പ്രസിദ്ധീകരിച്ചതിന് ശേഷം അത് ചോദ്യം ചെയ്യാനുള്ള സമയം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പുതിയ ബില്ല് പ്രകാരം വർഷങ്ങൾക്ക് ശേഷവും വഖ്ഫ് വസ്തുവിന്റെ നിലനിൽപ്പിനെ ചോദ്യം ചെയ്ത് കൊണ്ട് ആർക്കും ഏത് കാലത്തും പരാതിപ്പെടാവുന്നതാണ്.

വഖഫ് സർവ്വെ കമ്മീഷണർക്ക് പകരം വഖ്ഫ് വസ്തു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് കലക്ടറാണ്. കലക്ടർ പരാതി പരിഗണനക്കെടുക്കുന്നതോട് കൂടി വഖ്ഫ് സ്വത്തിന്റെ നിയമപരമായ ആനുകൂല്യം ഇല്ലാതാക്കപ്പെടുന്നതാണ്. അതോടൊപ്പം സെൻട്രൽ വഖ്ഫ് കൗൺസിലിന്റെയും വഖ്ഫ് ബോർഡിന്റെയും വഖ്ഫ് ട്രൈബ്യൂണലിന്റെയും നിരവധി അധികാരങ്ങൾ ബില്ലിൽ വെട്ടിക്കുറച്ചിട്ടുണ്ട്.

വഖ്ഫ് വസ്തു വഖ്ഫ് ബോർഡിൽ രജിസ്റ്റർ ചെയ്യാൻ കളക്ടറുടെ അംഗീകാരം അനിവാര്യമാണ്.

ഭാഗികമായോ മുഴുവനായോ വഖ്ഫ് സ്വത്ത് സർക്കാരിന്റെതാണെന്ന് കളക്ടറുടെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്ന പക്ഷം പ്രസ്തുത സ്വത്തിന്റെ രജിസ്ട്രേഷന് വേണ്ടി കോടതി വിധി സമ്പാദിക്കേണ്ടി വരുമെന്നതാണ് പുതിയ ഭേദഗതി നിയമം.

ഈ ബില്ല് നിയമമാക്കപ്പെടുന്ന പക്ഷം സംസ്ഥാനത്തെ വഖ്ഫ് സ്വത്തുക്കൾ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ കേരള വഖ്ഫ് നിയമം കൊണ്ടു വരണമെന്നും, അത് വരെ ഓർഡിനൻസ് പുറപ്പെടുവിച്ച് കേരളത്തിലെ വഖ്ഫ് സ്വത്തുക്കൾ പരിപൂർണ്ണമായി സംരക്ഷിക്കണമെന്നും സമസ്ത നേതാക്കൾ ആവശ്യപ്പെട്ടു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 09 വെള്ളി
ഗൾഫ് ചന്ദ്രിക

### വിമാനത്താവളത്തിൽ വേനൽക്കാലത്ത് പാർകിങ് ഫീസിൽ ഇളവ്

ദുബൈ: ദുബൈ രാജ്യാന്തര വിമാനത്താവളത്തിൽ യാത്രക്കാർക്ക് കാറുകൾ രണ്ടാഴ്ച വരെ ഡിസ്കൗണ്ട് നിരക്കിൽ പാർക്ക് ചെയ്യാം. ഈ ഓഫർ ആഗസ്റ്റ് 15 മുതൽ ഒരു മാസത്തേക്കാണ്. സെപ്റ്റംബർ 15ന് അവസാനിക്കും. 3 ദിവസത്തേക്ക് 100 ദിർഹം, 7 ദിവസത്തേക്ക് 200 ദിർഹം, 14 ദിവസത്തേക്ക് 300 ദിർഹം എന്നിങ്ങനെയാണ് ചാർജ്. ടെർമിനൽ 1 പാർക്കിംഗ് ബി, ടെർമിനൽ 2, ടെർമിനൽ 3 എന്നിവയിൽ കിഴിവ് ബാധകമാണ്.



### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.87 ₹
1 ഒമാനി റിയാൽ 218.21 ₹
1 സൗദി റിയാൽ 22.38 ₹
1 ഖത്തർ റിയാൽ 23.09 ₹
1 കുവൈത്ത് ദിനാർ 274.33 ₹
1 ബഹ്റൈൻ ദിനാർ 222.85 ₹



### സ്വർണവില
(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 290.25
22 കാരറ്റ് 268.75
21 കാരറ്റ് 260.00
18 കാരറ്റ് 223.00

ഗൾഫ് വാർത്തകൾ

# റിക്രൂട്ടിങ് ഏജന്റുമാരുടെ കെണിവലയിൽ കുടുങ്ങരുത്

## തൊഴിൽ തേടുന്നവർ ജാഗ്രത പുലർത്തണം

പി.വി ശരീഫ് കരേക്കാട്
ദുബൈ

ഗൾഫിലും നാട്ടിലും തൊഴിലിന് വേണ്ടി യുവസമൂഹം നെട്ടോട്ടമോടുമ്പോൾ അപ്പുറത്ത് വല വിരിച്ച് കാത്തിരിക്കുന്ന ഒരു വിഭാഗമുണ്ട്. റിക്രൂട്ടിംഗ് ഏജന്റുമാർ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന കഴുകന്മാരെ കരുതിയിരിക്കുക. മുൻകാലങ്ങളിലും വിസാ തട്ടിപ്പ് നടത്തിയും തൊഴിൽ വാഗ്ദാനം ചെയ്തും പണം തട്ടുന്ന ഏജന്റുമാരുടെ കെണിയിൽ വീഴുന്ന ആളുകളെക്കുറിച്ച് പത്രങ്ങളിലും മറ്റും വാർത്തകളായി വരാറുണ്ട്. ഇന്ന് സോഷ്യൽ മീഡിയ സജീവമായതോടെ തട്ടിപ്പിന്റെ രീതിയുടെ ആഴവും പരപ്പും കൂടിയിരിക്കുന്നു. ചെറിയ തുകയും വലിയ തുകയും തട്ടുന്ന സംഘങ്ങൾ സജീവമാണ്.

ഒരുപാട് വർഷം കഷ്ടപ്പെട്ട് സമ്പത്തും വിലപ്പെട്ട സമയവും ചിലവഴിച്ചു വിവിധ കോഴ്സുകൾ പൂർത്തീകരിച്ചു സർട്ടിഫിക്കറ്റ് കരസ്തമാക്കിയ വിദ്യാർത്ഥികളാണ് ഏറെയും ഈ ചതിക്കുഴിയിൽ അകപ്പെടുന്നത്. നാട്ടിൽ തൊഴിലില്ലാതായതോടെ ഗൾഫിന് പുറമെ ന്യൂസിലാന്റ്, കാനഡ, സിങ്കപ്പൂർ, മലേഷ്യ, വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ പോയി ജോലി ചെയ്തു ഉയർന്ന ശമ്പളം നേടുക എന്നതാണ് അധിമാളുകളുടെയും ആഗ്രഹം.

ഇത്തരക്കാരെ കെണിയിൽ വീഴ്ത്താനാണ് വിവിധ ജോബ് റിക്രൂട്ട്മെന്റ് ഏജൻസികൾ, നാട്ടിലും വിദേശത്തു് ഓൺലൈൻ വഴിയും വല വിരിച്ചിരിക്കുന്നത്. അവരുടെ കെണിയിൽ പെടുന്നത് അഭ്യസ്ത വിദ്യാരായ യുവതി യുവാക്കളാണ്. ഒരാളിൽ നിന്നും 8 ലക്ഷം മുതൽ 15 ലക്ഷം രൂപ വരെയാണ് ഈ ഏജൻസികൾ കൈപ്പറ്റുന്നത്. ഇവർ കോടിപതികളായി നാട്ടിൽ വിലസുമ്പോൾ ഇവർക്കെതിരെ ആരും നടപടിയെടുക്കാൻ മുതിരുന്നില്ല. ന്യൂസ്‌ലാന്റിൽ നഴ്സിംഗ് ജോലി ശരിയാക്കി തരാമെന്ന് പറഞ്ഞു ലക്ഷങ്ങൾ വാങ്ങി വിദേശ രാജ്യങ്ങളിലെ ഉന്നത സ്ഥാപനങ്ങളുടെ ലോഗോ വെച്ചു ഒറിജിനിലെ വെല്ലുന്ന ഫേക്ക് ഓഫർ ലെറ്റർ അടിച്ചു നൽകിയാണ് ഏജൻസികൾ തൊഴിൽ അന്വേഷകരെ വിശ്വസിപ്പിക്കുന്നത്. ആദ്യം യുഎഇ യിലോ ജിസിസി യിലോ വിസിറ്റിങ്ങിൽ വിസയിൽ കൊണ്ട് വരും. താമസ സൗകര്യവും, ഭക്ഷണവും നൽകാതെ ഏജൻസികൾ ഫോൺ പോലും എടുക്കാതെ മുങ്ങുകയും ചെയ്യും.




ഇത്തരത്തിൽ വഞ്ചിക്കപ്പെട്ട നിരവധി പേരാണ് ദിനേനെ സഹായം അഭ്യർത്ഥിച്ച് സാമൂഹ്യ പ്രവർത്തകരെയും സംഘടനാ പ്രവർത്തികരെയും വിളിച്ചു കൊണ്ടിരിക്കുന്നത്. പലരെയും സാമ്പത്തികമായി കുടുക്കുന്ന സംഭവങ്ങളും നടക്കുന്നുണ്ട്. പലർക്കും വിസ എടുത്തു നൽകി അവരുടെ പേരിൽ ലക്ഷങ്ങൾ ലോണും വിവിധ ബാങ്കിൽ നിന്നും ക്രെഡിറ്റ് കാർഡ് കൈക്കലാക്കുന്നു. കുറച്ചു പൈസ ഇവർക്ക് കൊടുക്കുന്നു. പിന്നീട് നാട്ടിലേക്ക് പറഞ്ഞുവിടും. അവർക്ക് പിന്നീടൊരിക്കലും യുഎഇയിലേക്ക് തിരിച്ചുവരാൻ കഴിയാത്ത വിധം സാമ്പത്തിക കുരുക്കിലാക്കുന്ന സംഭവങ്ങളും നടക്കുന്നുണ്ട്. സ്ത്രീകളെ കുറേ ദിവസം ജോലിയില്ലാതെ താമസിപ്പിക്കുന്നു. ജോലിക്കായി നിർബന്ധിക്കുമ്പോൾ പെൺവാണിഭ സംഘത്തിന് കൈമാറുന്ന തട്ടിപ്പും സജീവമായി നടക്കുന്നു. നിലവിൽ ഇതൊന്നും നിയന്ത്രിക്കാൻ ആരും മുന്നോട്ട് വന്നിട്ടില്ല. മുഖ്യമന്ത്രിക്കും മറ്റും നിരവധി പരാതികൾ എത്തിയിട്ടുണ്ടെങ്കിലും നടപടികളുണ്ടായിട്ടില്ല.

കേരള ഗവണ്മെന്റിന്റെ അധികാര പരിധിയിൽ വരുന്ന നോർക്ക റൂട്ട്സിന്റെ കീഴിൽ വിദേശ രാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് ചെയുന്നുണ്ട്. നോർക്കയുടെ സൈറ്റിൽ അതിന്റെ പൂർണ വിവരങ്ങൾ നൽകാറുണ്ട്, സർക്കാരിന്റെ കീഴിൽ തന്നെ പ്രവർത്തിക്കുന്ന റിക്രൂട്ട്മെന്റ് ഏജൻസിയായ ഒടെപക് വഴിയും വിദേശ രാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നുണ്ട്.

അംഗീകൃത ഓൺലൈൻ സൈറ്റുകളിൽ മാത്രം ജോലിക്ക് അപേക്ഷിക്കുക. സോഷ്യൽ മീഡിയകളിലൂടെ വരുന്ന ജോലി അറിയിപ്പുകൾ കൃത്യമായി അന്വേഷിച്ച് മാത്രം അപേക്ഷിക്കുക. പണം നഷ്ടപ്പെടാതെയും നോക്കണം. ഇങ്ങനെ എത്തിക്കുന്നവരെ സൈബർ കുറ്റകൃത്യങ്ങൾക്കും ഉപയോഗിക്കുന്നുണ്ട്. ഓഫറുകൾക്ക് പിന്നാലെ പോകാതിരിക്കുക, ഓൺലൈൻ തട്ടിപ്പുകളിൽ നിന്നും ജാഗ്രത പുലർത്തുക.

## നിയമ ലംഘകർക്കുമേൽ പിടിവീഴുന്നു

# താമസരേഖ മാറ്റം: കുവൈത്തിൽ ഗാർഹിക തൊഴിൽ മേഖല ഉണർന്നു

റഷീദ് പയന്തോങ്ങ്
കുവൈത്ത് സിറ്റി

കുവൈത്തിൽ തൊഴിൽ നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ ആഭ്യന്തര മന്ത്രാലയം നടത്തുന്ന സുരക്ഷാ കാമ്പയിന്റെ തുടർച്ചയായി ഹവല്ലി, സുലൈബിയ ഇൻഡസ്ട്രിയൽ ഏരിയ, കബ്ദ് തുടങ്ങിയ മേഖലകളിൽ നടത്തിയ സുരക്ഷാ പരിശോധനയിൽ നിയമലംഘനം നടത്തിയ വിവിധ രാജ്യക്കാരായ 68 പ്രവാസികൾ അറസ്റ്റിലായി. നേരത്തെയും നിരവധി നിയമലംഘകർ പിടിയിലായിരുന്നു. ഇപ്പോൾ പിടിയിലായവർ റെസിഡൻസി നിയമങ്ങൾ പാലിക്കാത്തവർ, തൊഴിലിടങ്ങളിൽ നിന്ന് ഒളിച്ചോടിയവർ എന്നീ ഗണത്തിൽ പെട്ടവരാണ്. രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ താമസരേഖ നില നിർത്താത്ത നിയമലംഘകരെ കണ്ടെത്താൻ ആഴ്ചകളായി സുരക്ഷാ പരിശോധനാ വിഭാഗം പ്രവർത്തിക്കുകയാണ്. അതെ സമയം ഗാർഹിക തൊഴിലാളികളുടെ താമസ രേഖ സ്വകാര്യ സ്ഥാപന മേഖലയിലേക്ക് മാറ്റാനുള്ള താമസ കുടിയേറ്റ വിഭാഗം അനുവദിച്ച ആനുകൂല്യം ഉപയോഗപ്പെടുത്തുന്നവരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം ശ്രദ്ധേയമാണ്. സർക്കാർ അനുവദിച്ച ഈ അവസരം ഉപയോഗപ്പെടുത്തുന്നതിലൂടെ തൊഴിൽ മേഖലയിൽ കൈവരിച്ച അനുഭവ സമ്പത്തും പ്രവർത്തന പരിചയവും അവർക്ക് മുതൽക്കൂട്ടാവും. സ്വകാര്യ സ്ഥാപനങ്ങളുടെ തൊഴിലിടങ്ങളിൽ ഇവരുടെ കടന്ന് വരവ് ഏറെ പ്രയോജന പ്രദമാകുന്നുമുണ്ട്.



കുവൈത്തിൽ താമസരേഖാ മാറ്റത്തിനായുള്ള തിരക്ക്

# പൂക്കളാൽ അലങ്കരിച്ച് അബുദാബി സിറ്റി

അബുദാബി: അബുദാബി സിറ്റി മുനിസിപ്പാലിറ്റി വേനൽക്കാലത്ത് 6,500,000 പൂക്കൾ നട്ടുപിടിപ്പിച്ച് നഗരത്തെ കൂടുതൽ സൗന്ദര്യവത്കരിച്ചു. ഇതോടെ നിലവിലെ വേനൽക്കാലത്ത് നിശ്ചയിച്ചിട്ടുള്ള പദ്ധതിയുടെ 100 ശതമാനം പൂർത്തീകരിച്ചതായി അധികൃതർ അറിയിച്ചു. 2024ൽ 13 ദശലക്ഷം വേനൽക്കാലത്തും ശൈത്യകാലത്തും പൂക്കൾ നട്ടുപിടിപ്പിക്കുക, അബുദാബി നഗരത്തിന്റെയും അതിന്റെ പ്രാന്തപ്രദേശങ്ങളുടെയും സൗന്ദര്യാത്മക രൂപം വർധിപ്പിക്കുക, കാര്യക്ഷമത വർധിപ്പിക്കുക എന്നിവയ്ക്കായി പ്രകൃതി സൗന്ദര്യവത്കരണ പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള അബുദാബി സിറ്റി മുനിസിപ്പാലിറ്റിയുടെ പദ്ധതിക്ക് അനുസൃതമാണ് ഈ പദ്ധതി.

അബുദാബി സിറ്റിയുടെയും പ്രാന്തപ്രദേശങ്ങളുടെയും സൗന്ദര്യാത്മക ആകർഷണം മെച്ചപ്പെടുത്തുക, അസറ്റ് മാനേജ്മെന്റ് കാര്യക്ഷമത വർദ്ധിപ്പിക്കുക, നഗരത്തിന്റെയും പ്രാന്തപ്രദേശങ്ങളുടെയും ആകർഷണം വർദ്ധിപ്പിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. അബുദാബി മുനിസിപ്പാലിറ്റി സുസ്ഥിരതാ മാനദണ്ഡങ്ങൾ പാലിച്ചും യുഎഇ പരിസ്ഥിതിക്ക് അനുയോജ്യമായ ഇനങ്ങളെ തിരഞ്ഞെടുത്തും പൂക്കളും ചെടികളും ഉപയോഗിച്ച് പ്രകൃതിദത്തമായ സൗന്ദര്യവൽക്കരണ ലാൻഡ്സ്കേപ്പിംഗ് പദ്ധതി നടപ്പിലാക്കുന്നു. വിഭവങ്ങൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള മുനിസിപ്പാലിറ്റിയുടെ പ്രതിബദ്ധതയുടെ ഭാഗമാണിത്.



അബുദാബി സിറ്റിയിൽ പൂക്കൾ കൊണ്ട് അലങ്കരിച്ചപ്പോൾ

# ഖാദർ ഏറാമലയുടെ നിര്യാണത്തിൽ അനുശോചിച്ചു

ദുബൈ: കെഎംസിസിയുടെ നേതാവായിരുന്ന, പ്രവാസം അവസാനിപ്പിച്ചതിന് ശേഷം നാട്ടിൽ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തന രംഗത്തും സജീവമായിരുന്ന ഖാദർ എറാമലയുടെയുടെ നിര്യാണത്തിൽ ദുബൈ കെഎംസിസി അനുശോചിച്ചു. ആക്റ്റിംഗ് പ്രസിഡന്റ് മുഹമ്മദ് പട്ടാമ്പിയുടെ അധ്യക്ഷതയിൽ ചേർന്ന അനുശോചന യോഗത്തിൽ സംസ്ഥാന ഭാരവാഹികളായ ഹുസൈനാർ ഹാജി എടച്ചാക്കൈ, റഈസ് തലശ്ശേരി, മുസ്തഫ വേങ്ങര, അഷ്‌റഫ് കൊടുങ്ങല്ലൂർ, അഡ്വ ഇബ്രാഹിം ഖലീൽ, ഹസൻ ചാലിൽ, മജീദ് മടക്കിമല,ഒ. മൊയ്തു, സാദിക്ക് തിരുവനന്തപുരം, നിസാമുദീൻ കൊല്ലം, ജില്ലാ ഭാരവാഹികളായ മൊയ്ദു മക്കിയാട്, ജമാൽ മനയത്ത്, നിസാം ഇടുക്കി, രഹ്നാസ് യാസീൻ, ഷുക്കൂർ കാരയിൽ, സുലൈമാൻ നെടുംകണ്ടം, ഷെഹീർ കൊല്ലം, സി എച്ച് നൂറുദ്ധീൻ, റഫീഖ് കൊറോത്ത്, മുജീബ് കോട്ടക്കൽ, വി ഡി നൂറുദ്ധീൻ, ഹനീഫ് തളിക്കുളം, ഡോ ഇസ്മായിൽ, റഹ്ദാദ് മൂഴിക്കര, നൗഫൽ തിരുവനന്തപുരം, ഹബീബ് കൊല്ലം, മുഹമ്മദ് ഉളിയിൽ, സാബു അലിയാർ, മുസ്തഫ അട്ടീരി, അൻവർ എൻ. സി, ഹമീദ് തച്ചനാട്ടുകര എന്നിവർ ഖാദർ ഏറാമലയെ അനുസ്മരിച്ചു സംസാരിച്ചു.




കെഎംസിസിയുടെ നേതാവായിരുന്ന ഖാദർ എറാമലയുടെയുടെ നിര്യാണത്തിൽ അനുശോചിച്ച് ദുബൈ അബുഹൈൽ കെഎംസിസി ഹാളിലെ ഡോ. പി.എ ഇബ്രാഹീം ഹാജി ഓഡിറ്റോറിയത്തിൽ ദുബൈ കെഎംസിസി സംഘടിപ്പിച്ച സംഗമം

# ദുബൈ ഇലക്ട്രിസിറ്റി വാട്ടർ അതോറിറ്റി ലാഭ വിഹിതമായി 3.1 ബില്യൻ ദിർഹം നൽകും

ദുബൈ: ഒക്ടോബർ 18ന് 2024 ആദ്യ പാദത്തിലെ ലാഭവിഹിതമായ 3.1 ബില്യൺ ദിർഹം വിതരണം ചെയ്യാനുള്ള അനുമതി കമ്പനിക്ക് ലഭിച്ചു. ഈ വർഷം ഏപ്രിൽ 26ന് ദീവ ഷെയർ ഹോൾഡർമാർക്കായി 2023 രണ്ടാം പാദത്തിലെ 3.1 ബില്യൺ ദിർഹം വിതരണം ചെയ്തിരുന്നു. കമ്പനി മികച്ച വളർച്ച കൈവരിച്ചു. 2024 ന്റെ ആദ്യ പകുതിയിൽ വരുമാനത്തിൽ 7.3% വർദ്ധനവ് റിപ്പോർട്ട് ചെയ്തു. പ്രവർത്തന ലാഭം 3.3 ബില്യൺ ദിർഹവും നികുതിക്ക് ശേഷമുള്ള ലാഭം 2.6 ബില്യൺ ദിർഹവുമാണെന്ന് ദുബൈ ഇലക്ട്രിസിറ്റി ആൻഡ് വാട്ടർ അതോറിറ്റി (ദീവ) റിപ്പോർട്ട് ചെയ്തു. ദുബൈയുടെ തുടർച്ചയായ വളർച്ചയെ പ്രതിഫലിപ്പിക്കുന്ന വൈദ്യുതിയുടെയും വെള്ളത്തിന്റെയും ആവശ്യം യഥാക്രമം 6.7 ശതമാനവും, 4.3 ശതമാനവുമായി വർദ്ധിച്ചു. 2030ഓടെ, 20 ഏണ പവർ കപ്പാസിറ്റിയും ജലത്തിന് 735 ങകഏഉ ഉം എത്തിക്കാൻ ദേവ ലക്ഷ്യമിടുന്നു, ഇതിൽ 5.3 ഏണ പുനരുപയോഗിക്കാവുന്ന സ്രോതസ്സുകളിൽ നിന്നാണ് വരുന്നത്. കാര്യക്ഷമതയിലും ഉപഭോക്തൃ സേവന വിതരണത്തിലും ലോകത്തെ മുൻനിര മാനദണ്ഡങ്ങൾ നിലനിർത്താനാണ് കമ്പനി ലക്ഷ്യമിടുന്നത്. ഈ കാലയളവിലെ ഏകീകൃത വരുമാനം 7.3% വർധിച്ച് 13.7 ബില്യൺ ദിർഹമായി, എന്നിരുന്നാലും ആദ്യ പകുതിയിലെ മൊത്തം ലാഭം 6.7% ഇടിഞ്ഞ് 2.6 ബില്യൺ ദിർഹമായി എന്നാണ് കണക്കുകൾ. 2024ന്റെ ആദ്യ പകുതിയിൽ, ദീവയുടെ മൊത്തം വൈദ്യുതി ഉൽപ്പാദനം 2023ലെ 23.9 ഠണവൽ നിന്ന് 6.7% വർദ്ധിച്ചു, മൊത്തം ഉൽപാദനത്തിന്റെ 12.9% ഹരിത ഊർജമാണ്. 2024 ജൂൺ 30 വരെ, 1,236,845 വൈദ്യുതി, ജല ഉപഭോക്തൃ അക്കൗണ്ടുകൾ ഉണ്ടായിരുന്നു, മുൻ വർഷത്തേക്കാൾ 4.4% വർദ്ധനവാണ് അക്കൗണ്ടുകളുടെ കാര്യത്തിൽ കൈവരിച്ചത്. ദീവയുടെ മൊത്തം ഡീസാലിനേറ്റഡ് ജല ഉൽപ്പാദനം 71.3 ബില്യൺ ഇംപീരിയൽ ഗാലനിലെത്തി, 2023ൽ നിന്ന് 4.3% വർധന രേഖപ്പെടുത്തി. 2.86 ഏണ പുനരുപയോഗ ഊർജ്ജ ശേഷി ഉൾപ്പെടെ 2024 ആദ്യ പാദത്തോടെ കമ്പനിയുടെ സ്ഥാപിത ഉൽപാദന ശേഷി 16.779 ഏണ ആയി. ദീവയുടെ ഡിവിഡന്റ് പോളിസി അനുസരിച്ച് 2022 ഒക്ടോബറിൽ ആരംഭിച്ച് ആദ്യത്തെ അഞ്ച് വർഷങ്ങളിൽ ഏറ്റവും കുറഞ്ഞ വാർഷിക ലാഭവിഹിതം 6.2 ബില്യൺ ദിർഹം നൽകാനാണ് ദീവ പദ്ധതിയിടുന്നത്. ലാഭവിഹിതം ഏപ്രിൽ, ഒക്ടോബർ മാസങ്ങളിൽ അർദ്ധ വാർഷികമായി വിതരണം ചെയ്യും.



# ഹെൽത്ത് കെയർ മേഖലയിൽ ബുർജീലിന് മികച്ച വളർച്ച

അബുദാബി: അബുദാബി സെക്യൂരിറ്റീസ് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന മധ്യപൂർവദേശത്തെ പ്രമുഖ സൂപ്പർ സ്പെഷ്യാലിറ്റി ഹെൽത്ത് കെയർ സേവന ദാതാവായ ബുർജീൽ ഹോൾഡിങ്സ് മികച്ച വളർച്ച രേഖപ്പെടുത്തി. 2024ലെ ആദ്യ ആറു മാസത്തെ സാമ്പത്തിക ഫലങ്ങൾ പ്രസിദ്ധപ്പെടുത്തി. ജൂൺ 30 വരെയുള്ള വർഷത്തിന്റെ ആദ്യ പകുതിയിലെ സാമ്പത്തിക ഫലങ്ങളിൽ ഗ്രൂപ്പിന്റെ വരുമാനം 10% വർധിച്ച് 2 .4 ബില്യൺ ദിർഹമായി. അറ്റാദായം 6% ഉയർന്ന് 238 ദശലക്ഷമായി. ഇബിഐടിഡിഎ 477 ദശലക്ഷം ദിർഹത്തിലെത്തി (2.2% വർധനവ്). മികച്ച സേവനങ്ങളുടെ ഭാഗമായി ഇൻപേഷ്യന്റ്, ഔട്ട്പേഷ്യന്റ് എണ്ണത്തിലുണ്ടായ വർധനവിനെ തുടർന്ന് രോഗികളുടെ എണ്ണം ആദ്യ പകുതിയിൽ 3.1 ദശലക്ഷമായി ഉയർന്നു. ബുർജീൽ ഹോൾഡിങ്സിന്റെ പ്രധാന ആസ്തിയായ ബുർജീൽ മെഡിക്കൽ സിറ്റി മികച്ച സാമ്പത്തിക വളർച്ചയാണ് ഈ കാലയളവിൽ കൈവരിച്ചത്. ഡോ. ഷംഷീർ വയലിൽ സ്ഥാപകനും ചെയർമാനുമായ ബുർജീൽ ഹോൾഡിങ്സ് വളർച്ചാ ആസ്തികൾ വർധിപ്പിച്ചും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും സങ്കീർണ ചികിത്സാ മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങളുമാണ് വളർച്ചയ്ക്ക് അടിത്തറ പാകിയതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ആരോഗ്യ മേഖലയിലെ സാങ്കേതിക വിദ്യയിൽ മുൻ നിരയിലെത്തുന്നതിനായി ഗ്രൂപ്പ് ഐമെഡ് ടെക്നോളജീസ് ആരംഭിച്ചു. അൽ ഐനിലെ അൽ ദാഹിറിലും അൽ ദഫ്രയിലെ മദീനത്ത് സായിദ് പ്രദേശങ്ങളിലും രണ്ട് പ്രത്യേക ഡേ സർജറി സെന്ററുകൾ തുറന്ന് സാന്നിധ്യം കൂടുതൽ വിപുലീകരിച്ചു.

ബുർജീൽ മെഡിക്കൽ സിറ്റിയിൽ ആരംഭിച്ച ബുർജീൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് യുഎഇയിലെ ഏറ്റവും വലിയ കാൻസർ കെയർ നെറ്റ് വർക്കുകളിൽ ഒന്നാണ്. കൊളംബിയൻ മൾട്ടിനാഷണൽ ഹെൽത്ത് കെയർ പ്രൊവൈഡറായ കെരാൽറ്റിയുമായി ചേർന്ന് സംയുക്ത സംരംഭം രൂപീകരിച്ചതിലൂടെ സൗദിയിലെ പ്രാഥമിക ആരോഗ്യ സംരക്ഷണ സാധ്യതകളിലേക്കുള്ള ആദ്യ ചുവടുവയ്പ് ഗ്രൂപ്പ് നടത്തി. ജൂലൈയിൽ ആരംഭിച്ച അഞ്ച് പുതിയ സെന്ററുകളുൾപ്പടെ ഫിസിയോതെറാപി ശൃംഖലയിൽ മൊത്തം 22 ശാഖകളായി. അർബുദ പരിചരണം, അവയവം മാറ്റിവയ്ക്കൽ തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി മേഖലകളിലെ തുടർച്ചയായ നിക്ഷേപങ്ങളിലൂടെയും, പ്രാദേശിക ശൃംഖലയുടെ വിപുലീകരണത്തിലൂടെയും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചു. ഉയർന്ന വളർച്ചാ നിരക്കുള്ള ആസ്തികളുടെയും സേവനങ്ങളുടെയും വളർച്ചയും ദേശീയ, രാജ്യാന്തര തലത്തിൽ നിന്നുള്ള രോഗികളുടെ എണ്ണത്തിലുള്ള വർധനവുമായിരിക്കും 2024ന്റെ രണ്ടാം പകുതിയിലെ പ്രകടനത്തെ നയിക്കുകയെന്ന് ഗ്രൂപ്പ് സിഇഒ ജോൺ സുനിൽ പറഞ്ഞു. വ്യത്യസ്തമായ സ്പെഷ്യാലിറ്റി ഹെൽത്ത് കെയർ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനൊപ്പം തന്ത്രപരമായ വിപുലീകരണ അവസരങ്ങൾ കണ്ടെത്താനും ഗ്രൂപ്പ് ലക്ഷ്യമിടുന്നു. ക്ലിനിക്കൽ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി സാങ്കേതികവിദ്യയിലും നിക്ഷേപം ശക്തമാക്കും.



# നിരീക്ഷണം

ജനങ്ങൾ നേട്ടത്തിന് ധൃതികൂട്ടുന്നതുപോലെ അവർക്ക് ദോഷം വരുത്തുന്ന കാര്യത്തിൽ അല്ലാഹു ധൃതികൂട്ടുകയായിരുന്നുവെങ്കിൽ അവരുടെ ജീവിതാവധി അവസാനിപ്പിക്കപ്പെടുക തന്നെ ചെയ്യുമായിരുന്നു. എന്നാൽ നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്തവരെ അവരുടെ ധിക്കാരത്തിൽ വിഹരിച്ചു കൊള്ളാൻ നാം വിടുകയാകുന്നു.

(വിശുദ്ധ ഖുർആൻ: 10: 11)

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക

1446 സഫർ 05 • 1199 കർക്കിടകം 25

## പുനരധിവാസം വേഗത്തിലാക്കണം

വയനാട്ടിലെ പ്രകൃതി രമണീയമായ ഭൂപ്രദേശങ്ങൾ മുണ്ടക്കൈയും ചൂരൽമലയും ഉരുൾപൊട്ടി കുത്തിയൊലിച്ചു ശ്മശാനഭൂമിയായി മാറിയിട്ട് ദിവസങ്ങൾ പിന്നിട്ടു. ജീവനറ്റ നിലയിൽ കണ്ടെത്തിയവരും ഇപ്പോഴും കാണാമറയത്തുള്ളവരും നിരവധിയാണ്. അതിലേറെ ദയനീയമാണ് ജീവൻ മാത്രം തിരിച്ചുകിട്ടിയവരുടെ അവസ്ഥ. ഉറ്റവരും ഉടയവരും സ്വത്തുക്കളുമെല്ലാം നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരുടെ ദയനീയ മുഖത്ത് ഇനി എന്ത് എന്ന വലിയ ചോദ്യമാണുയരുന്നത്. ആ ചോദ്യത്തിന് ഉത്തരം കണ്ടെത്തേണ്ടത് സർക്കാറും കേരള ജനത ഒന്നടങ്കവുമാണ്. മുന്നോട്ടുള്ള ജീവിതം എങ്ങനെയെന്ന് ആലോചിക്കാൻ പോലും ശേഷിയില്ലാത്തവരാണവർ. അവരെ എത്ര നല്ല രീതിയിൽ സഹായിച്ചാലും അധികമാവില്ല. അവരുടെ പുനരധിവാസം സർക്കാർ നിർവഹിക്കേണ്ട വലിയ ദൗത്യമാണ്. എല്ലാം നഷ്ടപ്പെട്ടവരാണ് ഈ മേഖലയിലാകെ. വീടും ജീവനോപാധികളും നഷ്ടപ്പെട്ട് അനിശ്ചിതഭാവിയിലേക്ക് ആശങ്കയോടെ നോക്കുന്ന എത്രയോ പേരുണ്ടിവിടെ. കന്നുകാലി വളർത്തലും ചെറുകിട വ്യാപാര മേഖലയിലുള്ളവരുമുൾപ്പെടെയുള്ള ജീവിതവഴികൾ നഷ്ടപ്പെട്ട കർഷക കുടുംബങ്ങളുമൊക്കെ ഉരുൾപൊട്ടലിന്റെ ഇരകളാണ്. മക്കളുടെ സ്കൂൾ പഠനം സംബന്ധിച്ച ആശങ്കയും സർട്ടിഫിക്കറ്റുകളുൾപ്പെടെ രേഖകൾ നഷ്ടപ്പെട്ട വേവലാതികളുമായാണ് അവർ കഴിയുന്നത്. ഇവരെയൊക്കെയും ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവരാനുതകുന്നതും ആത്മവിശ്വാസം വർധിപ്പിക്കുന്നതുമായ പുനരധിവാസ ദൗത്യമാണ് വേണ്ടത്.

ജീവിതം പാതിവഴിയിൽ നിലച്ചുപോയവരെ തിരികെക്കൊണ്ടുവരാൻ സർക്കാറും മുസ്‌ലിംലീഗ് ഉൾപ്പെടെയുള്ള സംഘടനകളും പുനരധിവാസ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ദുരന്തബാധിതരുടെ പുനരധിവാസം മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കുമെന്നാണ് സർക്കാർ അറിയിച്ചത്. ക്യാമ്പുകളിൽ കഴിയുന്നവരെ താത്ക്കാലികമായി പുനരധിവസിപ്പിക്കുന്നതാണ് ഒന്നാം ഘട്ടം. ഇതിനായി ബന്ധുവീടുകളിൽ പോകാൻ താൽപര്യമുള്ളവർക്ക് അതിനുള്ള സൗകര്യമൊരുക്കും. മറ്റുള്ളവരെ താമസിപ്പിക്കുന്നതിനായി വാടക വീടുകളോ മറ്റ് സൗകര്യങ്ങളോ സർക്കാർ ചെലവിൽ കണ്ടെത്തി നൽകും. സർക്കാർ സംവിധാനങ്ങളുടെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളും സൗകര്യങ്ങളും ഇതിനായി ഉപയോഗപ്പെടുത്തും. സ്ഥിരം വീടുകളിലേക്ക് മാറുന്നതിനു മുമ്പുള്ള ഇടക്കാല ട്രാൻസിറ്റ് ഹോം സംവിധാനമാണ് രണ്ടാം ഘട്ടത്തിൽ നടപ്പിലാക്കുക. ഇതിനായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഫ്രീഫാബ് സാങ്കേതിക വിദ്യയിലുള്ള സംവിധാനങ്ങൾ ഒരുക്കും. സമ്പൂർണ പുനരധിവാസത്തിന്റെ ഭാഗമായുള്ള എല്ലാ സൗകര്യങ്ങളോടുംകൂടിയ ടൗൺഷിപ്പ് പദ്ധതി മൂന്നാം ഘട്ടത്തിലാണ് നടപ്പിലാക്കുകയെന്നുമാണ് സർക്കാറിന്റെ പ്രഖ്യാപനം.

എന്നാൽ കൊട്ടിഘോഷിക്കപ്പെട്ട പല പുനരധിവാസ പദ്ധതികളും രേഖകളിൽ പൊടിപിടിക്കുമ്പോൾ വർഷങ്ങളായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർ ഇപ്പോഴുമുണ്ടെന്നതാണ് വസ്തുത. സർക്കാർ തീരുമാനങ്ങളുടെ മെല്ലെപ്പോക്കും ചുവപ്പുനാടയുടെ കുരുക്കുമൊക്കെയാണ് ഈ അവസ്ഥക്ക് കാരണം. ഇവരുടെ ഗതി ചൂരൽമലയിലേയും മുണ്ടക്കൈയിലേയും ദുരിതബാധിതർക്കുണ്ടാകരുത്. മുൻകാല ദുരന്തങ്ങളിൽ നടപ്പാക്കിയ പുനരധിവാസ പ്രവർത്തനത്തിനപ്പുറം ദുരന്തത്തിനിരയായവരുടെ ജീവനോപാധികളും ആവാസവ്യവസ്ഥയും തിരിച്ചുകൊടുക്കാനുതകുന്ന സമഗ്ര പാക്കേജാണ് ആവശ്യം. കവളപ്പാറ ദുരന്തത്തിൽ വീടു നഷ്ടമായവർക്കും ദുരന്തത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്കും നഷ്ടപരിഹാരം ലഭിച്ചു. എന്നാൽ, ഭൂമി നഷ്ടപ്പെട്ടവർക്കു പകരം ഭൂമിയോ നഷ്ടപരിഹാരമോ കിട്ടിയിട്ടില്ല എന്നതാണ് മുൻകാല അനുഭവം. 35 വ്യക്തികളുടെ 25 ഏക്കർ ഭൂമിയാണു നഷ്ടപ്പെട്ടത്. ഈ ഭൂമിയിൽ കൃഷി തുടങ്ങാനായി പലരും ബാങ്കുകളിൽനിന്നു വായ്പയെടുത്തിരുന്നു. ദുരന്തത്തിൽ ഭൂമിയാകെ നഷ്ടപ്പെട്ടെങ്കിലും വായ്പ തിരിച്ചടക്കാനുള്ള ബാങ്കുകളുടെ നോട്ടീസ് വന്നുകൊണ്ടേയിരിക്കുന്നു. ഇക്കാര്യത്തിൽ സർക്കാർ ഇടപെടൽ ആവശ്യപ്പെട്ടു മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർക്കു പരാതി നൽകിയെങ്കിലും നടപടിയുണ്ടായില്ല. ഈ ദുരന്തസന്ദർഭത്തിലും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ക്യാമ്പുകളിൽ കഴിയുന്നവരിൽ നിന്ന് പണപ്പിരിവ് നടത്തുന്നത് തുടർന്നിരുന്നു. അഞ്ചുവർഷം മുമ്പ് പുത്തുമലയിൽ നടന്ന പുനരധിവാസത്തിലെ പാകപ്പിഴവുകൾ കാണാതിരിക്കാനാവില്ല. ദുരിതബാധിതകർക്ക് ടൗൺഷിപ്പ്, അങ്കണവാടി, സ്കൂൾ, ആരോഗ്യകേന്ദ്രം തുടങ്ങി പല വാഗ്ദാനങ്ങളുമുണ്ടായിരുന്നു. എന്നാൽ ഇന്നും പലതും പ്രഖ്യാപനത്തിലൊതുങ്ങുകയാണ്. ലഭിച്ച വീടുകൾ ചോർന്നൊലിക്കുന്നതാണെന്ന് പരാതി ഉയർന്നത് വേദനാജനകമാണ്. കൃത്യമായ പ്ലാനിങ് പുത്തുമല പുനരധിവാസത്തിലില്ലാതെ പോയതാണ് ഇതിന് കാരണം. ഇത്തരം ദുരനുഭവം ഇനിയും ഉണ്ടായിക്കൂടാ.

പുനരധിവാസത്തിന് ഭൂമി കണ്ടെത്തുകയെന്നതാണ് പ്രധാന വെല്ലുവിളി. ദുരന്തത്തിൽ 348 വീടുകൾ തകർന്നുവെന്നാണ് സർക്കാർ കണക്ക്. എന്നാൽ ചൂരൽമല, മുണ്ടക്കൈ, അട്ടമല പ്രദേശങ്ങളിൽനിന്ന് 668 വീടുകൾ പൂർണമായോ ഭാഗികമായോ തകർന്നുവെന്നാണ് നാട്ടുകാർ പറയുന്നത്. കണക്കുകളിൽ വ്യക്തത വരുത്തുകയാണ് സർക്കാർ ആദ്യം ചെയ്യേണ്ടത്. പുനരധിവാസമെന്നാൽ ഭൂമിയും വീടും കണ്ടെത്തുക മാത്രമാവരുത്. ദുരന്തത്തിൽനിന്നു രക്ഷപ്പെട്ടവരെ സുരക്ഷിതമായ മറ്റൊരു പ്രദേശം കണ്ടെത്തി ടൗൺഷിപ് നിർമിച്ചു പുനരധിവസിപ്പിക്കുമെന്ന സർക്കാർ വാഗ്ദാനം എത്രയും പെട്ടെന്ന് പൂർത്തീകരിക്കണം. സർവതും നശിച്ചവർക്കുള്ള നഷ്ടപരിഹാരവിതരണം വേഗത്തിൽ ആരംഭിക്കണം. ദുരന്തമുഖത്തേക്ക് സഹായഹസ്തവുമായി ഓടിയെത്തിയവരാണ് കേരളീയർ. അവരെ നിരാശപ്പെടുത്തുന്നതാവരുത് സർക്കാറിന്റെ പുനരധിവാസ പദ്ധതികൾ.

### അടിക്കുറിപ്പ്

എനിക്ക് സർക്കാരിനോട് ഒരു ചോദ്യം ചോദിക്കാനുണ്ട്, അയോധ്യയിലെ രാമക്ഷേത്രത്തിൽ ഹിന്ദു അല്ലാത്ത ഒരാളെ നിർത്തുന്നത് നിങ്ങൾക്ക് ചിന്തിക്കാൻ സാധിക്കുമോ. കേരളത്തിലെ ഗുരുവായൂർ ക്ഷേത്രത്തിലെ ദേവസ്വം ബോർഡിൽ മറ്റൊരു മതസ്ഥൻ വരുന്നത് ചിന്തിക്കാൻ സാധിക്കുമോ. മുസ്‌ലിം അല്ലാത്തവരെ വഖഫ് ബോർഡിൽ നിയമിക്കാൻ ശ്രമിക്കുന്നത് വ്യക്തികളുടെ മതവിശ്വാസത്തിന് മേലുള്ള കടന്നുകയറ്റമാണ്.

കെ.സി വേണുഗോപാൽ

### ചരിത്രത്തിൽ ഇന്ന്

1942 ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തിന്റെ പേരിൽ മഹാത്മാ ഗാന്ധി അറസ്റ്റിലായി.

1945 രണ്ടാം ലോക യുദ്ധം: ജപ്പാനിലെ നാഗസാക്കിയിൽ അമേരിക്ക അണുബോംബിട്ടു. എഴുപതിനായിരം പേർ തൽക്ഷണം മരണമടഞ്ഞു.

# ദുരന്തത്തിലെ ദുരന്തങ്ങൾ



## വെള്ളിത്തെളിച്ചം

ടി.എച്ച് ദാരിമി

ഈ ദുരന്തത്തെയും നാം അതിജയിക്കും എന്ന് നമ്മളടക്കം പലരും അന്ന് പറഞ്ഞിരുന്നു എന്നത് നേരാണ്. അത്തരം ഒരു ഘട്ടത്തിൽ പറയാവുന്നതും പകരാവുന്നതുമായ ഏറ്റവും നല്ല സാന്ത്വന വാചകം ആണ് അത്. പക്ഷേ അത് പുലരുക പ്രയാസമാണ്. ഒന്നു ഇളകാനോ ഓടാനോ ഉറക്കെ കരയാൻ പോലുമോ കഴിയാത്ത വിധത്തിൽ ഉറങ്ങിക്കിടക്കവെ മണ്ണിന്റെയും കല്ലിന്റെയും മരങ്ങളുടെയും പുതിയ ഒരു ഭൂപ്പാളി ജീവനുകൾക്കു മേൽ കടന്നുകയറിയ വയനാട് ദുരന്തത്തിൽ നാനൂറോളം പേരെ തിരിച്ചറിഞ്ഞു മറവു ചെയ്തു കഴിഞ്ഞു. 400 കുടുംബങ്ങളും ആഗ്രഹങ്ങളും പ്രതീക്ഷകളും ആശകളും അതോടൊപ്പം മണ്ണിനടിയിലായി. അതിനേക്കാൾ വലിയ സങ്കടമാണ് തിരിച്ചറിയാത്ത 31 മൃതദേഹങ്ങളും 159 ശാരീരിക അവശിഷ്ടങ്ങളും ഇതിനകം മറവ് ചെയ്തു എന്നത്. ഇനിയും അത് തുടരുകയും ചെയ്യും. ഡി.എൻ.എ പരിശോധനകൾക്കായി ശേഖരിച്ച സാമ്പിളുകളിലും അവർക്കായി അവസാനം നൽകിയ പ്രാർഥനകളിലും ചെയ്യാവുന്നതെല്ലാം ചെയ്തു എന്ന് ഉത്തമ വിശ്വാസത്തിലും മാത്രം ആശ്വാസം കണ്ടെത്തുകയാണ് നാം. വേദനിപ്പിക്കുന്ന ഈ ഓർമകൾ ഒരിക്കലും നമ്മെ അടുത്തെങ്ങും വിട്ടുപോകില്ല എന്ന് ചുരുക്കം. ഇതു ദുരന്തത്തിന്റെ കാര്യം. ഖേദകരമെന്നു പറയട്ടെ, ദുരന്തത്തിന്റെ ഉള്ളിൽ വേറെയും കുറെ ദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്. അവയും നമ്മെ വേദനിപ്പിക്കുന്നു എന്നു മാത്രമല്ല അവയും നമ്മെ പെട്ടെന്ന് വിട്ടുപോകുമെന്ന് തോന്നുന്നില്ല. അവയിൽ ഏതാണ് കൂടുതൽ വേദനിപ്പിച്ചത് എന്ന് ചോദിച്ചാൽ അതങ്ങനെ കൃത്യമായ പറയാൻ കഴിയില്ല. കാരണം അവ കുറെയധികം ഉണ്ട്. സോഷ്യൽ മീഡിയയുടെ കമന്റ് ബോക്സുകളിലാണ് പ്രധാനമായും ഇവ വിസർജ്ജിച്ചു തുടങ്ങിയത്. പിന്നെ അത് ചിലപ്പോഴൊക്കെ മറനീക്കി പുറത്തുവരികയും ചെയ്തു. അതും സോഷ്യൽ മീഡിയയിലൂടെയായിരുന്നു. അവിടെ ആർക്കും നിയന്ത്രണങ്ങൾ ഒന്നും ഇല്ലല്ലോ. എന്നിരുന്നാലും ഏറ്റവും കൂടുതൽ വേദനിപ്പിക്കുന്നത് കേരളം ഇതിനകം ഉണ്ടാക്കിയെടുത്ത നവ്യവും മാന്യവുമായ സംസ്കാരത്തെ കടന്നാക്രമിക്കുന്നത് തന്നെയാണ്. നാളിതുവരെ നമ്മുടെ നാട് കണ്ട എല്ലാ ദുരന്തങ്ങളുടെയും മുമ്പിൽ മതവും രാഷ്ട്രീയവും വർണവും വർഗവും എല്ലാം അഴിച്ചുവെച്ച് മനുഷ്യത്വം എന്ന ജാക്കറ്റ് അണിഞ്ഞ് ദുരന്തഭൂമികളിൽ എല്ലാം മറന്ന് സ്വയം സമർപ്പിക്കുന്ന നമ്മുടെ സ്വന്തം സംസ്കാരത്തിനെതിരെ ചൂണ്ടിയ വിരലുകളും കോട്ടിപ്പിടിച്ച ചിരികളും തെല്ലൊന്നുമല്ല വേദനിപ്പിക്കുന്നത്.



ഈ സാമൂഹിക ദുരന്തങ്ങൾ ഉണ്ടാക്കിയ ദുരന്തങ്ങൾ ലക്ഷ്യത്തിലും ഉള്ളടക്കത്തിലും പൊതുവെ സാമ്യതയുള്ളതാണ്. അതിനാൽ വിഷയം പഠിക്കാനും പറയാനും മനസ്സിൽ വെക്കാനും എളുപ്പമായി. പ്രധാനമായും രണ്ട് വിധം ധ്വനികളാണ് ഇക്കാര്യത്തിൽ ഉണ്ടായത്. ഒന്ന് വർഗീയതയുടെയും മറ്റൊന്ന് നാസ്തികതയുടെയും. ദുരന്തത്തിനിടയിൽ വർഗീയത കളിച്ചവരിൽ പച്ചയിൽ പറഞ്ഞവരും വളച്ചുകെട്ടി പറഞ്ഞവരും ഉണ്ട്. മാധ്യമങ്ങളും സോഷ്യൽ മീഡിയയും ചില ചാനലുകളും വലിയ സൈദ്ധാന്തികനായി ഏതോ സിംഹാസനത്തിൽ അവരോധിച്ച ഒരു അന്ധവിരോധിയായ ഒരാളാണ് കാര്യമായി പച്ചയ്ക്ക് പറഞ്ഞത്. സന്നദ്ധപ്രവർത്തകരുടെ ചടുലതയും കാര്യക്ഷമതയും കണ്ട് എന്തൊക്കെയോ ക്രെഡിറ്റുകൾ ഇവരെല്ലാം വാരിക്കൂട്ടുമോ എന്ന വിറളിപൂണ്ട ചില ഔദ്യോഗിക ദുരന്തങ്ങൾ സമാന മനസ്ഥിതിയിൽ ചെയ്തുനോക്കാവുന്ന അത്ര ചെയ്തു. പക്ഷേ പ്രബുദ്ധ കേരളം അതിനെ വിചാരണ ചെയ്തു തള്ളിക്കളഞ്ഞു. നമ്മൾ ഇതുവരെയും അങ്ങനെ ചിന്തിക്കുകയോ വിലയിരുത്തുകയോ ചെയ്തിട്ടില്ലെങ്കിലും ഈ രോഗികൾ അങ്ങനെയാണ് കാര്യങ്ങളെ കാണുന്നത്. അവർ ദുരന്തത്തിനിടയിൽ ഏറ്റവും ഭയപ്പെട്ടത് തങ്ങൾക്കിഷ്ടമില്ലാത്ത മതക്കാരോ അല്ലെങ്കിൽ രാഷ്ട്രീയക്കാരോ ക്രെഡിറ്റ് സ്വന്തമാക്കുമോ എന്നതാണ്. മനുഷ്യത്വം കയ്യിൽ തന്നെയുള്ള സന്നദ്ധ പ്രവർത്തകർ പക്ഷേ തങ്ങളുടെ സേവനത്തിന്റെ ഒരു അണുവിലും അത്തരമൊരു ചിന്തയിലേക്ക് പോയില്ല. തിരഞ്ഞെടുപ്പിൽ രണ്ടു മുന്നണികളിൽ നിന്ന് പരസ്പരം പോരടിക്കുന്നവർ, പ്രസ്ഥാനങ്ങളിൽ ഗ്രൂപ്പ് തിരിഞ്ഞ് അങ്കം വെട്ടുന്നവർ, ഒരിക്കലും ഒന്നിച്ചു പോകുകയില്ല എന്ന് കരുതുന്ന മറ്റുചിലർ.. അവരൊന്നും ഇതാരുണ്ടാക്കിയ ഭക്ഷണമാണ് എന്നോ ആരുടെ പണം കൊണ്ടുണ്ടാക്കിയതാണ് എന്നോ കഴിഞ്ഞ 9 ദിവസമായിട്ട് നോക്കുന്നേയില്ല. അവർ ജാഗ്രത പുലർത്തുന്നത് ഇനി ഏതെങ്കിലും മനുഷ്യശരീരത്തെയോ അവയവത്തെയോ ബഹുമാനപൂർവം സംസ്കരിക്കാൻ കഴിയുമോ എന്നതു മാത്രമാണ്. അത്രയും നിഷ്കളങ്കമായ ഒരു സാംസ്കാരികതയെയാണ് ഈ ചെറിയ മനസ്സും ബുദ്ധിയും ഉള്ളവർ കടന്നാക്രമിച്ചിരിക്കുന്നത്. ഇങ്ങനെ നിരൂപണം ചെയ്യുമ്പോൾ അവർ പറയുക ഞങ്ങളും കളത്തിൽ ഉണ്ടായിരുന്നു എന്നാണ്. ഉണ്ടായിരുന്നിരിക്കാം. പക്ഷേ അവരുടെ ഉള്ളിലുള്ളതും പുറത്തുള്ളതും രണ്ടായിരുന്നു. ഉള്ളിലൊന്നും പുറത്ത് മറ്റൊന്നും അല്ലെങ്കിൽ പുറത്ത് ഒന്നും ഉള്ളിൽ മറ്റൊന്നും വെച്ച് നടക്കുന്ന ഇവരെയാണ് മനുഷ്യകുലം ഏറ്റവുമധികം ഭയപ്പെടേണ്ടത്. ഈ വിഷയം താത്വികമായി വിശകലനം ചെയ്തു മനുഷ്യനെ തര്യപ്പെടുത്തിയ പ്രമാണമാണ് പരിശുദ്ധ ഖുർആൻ.

ഇസ്‌ലാമിക സംഹിതക്കുള്ളിൽ ഇവർ മുനാഫിഖുകൾ അഥവാ കപടൻമാർ എന്നാണ് വ്യവഹരിക്കപ്പെടുന്നത്. അവിടെ അതിന് വിശാലമായ അർത്ഥവും മേഖലയും ഉണ്ട്. പക്ഷേ, ഖുർആൻ ഇവരെ പരിചയപ്പെടുത്തുന്നിടത്ത് മതേതരമായ ചില അടയാളങ്ങൾ പറയുന്നത് ഈ ചർച്ചയിൽ പ്രസക്തമാണ്. ഒരിടത്ത് അല്ലാഹു ഇത്തരം സ്വഭാവത്തെ രോഗം എന്നാണ് വിളിക്കുന്നത് (അൽ ബഖറ: 10, അഹ്സാബ്: 32). ഈ രോഗം നേരിട്ട് ബാധിക്കുക മനുഷ്യത്വത്തെയാണ്. കാരണം മനുഷ്യൻ എന്നത് ശരീരവും മനസ്സും സമഞ്ജസമായി ചേർന്നുനിൽക്കുന്നതാണ്. കപടന്മാർക്ക് ഈ ചേർച്ച ഇല്ല. അതുകൊണ്ട് അവരുടെ അസ്തിത്വവും വ്യക്തിത്വവും എപ്പോഴും അപകടപ്പെട്ടുകൊണ്ടേയിരിക്കും. അതുകൊണ്ടാണ് സോഷ്യൽ മീഡിയയിൽ വന്ന് ഇങ്ങനെ വിസർജിക്കുന്നവരാരും സമൂഹത്തിൽ മാന്യമായ സ്ഥാനത്തും എത്തിച്ചേരാത്തത്. ഈച്ചകളെ പോലെ വ്രണങ്ങളിൽനിന്ന് വ്രണങ്ങളിലേക്ക് പറന്നും തിരിച്ചു പറന്നും അവസാനിക്കാനാണ് അവരുടെ വിധി. ഖുർആൻ പറയുന്ന രണ്ടാമത്തെ അവരുടെ പ്രത്യേകത അസഹനീയമായ അഹങ്കാരമാണ് (അൽ മുനാഫിഖൂൻ: 5). ക്ഷിപ്രകോപിക്കും അഹങ്കാരിക്കും ബുദ്ധിപരമായ വികാസം ഉണ്ടാവില്ല എന്നത് ശാസ്ത്രീയമായി തന്നെ സ്ഥാപിക്കപ്പെട്ട വസ്തുതയാണ്. കാരണം കോപത്തിലേക്കും അഹങ്കാരത്തിലേക്കും അവരെ നയിക്കുന്നത് അവരുടെ ചിലരോടുള്ള വെറുപ്പിന്റെയും ചിലരോടുള്ള രണ്ടാം കണ്ണിന്റെയും വികാരങ്ങളാണ്. വികാരങ്ങൾ മുന്നിൽ കടന്നാൽ അഥവാ തികട്ടി വന്ന് മേൽക്കൈ നേടിയാൽ ബുദ്ധി ഉപയോഗശൂന്യമായി തീരുന്നു എന്നതാണ് അതിന്റെ കാരണമായി വിശദീകരിക്കപ്പെടുന്നത്. ഇത്തരം മനസ്സുമായി നടക്കുന്നവർ പ്രബുദ്ധരുള്ള ഒരു നാട്ടിൽ പച്ചപിടിക്കാത്തതും വളരാത്തതും എന്തുകൊണ്ടാണ് എന്നതിന് കൂടി നമുക്കിവിടെ ഉത്തരം കണ്ടെത്താൻ കഴിയും.

രണ്ടാമത്തവർക്ക് ദൈവത്തോടുള്ള കലിപ്പാണ്. ദുരന്തത്തിൽ ദൈവം ഒന്നും ചെയ്യാതെ നോക്കി നിന്നു എന്നതാണ് അവരുടെ പരാതി. അത് പറഞ്ഞ് ദൈവം എന്ന ഒന്നില്ല എന്ന് സ്ഥാപിക്കാനുള്ള പെടാപ്പാടിലാണ് അവർ. പക്ഷേ അവരെ അതേ ആവനാഴിയിൽ നിന്നുള്ള അമ്പുകൾ തന്നെ വേട്ടയാടുകയാണ്. ദുരന്തത്തിൽ പെട്ടവരെ ദുരന്തത്തിന് വിട്ടുകൊടുത്തത് ക്രൂരനായ ദൈവമാണ് എന്ന് അവർ വാദിച്ച് ഉരുട്ടി കയറ്റുമ്പോഴേക്കും, എങ്കിൽ ദുരന്തത്തിൽ നിന്ന് രക്ഷപ്പെട്ടവരെ ആരാണ് രക്ഷപ്പെടുത്തിയത് എന്നോ, എന്തുകൊണ്ട് അവിടെ അല്ലാതെ മറ്റ് എവിടെയും ദുരന്തം ഉണ്ടായില്ല എന്നോ ചോദിക്കുമ്പോൾ അവർ താത്വികമായി പിറുപിറുത്ത് പിൻമാറേണ്ടി വരികയാണ്. ഇവർക്ക് ഇനിയും ദൈവം എന്ന ആശയം മനസ്സിലായില്ല എന്നതാണ് ഏറെ സങ്കടപ്പെടുത്തുന്നത്. പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി കർത്താവ് അല്ലാഹുവാണ്. അവനാണ് എല്ലാം പടച്ചതും എല്ലാം നിയന്ത്രിക്കുന്നതും. അവന്റെ അറിവോടുകൂടിയാണ് എല്ലാം ഉണ്ടാകുന്നതും. പക്ഷേ അവൻ ഈ പ്രപഞ്ചത്തിലെ ഭൂമി എന്ന ഗ്രഹത്തിലെ മനുഷ്യൻ എന്ന ജീവിയുടെ കാര്യത്തിൽ ഒരു പ്രത്യേക നയമാണ് പിന്തുടരുന്നത്. അത് അവനെ അവന്റെ സ്വാതന്ത്ര്യത്തിന് വിട്ടിരിക്കുന്നു എന്നതാണ്. അങ്ങനെ വിടുമ്പോഴും അവനോട് നല്ലതും അല്ലാത്തതും അവൻ പറഞ്ഞു കൊടുക്കുന്നുണ്ട്. അത് അവന്റെ ഒരു കാരുണ്യമാണ്. എന്നിട്ട് പ്രപഞ്ചത്തിന്റെ സകല കാര്യങ്ങളെയും വിവിധ കാര്യകാരണങ്ങളുമായി അവൻ കൂട്ടിക്കെട്ടിയിരിക്കുകയാണ്. ഒന്നുണ്ടായാൽ മറ്റൊന്നുണ്ടാകും, അതുണ്ടായില്ലെങ്കിൽ ഇതുമുണ്ടാവില്ല എന്ന ക്രമത്തിൽ. അങ്ങനെ ക്രമീകരിച്ച് സ്രഷ്ടാവ് മാറിയിരിക്കുകയാണ് എന്ന് ഇതിന് അർത്ഥമില്ല. മറിച്ച് അങ്ങനെയൊക്കെയാണെങ്കിൽ തന്നെയും അതോടൊപ്പം അവന്റെ പരമാധികാരം, വിവേചനാധികാരം തുടങ്ങിയ അധികാര പരിധികൾ നിലനിൽക്കുന്നുമുണ്ട്. അവയുടെ മുമ്പിൽ അടിമകൾ വിശ്വാസപൂർവം വിനീതരായി നിൽക്കേണ്ടിവരും. അതാണ് വിശ്വാസവും കർമവുമെല്ലാം. ചുരുക്കത്തിൽ ഉരുൾപൊട്ടാതിരിക്കാൻ വേണ്ട കാര്യകാരണങ്ങൾ അല്ലാഹു പ്രകൃത്യാ ചെയ്തുവെച്ചിട്ടുണ്ട്. അതുകൊണ്ട് പക്ഷേ പൊട്ടണമെന്നോ പൊട്ടില്ല എന്നോ പറയാനാവില്ല. കാരണം അതിനെല്ലാം ഉപരിയായി അല്ലാഹുവിന്റെ പരമാധികാരം, വിവേചനാധികാരം എന്നിവ നിലനിൽക്കുന്നുണ്ട്. അതിനനുസരിച്ചാണ് എല്ലാം ഉണ്ടാകുന്നതും ഉണ്ടാവാതിരിക്കുന്നതും എന്ന് വിശ്വസിക്കാൻ കഴിഞ്ഞാൽ ഈ തലവേദന മാറും.




# വയനാടും മുല്ലപ്പെരിയാറും

കെ.എം അൽത്താഫ്, ആലുവ

വയനാടിന്റെ തീരാനഷ്ടങ്ങളിൽ കേരളം ഒന്നായി കേഴുന്നു. പുരക്ക് തീപിടിക്കുമ്പോൾ വാഴവെട്ടുന്നവർ രംഗത്ത് ഉള്ളത് സ്വാഭാവികം. മോഷണം, അനധികൃത പണപ്പിരിവ് തുടങ്ങിയവയെല്ലാം എല്ലാക്കാലത്തും ഉണ്ടെന്നു പറഞ്ഞു കൈകഴുകാനും പറ്റില്ല. അത് തിരിച്ചറിയാൻ കഴിയണം. മുല്ലപ്പെരിയാറിനെ കുറിച്ചും അൽപ്പം ചരിത്രവും ചില പ്രതീക്ഷകളും. എന്നെപ്പോലെ അടുത്തൂൺ പറ്റി പിരിഞ്ഞവർ പോലും സംസ്ഥാന സർക്കാരിന്റെ ദുരിതാശ്വാസ ഫണ്ടിലേക്ക് ഒന്നോ രണ്ടോ തവണയായി സംഭാവനകൾ നൽകി പങ്കുചേരുന്നു. അതിനു പുറമേ അവരവരുടെ വരുമാനത്തിന് അനുസരിച്ച് സർക്കാരേതര സംഘടനകൾ നടത്തുന്ന ഫണ്ട് സമാഹരണത്തിനോടൊപ്പവും ഉണ്ട്.

വയനാട്ടിൽ കണ്ട മൃതദേഹങ്ങൾ, ശരീരഭാഗങ്ങൾ ഏതു കഠിന ഹൃദയരുടേയും കരൾ അലിയിപ്പിച്ചു. ആ നിമിഷങ്ങളിൽ അവർ സമ്പന്നർ, അന്യവിശ്വാസക്കാർ, ഏതു പാർട്ടിക്കാർ എന്നൊന്നും ആരും നോക്കിയില്ല. അവർ ഓരോരുത്തരും ഒരുമിച്ചു മരണത്തിനു കീഴടങ്ങിയപ്പോൾ അക്കാര്യങ്ങൾ മറന്നു. കഴിഞ്ഞ കാലം എല്ലാവർക്കും പാഠങ്ങൾ പകർന്നു നൽകി. അതുകൊണ്ട്തന്നെ പൗരന്മാരോടും അവരാൽ തിരഞ്ഞെടുത്ത ഭരണകർത്താക്കളോടുമുള്ള അഭ്യർത്ഥനയാണിത്.

നേരിട്ട് നൽകാൻ നിശ്ചയിച്ച ഭൂമിയും നിർമിച്ചു നൽകാൻ പ്രഖ്യാപിച്ച ഭവനങ്ങളും വയനാട്ടിലേക്ക് ആണെങ്കിൽ അത് സർക്കാരിനെ അറിയിച്ചുകൊണ്ട് സുതാര്യമായി ചെയ്യുക. അവരിൽ സമ്പന്നരും ഉണ്ടാകും. അവരിലെ വിശ്വാസിയും അവിശ്വാസിയും അറിഞ്ഞുകഴിഞ്ഞു. സമ്പത്ത് എല്ലാം ദൈവത്തിന്റേതാണെന്ന വിശ്വാസം ഇല്ലാത്തവർക്ക് അത് പ്രകൃതിയുടെതാണെന്ന തിരിച്ചറിവ് എങ്കിലും ഉണ്ടാക്കി. അങ്ങനെ രൂപപ്പെട്ട അവരുടെ ആഗ്രഹം അനുസരിച്ചും ഭവനങ്ങൾ നൽകണം. അപകട മേഖല ഒഴിവാക്കി ഗുണഭോക്താവിന് മുന്നറിയിപ്പുകൾക്ക് ഉതകുന്ന പൊതുസൗകര്യങ്ങൾ, സേവനങ്ങൾ, യാത്രാ സംവിധാനങ്ങൾ, പ്രത്യേകിച്ച് ആശുപത്രികൾ, സ്കൂളുകൾ, കളിസ്ഥലങ്ങൾ തുടങ്ങിയ അതിജീവനത്തിനായുള്ള സൗകര്യങ്ങളുടെ ലഭ്യത ഉറപ്പാക്കിയ ഇടങ്ങൾ കൂട്ടായി തിരഞ്ഞെടുക്കണം. അതിന് യുക്തമായ പ്രദേശങ്ങൾ കണ്ടെത്താൻ സർക്കാർ സംവിധാനങ്ങളുമായി സഹകരിച്ചു വേണം മുന്നോട്ട് പോകാൻ.

ഇതുവരെ സന്മനസ്സുകളുടെ വാഗ്ദാനങ്ങളിൽ പ്രഖ്യാപിച്ച വീടുകളുടെ എണ്ണം കൂട്ടിയാൽ, അത് പ്രാവർത്തികമായാൽ നഷ്ടപ്പെട്ട പാർപ്പിടങ്ങളുടെ എണ്ണത്തിനേക്കാൾ മുന്നിൽ ആയി. അതിലേക്കായുള്ള ഫണ്ട് മുഴുവൻ അവർ പിരിച്ചാൽ, പിരിച്ച് വിനിയോഗിക്കുന്ന മുറക്ക് സർക്കാർ പിന്തുണക്കണം. ബാക്കി പൊതു സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കണം. തീർച്ചയായും രാഷ്ട്രീയം മാറ്റിവെച്ച് സർക്കാർ ഉറപ്പാക്കുന്ന പുനരധിവാസം ഉൾപ്പടെയുള്ള സേവനങ്ങൾക്കൊപ്പം പണത്തിന്റെ വിനിയോഗത്തിൽ രണ്ടു കൂട്ടരും സുതാര്യമായി സൂക്ഷ്മത പുലർത്തണം.

ഇതിനിടയിൽ പരിഹാരം തേടുന്ന മുല്ലപ്പെരിയാർ വിഷയം കൂടി കത്തിച്ച് കുറേ ജനങ്ങളെ പേടിപ്പിക്കുന്ന യു ട്യൂബർമാരെ കാണാതെ പോകരുത്. 125 വർഷം കഴിഞ്ഞ കാലഹരണപ്പെട്ട ഒരു ഡാം 1980കളിൽ, CABLE ANCHOR-ING AND GROUTING, RCC capping ഒക്കെ ചെയ്ത ശേഷവും ഭീഷണി ഉയർത്തുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടത് തന്നെയാണ്. അന്ന് ആ ജോലി ആദ്യം ചെയ്യുന്നതിന് കൂടെ ഉണ്ടാകുകയും പിന്നീട് കേരള സർക്കാർ പി.ഡബ്ല്യൂ.ഡിയിൽ ജോലിയിൽ പ്രവേശിച്ചപ്പോൾ അതിന്റെ മേൽനോട്ടത്തിനു നിയോഗിച്ച ആ പ്രദേശത്ത്കാരനായ ജോസഫ് എബ്രഹാം എന്ന എഞ്ചിനീയർ അതുമായി ബന്ധപ്പെട്ട് പറയുന്ന കാര്യങ്ങൾ യൂട്യൂബിലുണ്ട് ( https://youtu.be/AllsCVFoXPs?si=W9g10IoDFExoz9tC).

10 വർഷം നീണ്ട ബലപ്പെടുത്തൽ പണികളിൽ ആദ്യത്തെ പാദം കഴിഞ്ഞപ്പോൾ തന്നെ ചോർച്ച മാറ്റിയെന്നതിനു അദ്ദേഹം സാക്ഷിയാണെങ്കിലും വീണ്ടും നാലു പതിറ്റാണ്ട് കഴിയുമ്പോൾ പഴയ ഡാമിന്റെ സുരക്ഷ ഒരിക്കലും ഉറപ്പിക്കാൻ കഴിയില്ലെന്ന് പറയുന്നു. മുന്നറിയിപ്പ് ഒരു പക്ഷേ നേരത്തെ കിട്ടിയാൽ പോലും തടുത്ത് നിർത്താൻ കഴിയാത്ത നാശനഷ്ടങ്ങളിലേക്ക് പോയ അനുഭവം നാം കണ്ടു. വയനാട്ടിൽ ഒരു പ്രദേശം എങ്ങനെ ഇല്ലാതായിയെന്നു നേരിട്ട് കണ്ട നമുക്ക് കൂടുതൽ ഭീതി ഉണ്ടാകുന്നത് സ്വാഭാവികം.

ഇല്ലാത്ത ചില ചരിത്രങ്ങൾ സൃഷ്ടിച്ച് വൈകാരികമായി ഭീതിപരത്താതെ നമ്മുടെ അയൽ സംസ്ഥാനവുമായി സൗഹൃദത്തിൽ നിയമ തടസ്സങ്ങൾ മാറ്റി പുതിയ ഡാം എന്ന സ്വപ്നം 5 വർഷത്തിനകം യാഥാർത്ഥ്യമാക്കണം. അതിനുള്ള സാങ്കേതികജ്ഞാനവും മാനവ വിഭവശേഷിയും ഉണ്ടെന്നു നാം തെളിയിക്കുമ്പോൾ പിന്നെ വേണ്ടത് കേന്ദ്ര സർക്കാരിന്റെ ഇടപെടൽ തന്നെയാണ്. അതിലും പ്രതീക്ഷ വെക്കാൻ ഉതകുന്ന ചില നീക്കങ്ങൾ കോടതിയിൽ നടക്കുന്നുണ്ട്.

കഴിഞ്ഞ ദിവസത്തെ വിചാരണക്ക് ഒടുവിൽ സുപ്രീം കോടതി തീരുമാന പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ നിർമാണത്തിനായി തിരുവിതാംകൂർ നാട്ടുരാജ്യവും ബ്രിട്ടീഷ് ഭരണകൂടവും തമ്മിലുള്ള 1886 ലെ പാട്ടക്കരാറിന്റെ നിയമ സാധുത പുനഃപരിശോധിക്കാൻ വഴിതെളിഞ്ഞു. 2014ലെ ഒറിജിനൽ ഹർജിയിൽ കേരളം ഉന്നയിച്ച പ്രശ്നങ്ങൾ പരിഗണിച്ച് കേസ് പുനഃപരിശോധിക്കാൻ കോടതി സമ്മതിച്ചതും പുതിയ ഡാം എന്ന ആശയത്തിന് സാധ്യതകൾ ഏറുന്നുണ്ട്. ജൂലൈ 27ലെ സുപ്രിംകോടതി ഉത്തരവിൽ എട്ടാഴ്ചക്കകം രേഖകൾ ഹാജരാക്കാൻ തമിഴ്നാടിനോടും കേരളത്തോടും നിർദേശിച്ചിട്ടുണ്ട്.

1886 ലെ പാട്ടക്കരാർ ബ്രിട്ടീഷ് ഭരണകൂടവുമായി ഉണ്ടാക്കി ഒപ്പിട്ടത് ശ്രീമൂലം തിരുനാൾ രാമവർമ്മയുടെ കാലത്തായിരുന്നു. എന്നാൽ ചില യൂട്യൂബർമാർ 1885 ആഗസ്റ്റ് മാസം 5ന് മരണപ്പെട്ട വിശാഖം തിരുനാൾ രാമവർമ്മയാണ് അത് ഒപ്പിട്ടതെന്ന് തെറ്റായി പ്രചരിപ്പിക്കുന്നുണ്ട്.

ഈ കരാർ രേഖയുടെ പകർപ്പ് ഇന്ന് പൊതുസഞ്ചയത്തിൽ ലഭ്യമല്ല. പക്ഷേ ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ രേഖകൾ 1888 മുതൽ ലഭ്യമാണെങ്കിലും അതിൽ ഈ ഡാം പരാമർശങ്ങൾ ഒന്നും തന്നെ ഇല്ല. ആദ്യത്തിൽ ഒരു ജിയോളജിസ്റ്റ് കൂടിയായ മദ്രാസിൽ നിന്നുള്ള ഉന്നത ബിരുദധാരിയായ ടി. രാജരാമ റാവു ആയിരുന്നു അന്ന് ദിവാൻ. പിന്നീട് സേലം നിവാസിയായ ജഡ്ജ് ആയിരുന്ന കെ കൃഷ്ണസ്വാമി റാവു എന്നാണ് രേഖകളിൽ കാണുന്നത്. ഏക ഔദ്യോഗിക അംഗം വാട്ട്സ് എഫ്. കൂടാതെ പി. താണുപിള്ള, പി.എസ് ശിവൻപിള്ള എന്നീ നോമിനേറ്റു ചെയ്ത രണ്ടു ജനപ്രതിനിധികൾ മാത്രം അടങ്ങിയതായിരുന്നു ആദ്യത്തെ (1988–91) കൗൺസിൽ. മറ്റു ചില രേഖകളുടെ കയ്യെഴുത്ത് പ്രതികൾ മാത്രമേ അസംബ്ലി ആർക്കൈവ്സിൽ കാണുന്നുള്ളൂ. ആദ്യമായി പ്രിന്റ് ചെയ്ത് വന്ന ഈ വിഷയം ഒഴിച്ചുള്ള നടപടി ക്രമങ്ങൾ രണ്ടാം നിയമസഭ 16.1.1893ൽ കൂടിയതിന്റേത് ആയിരുന്നു. അക്കാലത്ത് കേരള വർമ്മ വലിയ കോവിൽ തമ്പുരാൻ അംഗമായിരുന്നതായും കാണാം. ഇതുൾപ്പടെയുള്ള രേഖകളിൽ ഒന്നും ആ ഉടമ്പടി വിഷയമായി കാണുന്നില്ല. ഇനി ഇരുകൂട്ടരും കോടതിയിൽ നൽകുന്ന രേഖകൾ ഭാവിയിൽ ലഭ്യമാകുമെന്ന് വിശ്വസിക്കാം.

RNI Reg No. KERMAL/2009/30266. Vol No.16. Issue No. 118 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikkode at Chandrika Press, Bypass road, Malappuram - 676 509.
Editor-Kamal Varadoor ( responsible for selection of news under PRB Act). Phone: 0483-2735901, 2735902, 2733283, Email-chandrikanews@gmail.com, chandrikaadmlp@gmail.com



## മോദിയുടേത് മുതലക്കണ്ണീർ

ന്യൂഡൽഹി: ഉറപ്പായിരുന്ന ഒരു ഒളിമ്പിക് മെഡലാണ് വിനേഷ് ഫോഗട്ട് അയോഗ്യയാക്കപ്പെട്ടതോടെ രാജ്യത്തിന് നഷ്ടമായതെന്ന് കോൺഗ്രസ് എം.പി രൺദീപ് സിങ് സുർജെവാല. മോദി സർക്കാർ ഗുസ്തി താരങ്ങളെ ക്രൂരമായാണ് നേരിട്ടത്. 2023ൽ 140 ദിവസം ജന്തർ മന്ദറിൽ പ്രതിഷേധിച്ചത് ഇതേ വിനേഷ് ഫോഗട്ട് ആണെന്ന കാര്യം മറക്കരുത്. മോദി സർക്കാർ നീതി നൽകാതിരുന്ന അതേ വിനേഷ് ഫോഗട്ട്. അവർ നിശ്ചയദാർഢ്യമുള്ളവളായിരുന്നു. പാർലമെന്റിന്റെ ഉദ്ഘാടനം നടക്കുമ്പോൾ ഡൽഹി പൊലീസ് വലിച്ചിഴച്ചത് ഇതേ വിനേഷ് ഫോഗട്ടാണെന്ന് മറക്കരുത്. ഇപ്പോൾ പ്രധാനമന്ത്രി ഒഴുക്കുന്നത് മുതലക്കണ്ണീരാണ്.



## മെഡൽ നഷ്ടം ഗൂഢാലോചന

റായ്പൂർ: വിനേഷ് ഫോഗട്ടിനെതിരെ ഗൂഢാലോചന നടന്നതിനാലാണ് മെഡൽ നഷ്ടമായതെന്ന് ഛത്തീസ്ഗഢ് മുൻ മുഖ്യമന്ത്രി ഭൂപേഷ് ബാഗേൽ. അവർ സെമിയിൽ വിജയിച്ചപ്പോൾ പ്രധാനമന്ത്രി അഭിനന്ദിച്ചില്ല, എന്നാൽ അയോഗ്യയായപ്പോൾ അദ്ദേഹം അതിനെ കുറിച്ച് പ്രതികരിച്ചു. വിനേഷ് ഫോഗട്ട് കഠിനാധ്വാനിയായ ഒരു സ്ത്രീയാണ് കളിക്കളത്തിലും പുറത്തും, അവൾ ഇതും മറികടക്കും. അവൾ ജന്തർ മന്തറിൽ സമരം നടത്തിയെന്ന് രാജ്യത്തിന് മുഴുവൻ അറിയാം. അവൾക്ക് നീതി ലഭിച്ചില്ല, ഇപ്പോൾ വിജയിച്ചാൽ അവർക്ക് അവളെ ബഹുമാനിക്കേണ്ടിവരുമായിരുന്നു. അതിഷ്ടപ്പെട്ടു കാണില്ല. വളരെ സങ്കടകരമായ വാർത്തയാണിത്.

# ഇന്ത്യ വാർത്തകൾ

### ചുരുക്കത്തിൽ

## നീറ്റ് പിജി പരീക്ഷ മാറ്റണം: ഹർജി ഇന്ന് പരിഗണിക്കും

ന്യൂഡൽഹി: നീറ്റ് പിജി പരീക്ഷ മാറ്റിവെക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി ഇന്ന് സുപ്രീംകോടതി പരിഗണിക്കും. പരീക്ഷാ കേന്ദ്രങ്ങളിലെത്തുന്ന ബുദ്ധിമുട്ടും മാർക്ക് സംബന്ധിച്ച ആശങ്കകളും കാരണം പരീക്ഷ നീട്ടിവെക്കണമെന്നാണ് കോടതിയോട് ഹർജിക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. മുതിർന്ന അഭിഭാഷകൻ അനസ് തൻവീറാണ് ഹർജിക്കാർക്കുവേണ്ടി കോടതിയിൽ ഹാജരായത്. കേസ് എത്രയും വേഗം പട്ടികപ്പെടുത്തണമെന്ന് അനസ് തൻവീർ ആവശ്യപ്പെട്ടു. കേസ് ഇന്ന് പരിഗണിക്കുമെന്ന് ചന്ദ്രചൂഡ് ഉറപ്പു നൽകി. നീറ്റ് പിജി പരീക്ഷ ഞായറാഴ്ചയാണ് നടത്താൻ നിശ്ചയിച്ചിരിക്കുന്നത്. രണ്ടു ലക്ഷം വിദ്യാർത്ഥികൾ പരീക്ഷക്ക് അപേക്ഷിച്ചിട്ടുണ്ട്. 185 നഗരങ്ങളിലായി നടക്കുന്ന പരീക്ഷക്ക് പല വിദ്യാർത്ഥികൾക്കും അകലെയുള്ള സെന്ററുകളാണ് പരീക്ഷാ കേന്ദ്രമായി ലഭിച്ചിരിക്കുന്നത്. ട്രെയിൻ ടിക്കറ്റ് ലഭിക്കാത്തതിനാൽ കൃത്യസമയത്ത് എത്താൻ സാധിക്കില്ലെന്നതാണ് പ്രധാന പ്രശ്നമായി ഹർജിക്കാർ ചൂണ്ടിക്കാട്ടുന്നത്.

## ഹിജാബ് നിരോധനം: ഹർജി സുപ്രീം കോടതിയിൽ

ന്യൂഡൽഹി: മുംബൈ കോളജ് കാമ്പസിൽ ഹിജാബും ബുർഖയും നിരോധിച്ച ബോംബെ ഹൈക്കോടതി ഉത്തരവിനെതിരെ വിദ്യാർത്ഥികൾ സമർപ്പിച്ച ഹർജി സുപ്രീംകോടതി ഇന്ന് പരിഗണിക്കും. ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ.ബി പാർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബഞ്ചാണ് കേസ് പരിഗണിക്കുന്നത്. പരീക്ഷ നടക്കാനിരിക്കുന്നതിനാൽ കേസ് അടിയന്തരമായി പരിഗണിക്കണമെന്ന് ഹർജികാർക്കായി ഹാജരായ അഭിഭാഷക അബിഹ സെയ്ദി പറഞ്ഞു. കോളജിലെ ഒമ്പതു വിദ്യാർത്ഥിനികളാണ് ഹിജാബ് നിരോധനത്തിനെതിരെ ബോംബെ ഹൈക്കോടതിയെ സമീപിച്ചത്. എന്നാൽ കോളജ് അധികൃതരുടെ നടപടിയിൽ ഇടപെടാൻ ഹൈക്കോടതി വിസ്സമ്മതിച്ചിരുന്നു. ഇതിനു പിന്നാലെയാണ് വിദ്യാർത്ഥികൾ സുപ്രീംകോടതിയെ സമീപിച്ചത്. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ അച്ചടക്കം നിലനിർത്താനാണ് ഡ്രസ് കോഡ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും അത് കൃത്യമായി പാലിക്കേണ്ടതുണ്ടെന്നും കോളജ് അധികാരികൾ വ്യക്തമാക്കി.

## കൊലക്കേസിൽ വധശിക്ഷക്ക് വിധിക്കപ്പെട്ട രണ്ട് യുവാക്കളെ വെറുതെവിട്ടു

ഡെറാഡൂൺ: കൊലക്കേസിൽ വധശിക്ഷക്കു വിധിക്കപ്പെട്ട രണ്ടു പേരെ ഉത്തരാഖണ്ഡ് ഹൈക്കോടതി വെറുതെവിട്ടു. തെളിവുകളുടെ അഭാവം ചൂണ്ടിക്കാട്ടിയാണ് സത്യേഷ് കുമാർ എന്ന സോനു, മുകേഷ് താപ്ലിയാൽ എന്നിവരെ വെറുതെ വിട്ടത്. ഹൈക്കോടതി ചീഫ് ജസ്റ്റിസ് റിതു ബഹരിയും ജസ്റ്റിസ് അലോക് കുമാർ വർമയുമാണ് കേസ് പരിഗണിച്ചത്. സാക്ഷിമൊഴിയിൽ ഗുരുതരമായ പ്രശ്നങ്ങളുണ്ടെന്നും കോടതി വ്യക്തമാക്കി. 2017 ജൂണിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. രുദ്രപ്രയാഗ് ജില്ലയിലെ ലിസ്വലാത പാട്ടി കോട്ട് ബന്ധാർ ഗ്രാമത്തിലെ വീട്ടിൽ അതിക്രമിച്ച് കയറി ഇരുവരും മോഷണം നടത്തുന്നതിനിടെയാണ് സംഭവം. മോഷണം തടയാൻ ശ്രമിച്ച സരോജിനി ദേവിയെന്ന മധ്യവയസ്കയെ ഇരുവരും ചേർന്ന് കൊലപ്പെടുത്തിയ ശേഷം മൃതദേഹം വീടിനു പുറകിൽ കുഴിച്ചിടുകയായിരുന്നു. കേസിൽ കൃത്യമായ ദൃക്സാക്ഷികളില്ലെങ്കിലും സരോജിനി ദേവിയുടെ ആഭരണങ്ങളും പണവും ഇവരിൽ നിന്ന് പിടിച്ചെടുത്തതാണ് ഇവരെ പ്രതി പട്ടികയിൽ ഉൾപ്പെടുത്താൻ കാരണം.

## ബുദ്ധദേവ് ഭട്ടാചാര്യ അന്തരിച്ചു



കൊൽക്കത്ത: മുതിർന്ന സി.പി.എം നേതാവും പശ്ചിമ ബംഗാൾ മുൻ മുഖ്യമന്ത്രിയുമായിരുന്ന ബുദ്ധദേവ് ഭട്ടാചാര്യ (80) അന്തരിച്ചു. തെക്കൻ കൊൽക്കത്തയിലെ ബാലിഗഞ്ച് ഏരിയയിലുള്ള സർക്കാർ അപ്പാർട്ട്മെന്റിൽ ഇന്നലെ രാവിലെ 8.20നായിരുന്നു അന്ത്യം. വാർധക്യസഹജമായ അസുഖത്തെ തുടർന്ന് ദീർഘകാലമായി ചികിത്സയിലായിരുന്നു.

2000 മുതൽ 2011 വരെ 11 വർഷം ബംഗാൾ മുഖ്യമന്ത്രിയായിരുന്നു ബുദ്ധദേവ്. അനാരോഗ്യം മൂലം 2018ൽ പാർട്ടിച്ചുമതലകൾ രാജി വെച്ചിരുന്നു. 1944 മാർച്ച് ഒന്നിന് വടക്കൻ കൊൽക്കത്തയിലായിരുന്നു ജനനം. 1966ൽ സി.പി.എമ്മിൽ അംഗമായി. 1968ൽ ബംഗാൾ ഡെമോക്രാറ്റിക്ക് യൂത്ത് ഫെഡറേഷന്റെ സംസ്ഥാന സെക്രട്ടറിയായി. 1971ൽ സി.പി.എം സംസ്ഥാന കമ്മറ്റി അംഗവും 1982ൽ സെക്രട്ടറിയേറ്റ് അംഗവുമായി. 1984 മുതൽ പാർട്ടി കേന്ദ്രകമ്മറ്റിയിലെ സ്ഥിരം ക്ഷണിതാവാണ്. 1985ൽ കേന്ദ്രകമ്മറ്റി അംഗമായി. 2000 മുതൽ പൊളിറ്റ് ബ്യൂറോ അംഗത്വം. 1977ൽ കോസിപുരിൽനിന്ന് ആദ്യമായി നിയമസഭാംഗമായി. 1987ൽ പരാജയപ്പെട്ടെങ്കിലും അതേവർഷം തന്നെ ഉപതിരഞ്ഞെടുപ്പിൽ വിജയിച്ച് മന്ത്രിയായി.

1987–96 കാലത്തു വാർത്താവിനിമയ, സാംസ്കാരിക വകുപ്പും 1996–99 കാലത്ത് ആഭ്യന്തരവും കൈകാര്യം ചെയ്തു. 2000 ജൂലൈയിൽ ഉപമുഖ്യമന്ത്രിയായി. അതേ വർഷം നവംബറിൽ ആരോഗ്യകാരണങ്ങളാൽ ജ്യോതിബസു സ്ഥാനമൊഴിഞ്ഞതിനെത്തുടർന്ന് മുഖ്യമന്ത്രിയായി. 2006–11 കാലത്ത് വ്യവസായങ്ങൾക്കായുള്ള കൃഷിഭൂമി ഏറ്റെടുക്കലാണു ബുദ്ധദേവ് സർക്കാരിനെതിരെ ജനരോഷം അഴിച്ചുവിട്ടത്. സിംഗൂർ, നന്ദിഗ്രാം, മിഡ്നാപൂർ വിഷയങ്ങൾ ഉയർത്തിയ കൊടുങ്കാറ്റിൽ ബുദ്ധദേവിനും ഇടതുമുന്നണിക്കും കാലിടറി.

2015ൽ വിശാഖപട്ടണം പാർട്ടി കോൺഗ്രസിൽ പിബിയിൽ നിന്ന് ഒഴിവായി. രണ്ടു പതിറ്റാണ്ടിലേറെക്കാലം മന്ത്രിയായിരുന്നുവെങ്കിലും ലളിത ജീവിതമായിരുന്നു ബുദ്ധദേവ് നയിച്ചത്. ബംഗാളിഭാഷയിൽ അഗാധപാണ്ഡിത്യം നേടിയിരുന്ന അദ്ദേഹം ശ്രദ്ധേയമായ സാഹിത്യപഠനങ്ങളും വിവർത്തനങ്ങളും നടത്തി. ഭാര്യ: മീര. മകൾ: സുചേതന.

## ബംഗാളിന്റെ മണ്ണ് കുത്തകകൾക്ക് തീറെഴുതിയ കമ്മ്യൂണിസ്റ്റ്

### കറുത്തപാടായി സിംഗൂരും നന്ദിഗ്രാമും

കൊൽക്കത്ത: വ്യവസായവൽക്കരണത്തിനായി മൂലധനത്തെ ആകർഷിക്കാൻ പ്രത്യയശാസ്ത്രപരമായ ബോധ്യങ്ങൾ മാറ്റിവെച്ച പ്രായോഗിക കമ്മ്യൂണിസ്റ്റായിരുന്നു ബുദ്ധദേവ് ഭട്ടാചാര്യ. അഴിമതിക്കറ പുരളാത്ത വ്യക്തിയെന്ന വിശേഷണവുമായി ജ്യോതിബസുവിന്റെ പിൻഗാമിയായാണ് അദ്ദേഹം ബംഗാളിന്റെ മുഖ്യമന്ത്രി പദത്തിലെത്തിയത്.

മികച്ച സംഘാടകൻ, ഭരണാധികാരി, എഴുത്തുകാരൻ തുടങ്ങിയ പ്രതിച്ഛായയുമായി രണ്ടുതവണ സി.പി.എമ്മിനെ ബുദ്ധദേവ് തിരഞ്ഞെടുപ്പ് വിജയത്തിലേക്ക് നയിച്ചു. എന്നാൽ, സി.പി.എമ്മിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പരാജയത്തിന്റെ ഉത്തരവാദിത്തവും പേറി അധികാരത്തിൽനിന്നു പടിയിറങ്ങേണ്ട ദുര്യോഗമാണ് അദ്ദേഹത്തെ കാത്തിരുന്നത്.

പോളിറ്റ്ബ്യൂറോ അംഗമായിരുന്നിട്ടുകൂടി ഇടതുപക്ഷ പാർട്ടികളുടെ ഉപകരണമായ പണിമുടക്ക് രാഷ്ട്രീയത്തെ എതിർത്തു എന്നതാണ് ബുദ്ധദേവിനെ വ്യത്യസ്തനാക്കിയത്. പാർട്ടി ട്രേഡ് യൂനിയൻ വിഭാഗമായ സി.ഐ.ടി.യുവിനെ പരസ്യമായി വിമർശിക്കാനും അദ്ദേഹം മടികാട്ടിയില്ല. പണിമുടക്കിനും ബന്ദിനും അദ്ദേഹം എതിരായിരുന്നു. എന്നാൽ മൂന്നാമൂഴത്തിൽ ബുദ്ധദേവിനെ കാത്തിരുന്നത് കടുത്ത പ്രതിസന്ധികളായിരുന്നു. വൻകിട കുത്തകകൾക്ക് കീഴടങ്ങിയ വ്യവസായ നയങ്ങളാണ് ഏറെ തിരിച്ചടിയായത്. സിംഗൂരിൽ ടാറ്റാ മോട്ടോഴ്സിന് ആയിരത്തോളം ഏക്കർ നെൽക്കൃഷി ഭൂമി നൽകാനുള്ള നീക്കം വൻ വിവാദമായി. 2007ൽ വ്യവസായികൾക്കു വേണ്ടി കൃഷിഭൂമി ഏറ്റെടുക്കുന്നതിനെതിരെ നന്ദിഗ്രാമിൽ വൻ പ്രക്ഷോഭം നടന്നു. അന്നു പ്രതിഷേധ പ്രകടനത്തിനു നേരെ നടന്ന പൊലീസ് വെടിവപ്പിൽ 14 പേർ കൊല്ലപ്പെട്ടു. ഇതോടെ ഇടതു ഭരണത്തിനെതിരെ ജനവികാരം ശക്തമായി. രാഷ്ട്രീയ കാലാവസ്ഥ തൃണമൂൽ കോൺഗ്രസിന് അനുകൂലമായി വീശി.

2004ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ 42 സീറ്റിൽ ഒന്നുമാത്രം നേടിയിരുന്ന തൃണമൂൽ 2009ൽ 19 സീറ്റുകളാണ് പിടിച്ചത്. 2011ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പരാജയത്തിനൊപ്പം ബുദ്ധദേവും ഒമ്പത് മന്ത്രിമാരും തോറ്റു. 34 വർഷത്തെ ഇടതുപക്ഷ ഭരണം അവസാനിക്കാൻ സിംഗൂർ, നന്ദിഗ്രാം സംഭവങ്ങൾ കാരണമായെന്നാണ് വിലയിരുത്തൽ.

രാഷ്ട്രീയക്കാരനെന്നതിനൊപ്പം ബുദ്ധിജീവിയും സാഹിത്യകാരനുമായിരുന്നു ബുദ്ധദേവ്. ബംഗാളി ഭാഷയിൽ ശ്രദ്ധേയമായ സാഹിത്യപഠനങ്ങൾ നടത്തി. ടി.എസ്.എലിയറ്റ്, പാബ്ലോ നെരൂദ, ഗബ്രിയേൽ ഗാർസിയ മാർക്വേസ്, വ്ലാഡിമിർ മയക്കോവ്സ്കി തുടങ്ങിയവരുടെ കൃതികൾ വിവർത്തനം ചെയ്തു. 'ചെനെ ഫുലർ ബന്ദോ' എന്ന കവിതാസമാഹാരവും 'ദുഷ്മായ്' എന്ന നാടകവും രചിച്ചിട്ടുണ്ട്. രവീന്ദ്ര സംഗീതത്തിന്റെ ആസ്വാദകനായിരുന്ന അദ്ദേഹം മന്ത്രിയായിരിക്കുമ്പോഴും ചെറിയ ഫ്ളാറ്റിലാണ് കഴിഞ്ഞിരുന്നത്. 2022ൽ രാജ്യം പദ്മഭൂഷൻ നൽകിയെങ്കിലും ബുദ്ധദേവ് നിരസിച്ചു.

## കൊമ്പുകോർത്ത് അഖിലേഷും അമിത് ഷായും

ന്യൂഡൽഹി: വഖഫ് നിയമ ഭേദഗതി ബില്ലിന്മേലുള്ള ചർച്ചക്കിടെ പാർലമെന്റിൽ കൊമ്പുകോർത്ത് സമാജ്വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവും ആഭ്യന്തര മന്ത്രി അമിത് ഷായും. ഭരണഘടനാ സ്ഥാപനങ്ങളുടെ അധികാരങ്ങൾ ഒന്നൊന്നായി കവർന്നെടുക്കുന്ന ബി.ജെ.പി ഇപ്പോൾ സ്പീക്കറുടെ അധികാരവും കവർന്നെടുത്തെന്ന അഖിലേഷിന്റെ പരാമർശമാണ് ഷായെ ചൊടിപ്പിച്ചത്.

നിങ്ങളുടേയും(സ്പീക്കറുടെ) ഞങ്ങളുടെയും(പ്രതിപക്ഷത്തിന്റെ) അധികാരം കേന്ദ്രം വെട്ടിക്കുറയ്ക്കുകയാണ്. എനിക്കു പറയാനുള്ളത് താങ്കൾ ജനാധിപത്യത്തിന്റെ ന്യായാധിപനാണ് എന്നാണ്. നിങ്ങളുടെ ചില അധികാരം കവർന്നതായി അറിയാൻ കഴിഞ്ഞു. അതിനെതിരെ നമുക്ക് ഒരുമിച്ചു പോരാടാം– അഖിലേഷ് പറഞ്ഞു. പരാമർശം സ്പീക്കറുടെ പദവിയെ അധിക്ഷേപിക്കുന്നതാണെന്ന വാദവുമായി അമിത് ഷാ എഴുന്നേറ്റു. സ്പീക്കറുടെ അധികാരം പ്രതിപക്ഷത്തിന്റെ കൈയിലല്ലെന്നും സഭയുടെ മൊത്തത്തിലുള്ള അധികാരമാണെന്നും ഷാ പറഞ്ഞു. ഇതോടെ ചെയറിനെതിരെ അംഗങ്ങളുടെ വ്യക്തിപരമായ പരാമർശം വേണ്ടെന്ന് സ്പീക്കർ റൂളിങ് നൽകി.

വ്യവസ്ഥാപിത സംവിധാനങ്ങളെ ദുർബലപ്പെടുത്താനുള്ള ഗൂഢ തന്ത്രമാണ് വഖഫ് നിയമ ഭേദഗതിക്കു പിന്നിലെന്ന് അഖിലഷ് കുറ്റപ്പെടുത്തി. എല്ലാ വിഭാഗം ജനങ്ങളുടേയും അവകാശം സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാനാണ് ജനാധിപത്യ സംവിധാനത്തിൽ ആളുകളെ തിരഞ്ഞെടുത്തയക്കുന്നത്. എല്ലാ മതങ്ങൾക്കും ഇത്തരം സംവിധാനമുണ്ട്.

ഒരു മതത്തിന്റെ സംവിധാനത്തിലും മറ്റു മതത്തിലുള്ളവർ ഇടപെടുന്ന സാഹചര്യം ഇതുവരെയില്ല. അപ്പോൾ പിന്നെ വഖഫ് ബോർഡിൽ മാത്രം മുസ്ലിം ഇതര പ്രാതിനിധ്യം വേണമെന്ന് നിലപാടെടുക്കുന്നതിന്റെ യുക്തി എന്താണ്– അഖിലേഷ് ചോദിച്ചു.

## വഖഫ് തകർക്കാനുള്ള നീക്കം: എൻ.കെ പ്രേമചന്ദ്രൻ

ന്യൂഡൽഹി: വഖഫ് സംവിധാനത്തെ തകർക്കാനുള്ള ഗൂഢ നീക്കമാണ് കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഭേദഗതിയെന്ന് ആർ.എസ്.പി അംഗം എൻ.കെ പ്രേമചന്ദ്രൻ. വഖഫ് ബോർഡുകളുടേയും വഖഫ് കൗൺസിലിന്റെയും അധികാരം കവർന്നെടുക്കാൻ ലക്ഷ്യമിടുന്ന ബിൽ വഖഫ് സംവിധാനത്തെ തന്നെ തകർക്കും. ഗുരുതര ഭരണഘടനാ പ്രശ്നങ്ങ ൾ ബില്ലിൽ അടങ്ങിയിട്ടുണ്ടെന്നും ജുഡീഷ്യൽ പരിശോധനയിലൂടെയല്ലാതെ ബില്ലുമായി മുന്നോട്ടു പോയാൽ കോടതി റദ്ദാക്കപ്പെടുന്ന സാഹചര്യമുണ്ടാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഒരു പ്രത്യേക മതവിഭാഗത്തെ ഉന്നം വെച്ചുള്ളതാണ് ബില്ലെന്ന് ഡി.എം.കെ അംഗം കനിമൊഴി ആരോപിച്ചു. ഭരണഘടനയുടെ അനുച്ഛേദം 30ന്റെ ലംഘനമാണ് ബില്ലെന്നും നിയമപരമായി നിലനിൽക്കില്ലെന്നും അവർ ചൂണ്ടിക്കാട്ടി. ബിൽ പിൻവലിക്കണമെന്ന് എൻ.സി.പി എം.പി സുപ്രിയ സുലേയും ആവശ്യപ്പെട്ടു.

### വഖഫ് ബോർഡിനെതിരായ ഗൂഢനീക്കം

# കേന്ദ്ര അജണ്ട പൊളിച്ചടുക്കി

ന്യൂഡൽഹി: വഖഫ് കൗൺസിലിന്റെയും വഖഫ് ബോർഡുകളുടെയും അധികാരങ്ങൾ കവർന്നെടുക്കുന്ന വിവാദ നിയമ ഭേദഗതി ബില്ലിനെതിരെ ഇന്നലെ പാർലമെന്റിൽ കണ്ടത് പ്രതിപക്ഷത്തിന്റെ ഒറ്റക്കെട്ടായ ചെറുത്തുനിൽപ്പ്. ബില്ലിനെ ഇഴകീറി പരിശോധിച്ച് പ്രതിപക്ഷം ഉയർത്തിയ എതിർപ്പുകളിൽ കൃത്യമായ വിശദീകരണം നൽകാൻ കഴിയാതിരുന്ന കേന്ദ്രം ഒടുവിൽ ബിൽ സംയുക്ത പാർലമെന്ററി സമിതിയുടെ പരിഗണനക്ക് വിടുകയായിരുന്നു.

കഴിഞ്ഞ രണ്ടു സർക്കാറുകളുടെ കാലത്തും ഏകപക്ഷീയമായി ബില്ലുകൾ അവതരിപ്പിച്ച് ചർച്ചക്കു പോലും അവസരം ഒരുക്കാതെ പാസാക്കിയെടുത്തിരുന്ന മോദി സർക്കാറിന്റെ ഏകപക്ഷീയ നീക്കങ്ങളിൽ നിന്ന് വ്യത്യസ്തമായിരുന്നു ഇന്നല കാര്യങ്ങൾ. ഭരണഘടനാ വിരുദ്ധവും വഖഫ് സംവിധാനത്തെ തന്നെ തകർക്കുന്നതും സംസ്ഥാനങ്ങളുടെ അധികാരം കവരുന്നതുമായ വിവാദ ബില്ലിനെ കോൺഗ്രസ് അടക്കം എല്ലാ കക്ഷികളും ഒരേ ഭാഷയിൽ എതിർക്കുന്നതാണ് സഭയിൽ കണ്ടത്. പ്രതിപക്ഷത്തിന്റെ സംഘടിതമായ കടന്നാക്രമണത്തിനു മുന്നിൽ കേന്ദ്രം വിയർക്കുകയും ചെയ്തു. കോൺഗ്രസിന് സാധിക്കാത്തത് നിറവേറ്റാനാണ് ബിൽ കൊണ്ടുവരുന്നതെന്നും ഏതെങ്കിലും മതത്തിന്റെ ഭരണ സംവിധാനങ്ങളിൽ ഇടപെടാനല്ലെന്നും ബിൽ അവതരിപ്പിച്ച കിരൺ റിജിജു വാദിച്ചെങ്കിലും ഈ വാദങ്ങളെയെല്ലാം പ്രതിപക്ഷം സഭയിൽ പൊളിച്ചടുക്കി.

ബില്ലിനു പിന്നിലെ വർഗീയ അജണ്ടയും ഈ വർഷം നടക്കാനിരിക്കുന്ന ഹരിയാനാ, മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പുകൾ മുന്നിൽ കണ്ടുള്ള രാഷ്ട്രീയ ഗൂഢ തന്ത്രങ്ങളും പ്രതിപക്ഷം തുറന്നു കാട്ടി. ഭരണഘടനയിലെ അനുച്ഛേദം 15 പ്രകാരമുള്ള വിശ്വാസ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതും അനുച്ഛേദം 30 പ്രകാരം ന്യൂനപക്ഷങ്ങൾക്ക് സ്വന്തമായി സ്ഥാപനങ്ങൾ തുടങ്ങാനും നടത്തിക്കൊണ്ടുപോകാനുമുള്ള മൗലികാവകാശം ലംഘിക്കുന്നതുമാണ് ബില്ലെന്ന് പ്രതിപക്ഷം തുറന്നടിച്ചു. ബില്ലിനെ ന്യായീകരിക്കാൻ ബി.ജെ.പി ഒഴികെ ഭരണപമുന്നണിയിൽ നിന്ന് ഘടകകക്ഷികൾ രംഗത്തെത്താതിരുന്നതും ശ്രദ്ധേയമായി.

ഒടുവിൽ പ്രതിപക്ഷ ആവശ്യം അംഗീകരിച്ച് സർക്കാർ ബിൽ സംയുക്ത പാർലമെന്ററി സമിതി(ജെ.പി.സി)യുടെ പരിഗണനക്ക് വിടുകയായിരുന്നു.

## ഗുരുവായൂർ ദേവസ്വത്തിൽ അഹിന്ദുക്കളെ അംഗമാക്കുമോ: കെ.സി വേണുഗോപാൽ



ന്യൂഡൽഹി: കേന്ദ്ര സർക്കാർ കൊണ്ടുവന്ന വഖഫ് നിയമ ഭേദഗതിക്കു പിന്നിൽ ഗൂഢ ലക്ഷ്യമെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ. ലോക്സഭയിൽ ബില്ലിന്മേലുള്ള ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു കെ.സി.

മതപരമായ വിഷയങ്ങളിൽ അനാവശ്യ ഇടപെടൽ നടത്തുന്ന കേന്ദ്രം മതസൗഹാർദ്ദം തകർക്കാൻ ശ്രമിക്കുകയാണ്. മഹാരാഷ്ട്ര, ഹരിയാനാ നിയമസഭാ തിരഞ്ഞെടുപ്പുകൾ ലക്ഷ്യമിട്ടുള്ളതാണ് ബിൽ. വർഗീയ കാർഡിളക്കുകയാണ് അജണ്ട. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ജനങ്ങൾ പാഠം പഠിപ്പിച്ചത് ബി. ജെ.പി തിരിച്ചറിഞ്ഞിട്ടില്ല. ഭരണഘടനക്കെതിരായ ആക്രമണമാണ് കേന്ദ്രത്തിന്റേത്. അനുച്ഛേദം 30ന്റെ നഗ്നമായ ലംഘനമാണ് ബി ൽ. ഫെഡറൽ സംവിധാനത്തെ കേന്ദ്രസർക്കാർ വെല്ലുവിളിക്കുന്നു.

വഖഫ് ബോർഡുകൾ സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്. എന്നാൽ സംസ്ഥാനങ്ങളുമായി ആലോചിക്കാതെയാണ് നിയമത്തിൽ മാറ്റം വരുത്തുന്നത്. ഒരു പ്രത്യേക മത വിഭാഗത്തെ ലക്ഷ്യമിട്ടാണ് കേന്ദ്രത്തിന്റെ നീക്കം. വഖഫ് ബോർഡിൽ മുസ്ലിം ഇതര വിഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികൾ വേണമെന്ന് പറയുന്ന കേന്ദ്രസർക്കാർ അയോധ്യ രാമക്ഷേത്ര ഭരണ സമിതിയിലും ഗുരുവായൂർ ദേവസ്വം ബോർഡിലും അഹിന്ദുക്കളെ അംഗങ്ങളാകാൻ അനുവദിക്കുമോ എന്നും വേണുഗോപാൽ ചോദിച്ചു.

ആരാധനാ സ്വാതന്ത്ര്യത്തിനു മേലുള്ള കൈയേറ്റമാണ് കേന്ദ്രം നടത്തുന്നത്. ഇന്ന് മുസ്ലിംകൾക്കെതിരെയാണെങ്കിൽ അടുത്തതായി നിങ്ങൾ ക്രിസ്ത്യാനികൾക്കും ജൈനന്മാർക്കുമെതിരെ നീങ്ങുമെന്നും വേണുഗോപാൽ കുറ്റപ്പെടുത്തി.

## കൈക്കൂലി; ഇ.ഡി ഉദ്യോഗസ്ഥൻ സി.ബി.ഐ പിടിയിൽ

ന്യൂഡൽഹി: 20 ലക്ഷം രൂപ കൈക്കൂലി വാങ്ങിയ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിലെ (ഇ.ഡി) അസിസ്റ്റന്റ് ഡയറക്ടറെ സി.ബി.ഐ അറസ്റ്റ് ചെയ്തു. സന്ദീപ് സിങ് യാദവ് എന്നയാളാണ് പിടിയിലായത്. ഒരു ജ്വല്ലറി ഉടമയിൽനിന്ന് 20 ലക്ഷം രൂപ കൈക്കൂലി വാങ്ങിയതായി കണ്ടെത്തിയതിനെ തുടർന്നാണ് അറസ്റ്റ്. ഇ.ഡി രജിസ്റ്റർ ചെയ്ത കേസിൽനിന്ന് മകനെ ഒഴിവാക്കാൻ ജ്വല്ലറി ഉടമയിൽ നിന്ന് ഇയാൾ കൈക്കൂലി ആവശ്യപ്പെടുകയായിരുന്നു. പരാതി ലഭിച്ചതിനു പിന്നാലെ നടത്തിയ രഹസ്യ നീക്കത്തിലൂടെയാണ് ഇയാൾ പിടിയിലായത്. ഡൽഹിയിലെ ലജ്പത് നഗറിൽനിന്നാണ് സന്ദീപിനെ കസ്റ്റഡിയിലെടുത്തത്. ഇ.ഡിയെ കേന്ദ്രസർക്കാർ രാഷ്ട്രീയമായി ദുരുപയോഗം ചെയ്യുകയാണെന്ന് പ്രതിപക്ഷ വിമർശനം നിലനിൽക്കെയാണ് പുതിയ സംഭവം. കഴിഞ്ഞ വർഷം ആഗസ്റ്റിൽ വ്യവസായിയിൽനിന്ന് അഞ്ച് കോടി രൂപ കൈക്കൂലി വാങ്ങിയ ആറ് ഇ.ഡി ഉദ്യോഗസ്ഥരെ സി.ബി.ഐ അറസ്റ്റ് ചെയ്തിരുന്നു.

## കെജ്രിവാളിന്റെ കസ്റ്റഡി കാലാവധി വീണ്ടും നീട്ടി

ന്യൂഡൽഹി: ഡൽഹി മദ്യനയക്കേസിൽ ജയിലിൽ കഴിയുന്ന മുഖ്യമന്ത്രി അരവിന്ദ് കെജരിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി നീട്ടി. ഈ മാസം 20 വരെയാണ് കസ്റ്റഡി കാലാവധി നീട്ടിയത്. വീഡിയോ കോൺഫറൻസിങ് വഴി പ്രത്യേക ജഡ്ജി കാവേരി ബവേജ മുമ്പാകെ കെജ്രിവാളിനെ ഹാജരാക്കി. കേസിൽ കെജ്രിവാളിനെതിരെ സി.ബി.ഐ സമർപ്പിച്ച അനുബന്ധ കുറ്റപത്രം തിങ്കളാഴ്ച കോടതി പരിഗണിച്ചേക്കും.

### വിനേഷ് ഫോഗട്ടിന്റെ അയോഗ്യത

## രാജ്യസഭയിൽ പ്രതിഷേധം; ചെയർമാൻ ഇറങ്ങിപ്പോയി

ന്യൂഡൽഹി: പാരീസ് ഒളിംപിക്സിൽ നിന്ന് ഗുസ്തി താരം വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കിതിനു പിന്നിൽ ഗൂഢാലോചന നടന്നിട്ടുണ്ടെന്നും ഇതേക്കുറിച്ച് സമഗ്ര അന്വേഷണം വേണമെന്നും ആവശ്യപ്പെട്ട് രാജ്യസഭയിൽ പ്രതിപക്ഷ പ്രതിഷേധം. ഫൈനലിനു തൊട്ടുമുമ്പുള്ള ഫോഗട്ടിന്റെ അയോഗ്യത ചർച്ച ചെയ്യണമെന്ന പ്രതിപക്ഷ ആവശ്യം സഭാധ്യക്ഷൻ തള്ളി.

ഇതോടെ പ്രതിപക്ഷം സഭാധ്യക്ഷനെതിരെ തിരിഞ്ഞു. വിഷയത്തിൽ ചർച്ച അനുവദിക്കാത്ത നിലപാട് ചോദ്യം ചെയ്ത് പ്രതിപക്ഷം സഭയിൽ ബഹളം വച്ചു. ഇതിനുപിന്നാലെ പ്രതിപക്ഷത്തോട് കയർത്ത് ചെയർമാൻ ജഗദീപ് ധൻകർ സഭ വിട്ടു. ഏത് വേദിയിലും ചർച്ചക്ക് സർക്കാർ തയ്യാറാണെന്നും, പ്രതിപക്ഷം വിഷയത്തെ രാഷ്ട്രീയ വത്ക്കരിക്കുകയാണെന്നും മന്ത്രി ജെ പി നന്ദ വ്യക്തമാക്കി. രാജ്യസഭ നടപടികൾ തുടങ്ങിയ ഉടൻ വിനേഷ് ഫോഗട്ടിന്റെ അയോഗ്യത ചർച്ച ചെയ്യണമെന്നും അയോഗ്യതക്ക് പിന്നിലെന്തെന്നറിയണമെന്നും പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖർഗെ ആവശ്യപ്പെട്ടു.

എന്നാൽ ചർച്ചയില്ലെന്ന് ജഗദീപ് ധൻകർ അറിയിച്ചു. മുദ്രാവാക്യം മുഴക്കിയ തൃണമൂൽ എം.പി ഡെറിക് ഒബ്രിയാനെ സ്പീക്കർ ശാസിച്ചു. ഇതോടെ പ്രതിപക്ഷം സഭ വിട്ടു. എന്നാൽ സഭ വിട്ട ശേഷവും പ്രതിപക്ഷത്തിന് നേരെ ജഗദീപ് ധൻകർ വിമർശനം തുടർന്നു. പ്രതിപക്ഷത്തിന്റെ നടപടി വേദനപ്പിച്ചെന്നും നിരന്തരം അപമാനിക്കുകയാണെന്നും ധൻകർ പറഞ്ഞു. തുടർന്നാണ് നടപടികളിൽ തുടരാനാവില്ലെന്ന് വ്യക്തമാക്കി ചെയർമാൻ സഭ വിട്ടത്.

വിഷയം ചർച്ച ചെയ്യണമെന്ന് ലോക്സഭയിലും പ്രതിപക്ഷം കഴിഞ്ഞ ദിവസം ആവശ്യപ്പെട്ടിരുന്നു. വിനേഷ് ഫോഗട്ടിന്റെ സംസ്ഥാനമായ ഹരിയാനയിൽ നിയമസഭാ തെരഞ്ഞെടുപ്പ് വരുന്നതിനാൽ പ്രതിഷേധം ശക്തമാക്കാനാണ് പ്രതിപക്ഷ തീരുമാനം. നേരത്തെ ബി.ജെ.പി എം.പിയും ഗുസ്തി ഫെഡറേഷൻ പ്രസിഡണ്ടുമായ ബ്രിജ് ഭൂഷൺ ശരണിനെതിരെ ലൈംഗികാരോപണം ഉന്നയിച്ച് ഗുസ്തി താരങ്ങൾ നടത്തിയ പ്രക്ഷോഭത്തിന്റെ മുൻനിരയിലുണ്ടായിരുന്ന വിനേഷ് ഫോഗട്ടിനെ പാരീസിലേക്കുള്ള ഇന്ത്യൻ ഒളിംപിക്സ് സംഘത്തിൽ ഉൾപ്പെടുത്താതിരിക്കാൻ ആസൂത്രിത നീക്കങ്ങൾ നടന്നിരുന്നു.

ഇതിനെ അതിജീവിച്ചാണ് താരം ഒളിംപിക്സിനെത്തിയതും ഫൈനൽ മത്സരത്തിന് യോഗ്യത നേടിയതും. രാജ്യത്തിനായി സ്വർണ പ്രതീക്ഷ സമ്മാനിച്ച താരത്തിന്റെ ഫൈനൽ മത്സരത്തിന് തൊട്ടു മുമ്പുള്ള ആയോഗ്യതക്കു പിന്നിൽ വലിയ ഗൂഢാലോചന നടന്നിട്ടുണ്ടെന്ന ആരോപണമാണ് ഉയരുന്നത്.

## ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്; കേന്ദ്ര സർക്കാർ അയയുന്നു

### അഡ്വ. ഹാരിസ് ബീരാന്റെ ചോദ്യത്തിന് കൃത്യമായ മറുപടിയില്ല

ന്യൂഡൽഹി: രാജ്യത്ത് ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്ന അജണ്ടകയിൽ നിന്ന് മോദി സർക്കാരിന്റെ പിൻവലിയുന്നതായി സൂചന.

രാജ്യസഭയിൽ അഡ്വ. ഹാരിസ് ബീരാൻ ഉന്നയിച്ച ചോദ്യത്തിൽ നിന്ന് കേന്ദ്രമന്ത്രി അർജുൻ റാം മേഘ്വാൾ ഒഴിഞ്ഞുമാറിയതോടെയാണ് സർക്കാർ ധൃതിപ്പെട്ട നടപടിയിലേക്കില്ലെന്ന് വ്യക്തമായത്. മുൻ രാഷ്ട്രപതി രാംനാഥ് ഗോവിന്ദിന്റെ നേതൃത്വത്തിൽ ഉന്നതതല സമിതി രൂപീകരിച്ചിരുന്നുവെന്നും രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ്, ഹൈക്കോടതി ചീഫ് ജസ്റ്റിസുമാർ, കേന്ദ്ര- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അധ്യക്ഷന്മാർ തുടങ്ങി വിവിധ മേഖലകളെ പ്രതിനിധീകരിച്ച് പ്രമുഖരുൾപ്പെട്ട പ്രസ്തുത സമിതി ഏകദേശം 65 കൂടിയാലോചനകൾ നടത്തിയിട്ടുണ്ടെന്നുമായിരുന്നു മന്ത്രിയുടെ മറുപടി. സമിതിയുടെ തീരുമാനപ്രകാരം വിദഗ്ദ /പൊതുജനഭിപ്രായം സ്വീകരിക്കുകയും ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്ന ആശയത്തിന്റെ സാധ്യതകളും പ്രശ്നങ്ങളും ചൂണ്ടിക്കട്ടുന്ന തരത്തിലുള്ള റിപ്പോർട്ട് വെബ്സൈറ്റ് മുഖാന്തരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

ഇതിൽ രാജ്യത്തിന്റെ ഭരണാഘടനയിലടക്കം തിരുത്തലുകൾ ആവശ്യമാണെന്നിരിക്കെ വിവിധ തലങ്ങളിൽ നിന്നുള്ള പഠനം അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു. എന്നാൽ ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്ന ആശയത്തിന്റെ കാരണത്വവും വിന്യാസവും എങ്ങിനെയായിരിക്കുമെന്നും ഇതുപ്രകാരം റൂൾ 356 ഉപയോഗിച്ച് സംസ്ഥാനത്തെ പിരിച്ചുവിടുന്നതിനെക്കുറിച്ചുമുള്ള അഡ്വ. ഹാരിസ് ബീരാൻ എം.പി ഉപചോദ്യമുന്നയിച്ചപ്പോൾ ചിലവ് ചുരുക്കുന്നതും സുരക്ഷ ഉറപ്പുവരുത്തുന്നതുമാണ് ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്ന ആശയമെന്ന സ്ഥിരം മറുപടിയോടെ മന്ത്രി ഒഴിഞ്ഞുമാറുകയായിരുന്നു.

## മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറും സംഘവും ജമ്മുകശ്മീരിൽ

ശ്രീനഗർ: കേന്ദ്രഭരണപ്രദേശമായ ജമ്മു കശ്മീരിൽ പത്ത് വർഷത്തിന് ശേഷം നടക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾക്കായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാറിന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം ശ്രീനഗറിലെത്തി. തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഗ്യാനേഷ് കുമാർ, സുഖ്ബീർ സിങ് സന്ധു എന്നിവരും സംഘത്തിലുണ്ട്.

വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളുമായും ഉദ്യോഗസ്ഥരുമായും കമ്മീഷൻ കൂടിക്കാഴ്ച നടത്തും. സെപ്റ്റംബർ 30നകം നിയമസഭാ തിരഞ്ഞെടുപ്പ് നടത്തണമെന്ന സുപ്രീംകോടതി നിർദേശം നിലനിൽക്കെയാണ് കമ്മീഷന്റെ സന്ദർശനം. അടുത്തയാഴ്ചയാണ് ജമ്മു കശ്മീർ കേന്ദ്ര ഭരണ പ്രദേശമായിട്ട് അഞ്ച് വർഷം പൂർത്തിയാകുന്നത്. കഴിഞ്ഞ പത്തു വർഷമായി ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടന്നിട്ടില്ല. 2019ൽ ഭരണഘടനയുടെ 370ാം അനുച്ഛേദം റദ്ദാക്കി ജമ്മു കശ്മീരിന്റെ സംസ്ഥാന പദവി ഉൾപ്പെടെ കേന്ദ്ര സർക്കാർ എടുത്തു കളഞ്ഞിരുന്നു. ശേഷം രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളായി വിഭജിക്കുകയായിരുന്നു. ജമ്മു കശ്മീർ, ലഡാക് എന്നിങ്ങനെയായിരുന്നു അത്.

എന്നാൽ അതിൽ ജമ്മു കശ്മീരിനു മാത്രമാണ് നിയമസഭ. ലഡാക്കിന് നിയമസഭ ഉണ്ടാവില്ലെന്നാണ് പുനഃസംഘടനാ നിയമത്തിൽ പറയുന്നത്.




**അതിജീവനത്തിന്റെ വേരുകൾ തേടി:** വയനാട്ടിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ചൂരൽ മല സ്കൂൾ റോഡിലെ തകർന്ന വീട്ടിൽ നിന്ന് അവശേഷിക്കുന്ന ഫയലുകളുമെടുത്ത് താത്കാലിക വാസസ്ഥലത്തേക്ക് പോകുന്ന മനാഫും ഭാര്യ റൈഹാനത്തും. പശ്ചാത്തലത്തിൽ ഇവരുടെ തകർന്ന വീടും കാണാം.

# കേന്ദ്രത്തോട് സമഗ്ര പുനരധിവാസ പാക്കേജ് ആവശ്യപ്പെട്ട് കേരളം

തിരുവനന്തപുരം: വയനാടിനായി കേന്ദ്രത്തോട് സമഗ്ര പുനരധിവാസ പാക്കേജ് ആവശ്യപ്പെട്ട് കേരളം. വയനാട് ദുരന്തം ദേശീയ ദുരന്തമായും അതിതീവ്ര ദുരന്തമായും പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. ദുരന്ത തീവ്രത പരിശോധിച്ചു ഇക്കാര്യത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്ര ആഭ്യന്തരമന്ത്രാലയം ഒമ്പതംഗ സമിതിയെ നിയമിച്ചിട്ടുണ്ട്. അതിന്റെ ടീം ലീഡർ കേന്ദ്ര ആഭ്യന്തര വകുപ്പ് ജോയിൻറ് സെക്രട്ടറി രാജീവ് കുമാർ തലസ്ഥാനത്ത് എത്തിയിട്ടുണ്ട്.

ദുരന്ത ബാധിതരുടെ കുടുംബങ്ങളെ സഹായിക്കാനും പുനരധിവാസത്തിനും ടൗൺഷിപ്പ് അടക്കമുള്ള പ്രവർത്തനങ്ങൾക്കും ദുരന്തത്തിന്റെ ഗൗരവം കണക്കിലെടുത്ത് കേന്ദ്രസർക്കാരിൽ നിന്നുള്ള സഹായം ലഭ്യമാകുമെന്നാണ് പ്രതീക്ഷയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഇക്കാര്യത്തിൽ ശനിയാഴ്ച വയനാട് സന്ദർശിക്കുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി അനുകൂലമായ നിലപാട് സ്വീകരിക്കുമെന്ന് കരുതുന്നതായി അദ്ദേഹം പറഞ്ഞു. ഇത് സംബന്ധിച്ച് കഴിഞ്ഞ ദിവസം പ്രധാനമന്ത്രിക്ക് വിശദമായ കത്ത് എഴുതിയിരുന്നുവെന്നും മുഖ്യമന്ത്രി അറിയിച്ചു. ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ ക്യാമ്പുകളിൽ കഴിയുന്നവരുടെ താത്ക്കാലിക പുനരധിവാസം ഉറപ്പാക്കാൻ പൊതുമരാമത്ത് വകുപ്പിന് കീഴിലെ 27 ക്വാട്ടേഴ്സുകൾ ഉൾപ്പെടെ 91 സർക്കാർ ക്വാർട്ടേഴ്സുകൾ ഉപയോഗിക്കും.

നിലവിൽ വയനാട് ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ വിതരണം ചെയ്യുന്നതിനായി സാധനങ്ങൾ ശേഖരിച്ച് അയക്കേണ്ടതില്ല. ആവശ്യത്തിൽ കൂടുതലാണ് ഇതിനകം ലഭിച്ചിട്ടുള്ളത്. പച്ചക്കറി, ബേക്കറി, മറ്റ് ഭക്ഷ്യവസ്തുക്കൾ തുടങ്ങിയവ പെട്ടെന്ന് നശിച്ചു പോകുന്നതുകൊണ്ട് ഇവയുടെ സൂക്ഷിപ്പും വിതരണവും പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ദുരിതാശ്വാസത്തിന്റെ ഭാഗമായി വയനാട്ടിലെ കളക്ഷൻ സെൻററിൽ എത്തിയ ഏഴു ടൺ തുണി ഉപയോഗിച്ചു പഴകിയതായിരുന്നു. അതു മുഴുവനും സംസ്കരിക്കാനായി അയക്കേണ്ടി വന്നത് കൂടുതൽ ബുദ്ധിമുട്ട് സൃഷ്ടിച്ചു. നിലവിൽ ദുരന്തത്തിൽ പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായങ്ങളാണ് ഇനിവേണ്ടത്. അത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നേരിട്ട് നൽകുകയോ കലക്ടറേറ്റുകളിൽ ചെക്ക് / ഡ്രാഫ്റ്റ് മുഖേനയോ നൽകാൻ കൂടുതൽ ആളുകൾ സന്നദ്ധരാകണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.



ഉരുൾപൊട്ടലിൽ സഹപാഠികൾ നഷ്ടമായ ശ്രീ നന്ദന

## ശ്രീനന്ദന ഇന്നുമെത്തി കൂട്ടുകാരികളെ തേടി

മേപ്പാടി: കലാലയ മുറ്റത്ത് തന്നോടൊപ്പം ഓടിക്കളിച്ചു നടന്ന കൂട്ടുകാരെ തേടി ഇന്നലെയും ശ്രീനന്ദന മണ്ണാർമല സ്കൂൾ മുറ്റത്തെത്തി. ദുരന്തം നടന്നതിനു ശേഷം നാലാം ദിവസമാണ് തന്റെ പ്രിയപ്പെട്ടവർ അവിടെയെത്തും എന്ന പ്രതീക്ഷയിൽ ഈ പത്താം ക്ലാസുകാരി സ്കൂൾ ഗ്രൗണ്ടിനു സമീപമെത്തിയത്. പ്രതീക്ഷകൾ അസ്ഥാനതതാണമെന്ന് യാഥാർത്ഥ്യബോധം ഉൾക്കൊണ്ട് ശ്രീനന്ദന രക്ഷിതാക്കൾക്കൊപ്പം വീട്ടിലേക്ക് മടങ്ങി.

സ്കൂളില്ലെങ്കിലും ഏതു മഴയിലും വെയിലിലും സായാഹ്നങ്ങളെ കളിചിരിയാൽ സന്തോഷിപ്പിക്കാൻ തന്റെകൂട്ടുകാർ മണ്ണാർമല സ്കൂൾ ഗ്രൗണ്ടിൽ എത്തുമായിരുന്നു. എന്നാൽ ആ ഗ്രൗണ്ടെല്ലാം ഇന്ന് കല്ലും മണ്ണും നിറഞ്ഞ ശവപ്പറമ്പാണെന്ന് വിശ്വസിക്കാൻ അവൾക്ക് കഴിഞ്ഞിട്ടില്ല. അവർ ഇനിയില്ലെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാൻ ഇനിയു ശ്രനന്ദനക്ക് സാധിച്ചിട്ടില്ല. കൂട്ടുകാരിൽ ആരെങ്കിലും ഒരാൾ കളിക്കാൻ അവിടെ എത്തുമെന്ന് പറഞ്ഞാണ് പിതാവ് സുരേഷിനെയും അമ്മ സവിതയെയും കൂട്ടി അവൾ ചൂലർമല സ്കൂൾ ഗ്രൗണ്ടിനു സമീപത്തെത്തിയത്.

കൂട്ടുകാരായ നജ, ആദ്രിയ, ശരൺ, നൈഷാൻ, അനാമിക തുടങ്ങി പത്തോളം കൂട്ടുകാരാണ് മഹാദുരന്തം കവർന്നെടുത്തത്. ഇതിൽ പലരേയും കണ്ടെത്തിയിട്ടുപോലുമില്ല. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ വഞ്ചിപ്പാട്ടിലും നാടൻപാട്ടിലും സംസ്ഥാന തലത്തിൽ എഗ്രേഡ് നേടിയ കലാ സംഘത്തിലെ അംഗം കൂടിയാണ് ശ്രീനന്ദന. ഈ കലാ സംഘത്തിൽപെട്ടവരാണ് നഷ്ടപ്പെട്ടവരിലധികവും. 'അവർ എങ്ങും പോയിട്ടില്ല. അവർ ഇവിടെ വരുമമ്മേ' എന്നു പറഞ്ഞ് അമ്മ സവിതയുടെ മാറിൽ ചേർന്നു കരഞ്ഞ ശ്രീനന്ദയെ ആശ്വസിപ്പിക്കാൻ ചുറ്റുമുള്ളവർക്ക് പോലും കഴിഞ്ഞില്ല.

## ദുരിതബാധിതർക്ക് ജില്ലക്ക് പുറത്തും മാനസികാരോഗ്യ സേവനം

തിരുവനന്തപുരം: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ സാഹചര്യത്തിൽ ദുരിതബാധിതർക്ക് ജില്ലയ്ക്ക് പുറത്തും മാനസികാരോഗ്യ സേവനം ഉറപ്പാക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി. സ്റ്റേറ്റ് മെന്റൽ ഹെൽത്ത് നോഡൽ ഓഫീസർ വയനാട്ടിലെത്തി മാനസികാരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരുന്നു. ക്യാമ്പുകളിലും വീടുകളിലും കഴിയുന്നവരിൽ ആവശ്യമായവർക്ക് സൈക്യാട്രിസ്റ്റിന്റെ സേവനം കൂടി ഉറപ്പാക്കുന്നതിനുള്ള ക്രമീകരണമൊരുക്കി. ദീർഘകാല മാനസികാരോഗ്യ സേവനം ഉറപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചതായും മന്ത്രി പറഞ്ഞു. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇരയായവരിൽ കണ്ണടകൾ നഷ്ടപ്പെട്ട എല്ലാവർക്കും കണ്ണടകൾ ഉറപ്പാക്കി. ആരോഗ്യവകുപ്പ് നേത്ര പരിശോധന നടത്തിയാണ് കണ്ണടകൾ വിതരണം ചെയ്യുന്നത്. ഇതുവരെ 422 പേരെ പരിശോധിച്ചതിൽ 199 പേർക്ക് കണ്ണടകൾ ആവശ്യമുള്ളതായി കണ്ടെത്തി. അതിൽ എല്ലാവർക്കും കണ്ണട നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മാനസികാരോഗ്യം ഉറപ്പാക്കാനായി വ്യക്തിഗത കൗൺസിലിംഗും ഗ്രൂപ്പ് കൗൺസിലിംഗും നൽകി വരുന്നു. 132 അംഗ മാനസികാരോഗ്യ ടീം 13 ക്യാമ്പുകളും വീടുകളും സന്ദർശിച്ചു. 261 പേർക്ക് ഗ്രൂപ്പ് കൗൺസിലിംഗും 368 പേർക്ക് സൈക്കോസോഷ്യൽ ഇന്റർവെൻഷനും 26 പേർക്ക് ഫാർമാക്കോ തെറാപ്പിയും നൽകി.

## ഭരതനാട്യം അവതരിപ്പിച്ച് ലഭിച്ച തുക ദുരിതാശ്വാസ നിധിയിലേക്ക് നൽകി തമിഴ് ബാലിക

തിരുവനന്തപുരം: തമിഴ്നാട്ടിൽ മൂന്ന് മണിക്കൂർ തുടർച്ചയായി ഭരതനാട്യം അവതരിപ്പിച്ച് ലഭിച്ച തുക സമാഹരിച്ച് വയനാടിനായി നൽകി ബാലിക. തമിഴ്നാട് കള്ളക്കുറിച്ചി തിരുക്കോവില്ലൂർ സ്വദേശി ബാലമുരുകൻറെയും ദേവിയമ്മയുടെയും മകളായ 13 വയസുകാരി ഹരിണി ശ്രീയാണ് തുടർച്ചയായി മൂന്ന് മണിക്കൂർ ഭരതനാട്യം അവതരിപ്പിച്ച് തുക സമാഹരിച്ചത്. ഇതോടൊപ്പം കയ്യിൽ സൂക്ഷിച്ച തുകയും ചേർത്ത് 15,000 രൂപയാണ് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറിയത്. ആറ് വർഷമായി ഭരതനാട്യം അഭ്യസിക്കുന്ന ഹരിണിശ്രീ ലോകസമാധാനത്തിനായി തുടർച്ചയായി തിരുവണ്ണാമലയ്ക്ക് ചുറ്റും ഭരതനാട്യം അവതരിപ്പിച്ച് ശ്രദ്ധ നേടിയിരുന്നു.

### മറ്റ് സഹായങ്ങൾ

എസ്.എൻ.ജെ ഗ്രൂപ്പ് ഓഫ് കമ്പനീസ് ഒരു കോടി രൂപ, ശാസ്ത്ര സാഹിത്യ പരിഷത്ത് 50 ലക്ഷം രൂപ, സ്റ്റേറ്റ് കോപ്പറേറ്റീവ് അഗ്രികൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് 50 ലക്ഷം രൂപ, കെ.ജി.എം.ഒ.എ അംഗങ്ങളിൽ നിന്ന് സ്വരൂപിച്ച ആദ്യ ഗഡു 25 ലക്ഷം രൂപ, മലങ്കര മാർത്തോമ്മാ സുറിയാനി സഭ ആദ്യ ഘട്ടത്തിൽ 25 വീടുകൾ നിർമ്മിച്ചു നൽകും. പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് 20 ലക്ഷം രൂപ, തിരൂർ അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക് 10 ലക്ഷം രൂപ, ഐ.എസ്.ആർ.ഒ പെൻഷനേഴ്സ് അസോസിയേഷൻ 10 ലക്ഷം രൂപ, ഡവലപ്മെന്റ് കോർപ്പറേഷൻ ഫോർ ക്രിസ്ത്യൻ കൺവർട്ട്സ് ഫ്രം ഷെഡ്യൂൾഡ് കാസ്റ്റ് ആൻറ് ദി റെക്കമെൻഡഡ് കമ്മ്യൂണിറ്റിസ് 10 ലക്ഷം രൂപ, നേമം ബ്ലോക്ക് പഞ്ചായത്ത് 10 ലക്ഷം രൂപ, അവിട്ടം തിരുനാൾ ഹോസ്പിറ്റൽ ഹെൽത്ത് ആൻഡ് എജുക്കേഷൻ സൊസൈറ്റി 10 ലക്ഷം രൂപ, കൈരളി സമാജം ഹൊസൂർ, കൃഷ്ണഗിരി, തമിഴ്നാട് 10 ലക്ഷം രൂപ.

### ദുരന്തബാധിതരുടെ ഇൻഷൂറൻസ് ക്ലെയിമുകൾ

## സഹായം നൽകാൻ ടാസ്ക് ഫോഴ്സ്

തിരുവനന്തപുരം: ഉരുൾപൊട്ടലിലുണ്ടായ നാശനഷ്ടങ്ങളുമായി ബന്ധപ്പെട്ട വിവിധ ഇൻഷൂറൻസ് ക്ലെയിമുകൾ നേടിയെടുക്കുന്ന കാര്യത്തിൽ തിനായി ദുരന്തബാധിതരെ സഹായിക്കാൻ പ്രത്യേക ടാസ്ക് ഫോഴ്സിന് രൂപം നൽകി. മന്ത്രിസഭാ ഉപസമിതിയുടെ നിർദ്ദേശത്തെ തുടർന്നാണ് നടപടി. റവന്യൂ റിക്കവറി ഡെപ്യൂട്ടി കളക്ടർ കെ ഗോപിനാഥ് ചെയർമാനായ പ്രത്യേക ദൗത്യസംഘം ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങി. അർഹമായ ക്ലെയിമുകൾ എത്രയും വേഗത്തിൽ ലഭ്യമാക്കാനുള്ള നടപടികളാണ് പ്രത്യേക ദൗത്യസംഘം സ്വീകരിക്കുക. ഇതിനായി വിവിധ വകുപ്പുകളുമായി ചേർന്ന് വിവരണശേഖരണം നടത്തും. ദുരന്തത്തിനിരയായവർ എടുത്തിട്ടുള്ള ഇൻഷൂറൻസ് പോളിസികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇതിനായി തയ്യാറാക്കും. ദുരന്തത്തിനിരയായവരുടെ ക്യാമ്പുകളിലും ബന്ധുവീടുകളിലും മറ്റുമായി കഴിയുന്ന ബന്ധുക്കൾ, ഇൻഷൂറൻസ് പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ സർക്കാർ വകുപ്പുകൾ, സ്വകാര്യ ഇൻഷൂറൻസ് കമ്പനികൾ, സ്ഥാപനങ്ങൾ, ഏജൻസികൾ, ഇൻഷൂറൻസ് ഏജന്റുമാർ തുടങ്ങിയവരുമായി ബന്ധപ്പെട്ടാണ് വിവരങ്ങൾ ശേഖരിക്കുക.

ലൈഫ് പോളിസികൾ, വാഹനങ്ങൾ, വീട്, കൃഷി, മൃഗങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഇൻഷൂറൻസുകൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമായി കണ്ടെത്തും. തുടർന്ന് ഇൻഷൂറൻസ് ക്ലെയിമുകൾക്ക് അർഹതയുള്ളവരുടെ പട്ടിക തയ്യാറാക്കും. ഫോൺ 7012022929, 6238694256.

### സഹജീവികൾക്കായി ഡ്രൈവർമാർ

## നിലമ്പൂരിലെത്തിയത് 40ലധികം ആംബുലൻസുകൾ

നിലമ്പൂർ: കഴിഞ്ഞ പത്ത് ദിവസങ്ങളിൽ സഹജീവികൾക്കായി സമർപ്പിച്ച ജീവിതമായിരുന്നു ആംബുലൻസ് ഡ്രൈവർമാരുടേത്. ഇന്ധനം ജില്ലാ പഞ്ചായത്തും റവന്യൂ വകുപ്പും നൽകുമെങ്കിലും ഒരു രൂപ പോലും പ്രതിഫലം പറ്റാത്ത ഒട്ടേറെ ഡ്രൈവർമാർ. ഒരു രൂപ വാടക വാങ്ങാതെ സൗജന്യ സേവനത്തിന് വിട്ടുകൊടുത്ത ആംബുലൻസ് ഉടമകൾ. വയനാട് ദുരന്തത്തിൽ മുണ്ടക്കൈയിലെയും ചൂരൽമലയിലെയും ഹതഭാഗ്യർക്ക് നൽകാൻ അവരുടെ കയ്യിൽ ഉണ്ടായിരുന്നത് അവരുടെ നല്ലമനസ്സായിരുന്നു. ദുരന്തം നടന്ന ജൂലൈ 30ന് രാവിലെ പോത്തുകല്ലിൽ ചാലിയാർ കടവിൽ നിന്ന് ഒരു കുട്ടിയുടെ മൃതദേഹം ലഭിച്ചതു മുതൽ പ്രദേശത്തെ എല്ലാ ആംബുലൻസ് ഡ്രൈവർമാരും നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്ക് ഓടിയെത്തി. ഓരോ മണിക്കൂറിലും ഇടതടവില്ലാതെ മൃതദേഹങ്ങളും ശാരീരാവശിഷ്ടങ്ങളും കൊണ്ടുവരാനായി കൂടുതൽ ആബുലൻസുകൾ എത്തിച്ചു. പിന്നീട് മേപ്പാടിയിലേക്ക് ചേതനയറ്റ ശരീരങ്ങളുമായി പോയതും നിലമ്പൂരിലെത്തിയ ജില്ലക്കകത്തും പുറത്തുനിന്നുള്ള ആംബുലൻസുകളായിരുന്നു. മേപ്പാടിയിലേക്ക് മൃതദേഹങ്ങൾ കൊണ്ടുപോകുവാൻ തീരുമാനിച്ചപ്പോൾ ഫ്രീസറിൽ കിടത്തി കൊണ്ടുപോകാവുന്ന ആംബുലൻസിനായി ശ്രമിക്കുമ്പോൾ തൃശൂർ മുതൽ ആംബുലൻസുകൾ നിലമ്പൂരിലെത്തി. അന്ന് ഒരുമിച്ച് മൃതദേഹങ്ങൾ മേപ്പാടിയിലേക്ക് കൊണ്ടുപോകുന്നതിന് നിലമ്പൂർ ടൗണിൽ ആംബുലൻസുകൾ നിരന്നു കടന്നത് ആരുടെയും ഹൃദയം തറക്കുന്നതായിരുന്നു. പരിചിതമല്ലാത്ത സഹജീവികളെ ഓർത്ത് മലയോരം വിതുമ്പിയപ്പോൾ അവർക്കൊപ്പം ആംബുലൻസ് ഡ്രൈവർമാരും നിലകൊണ്ടു. മൃതദേഹങ്ങൾ കയറ്റിയ ആംബുലൻസുകളും മൃതദേഹം കയറ്റാൻ കാത്തിരിക്കുന്ന ആംബുലൻസുകളും നിലമ്പൂർ പൊലീസ് സ്റ്റേഷൻ മുതൽ ജ്യോതിപ്പടി വരെ റോഡിന്റെ ഒരു ഭാഗത്ത് വരിയായി നിർത്തിയിട്ടതോടെ നിലമ്പൂരിന്റെ ഹൃദയം വിതുമ്പി. അതിനിടെ ചാലിയാറിൽ നിന്ന് കണ്ടെത്തിയ മൃതദേഹങ്ങളുമായി വേറെ ആംബുലൻസുകൾ ജില്ലാ ആശുപത്രിയിലേക്കും പുഴയിൽ കണ്ടെത്തിയ മൃതദേഹങ്ങൾ കൊണ്ടു വരാനായി പുഴക്കടവുകളിലേക്കും ടൗണിലൂടെ ഇടതടവില്ലാതെ സഞ്ചരിച്ചുകൊണ്ടിരുന്നു. ഓരോ മൃതദേഹങ്ങൾ കൂടുതലായി കിട്ടുമ്പോഴും കൂടുതൽ ആംബുലൻസുകൾ വിവരമറിഞ്ഞ് മുണ്ടേരിയിലേക്കെത്തുകയായിരുന്നു. നാൽപതിലേറെ ആംബുലൻസുകളാണ് ഒരേ സമയം സർവീസ് നടത്തിയത്. സംസ്ഥാനത്ത് തന്നെ ഇത്രയും ആംബുലൻസുകൾ ഒന്നിച്ച് ഒരേ ദൗത്യത്തിന് സഞ്ചരിക്കുന്നത് ഇതാദ്യമാണ്.




നിലമ്പൂർ ജില്ലാ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം കഴിഞ്ഞ മൃതദേഹം മേപ്പാടിയിലേക്ക് കൊണ്ടുപോകാനായി തയ്യാറാക്കിയ ആംബുലൻസുകൾ (ഫയൽ ചിത്രം)

## വാട്ടർ അതോറിറ്റി വിതരണം ചെയ്തത് അഞ്ചു ലക്ഷം ലിറ്റർ ശുദ്ധജലം

തിരുവനന്തപുരം: വയനാട് ദുരന്തമേഖലയിലെ ദുരിതാശ്വാസ ക്യാമ്പുകളിലും രക്ഷാപ്രവർത്തന മേഖലയിലും വാട്ടർ അതോറിറ്റി ഇതുവരെ വിതരണം ചെയ്തത് അഞ്ചുലക്ഷം ലിറ്റർ ശുദ്ധജലം. ക്യാമ്പുകളിലും മറ്റിടങ്ങളിലും ഓരോ ദിവസവും വർധിച്ചുവരുന്ന ജല ഉപഭോഗത്തിനനുസൃതമായി ടാങ്കർ ലോറികളിലും മറ്റുമായി രാപകൽ ഭേദമില്ലാതെയാണ് വാട്ടർ അതോറിറ്റി ജീവനക്കാർ വെള്ളമെത്തിച്ചു നൽകുന്നത്. ഉരുൾപൊട്ടലിനെത്തുടർന്ന് പ്രദേശത്തെ ശുദ്ധജല സ്രോതസ്സുകളെല്ലാം നശിക്കുകയോ ഉപയോഗയോഗ്യമല്ലാതാവുകയോ ചെയ്തിരുന്നു.ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ആദ്യദിനം മുതൽ ആവശ്യത്തിന് കുടിവെള്ളം ഉറപ്പുവരുത്താനായി. ആദ്യദിവസം മാത്രം 7000 ലിറ്റർ വെള്ളമാണ് വാട്ടർ അതോറിറ്റി വിതരണം ചെയ്തത്. ആദ്യ ദിവസം സന്നദ്ധ സംഘടനകൾ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കുകയും വാട്ടർ അതോറിറ്റി വെന്റിങ് പോയിന്റുകളിൽനിന്നു കുടിവെള്ളം നിറച്ചു നൽകുകയുമാണ് ചെയ്തിരുന്നത്. രക്ഷാ, തിരച്ചിൽ ദൗത്യങ്ങൾക്കായി കൂടുതൽ ഉദ്യോഗസ്ഥര്യം സന്നദ്ധപ്രവർത്തകരുമെത്തിയതോടെ വെള്ളത്തിന്റെ ആവശ്യം കൂടി. ജില്ലയിൽ വാട്ടർ അതോറിറ്റിക്ക് കുടിവെള്ള ടാങ്കർ ഇല്ലാത്തതിനാൽ കോഴിക്കോട് നിന്ന് ടാങ്കർ വരുത്തിയും സ്വകാര്യ ടാങ്കറുകൾ ഉപയോഗിച്ചും അതോറിറ്റി തന്നെ ജലവതരണം പൂർണമായും ഏറ്റെടുത്തു. പിന്നീട് സന്നദ്ധ സംഘടനകൾ ഏർപ്പെടുത്തിയ ടാങ്കറുകളുടെ ചെലവും വാട്ടർ അതോറിറ്റി ഏറ്റെടുത്തു.മേപ്പാടി ജി.യു.പി സ്കൂൾ, ജി.എച്ച്.എസ്.എസ്, ജി.എൽ.പി.എസ്, ഹെൽത്ത് സെന്റർ മേപ്പാടി, മിലിറ്ററി ക്യാമ്പ് മേപ്പാടി, സെന്റ് ജോസഫ് യു.പി സ്കൂൾ മേപ്പാടി, എം.എസ്.എ ഹാൾ മേപ്പാടി, ജിഎപിഎസ് റിപ്പൺ തുടങ്ങി ആവശ്യമുള്ള എല്ലായിടങ്ങളിലും കൃത്യമായ ഇടവേളകളിൽ ശുദ്ധജല വിതരണം അതോറിറ്റി നടത്തിവരുന്നു. നിലവിൽ പ്രതിദിനം ഒരു ലക്ഷം ലിറ്റർ വെള്ളമാണ് ക്യാമ്പുകളിലും മറ്റുമായി വിതരണം ചെയ്യുന്നതെന്ന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയർ ടി.കെ. ജിതേഷ് പറഞ്ഞു. കാരാപ്പുഴയിൽ നിന്നുള്ള ശുദ്ധീകരിച്ച വെള്ളമാണ് വിതരണത്തിനായി ഉപയോഗിക്കുന്നത്. വാട്ടർ അതോറിറ്റിയുടെ കൽപ്പറ്റയിലെ ഗൂഡലായി ബൂസ്റ്റർ പമ്പ് ഹൗസിൽ നിന്ന് ടാങ്കർ ലോറികളിൽ നിറച്ചാണ് വിതരണം. വെള്ളത്തിന്റെ ഗുണനിലവാര പരിശോധന കൃത്യമായ ഇടവേളകളിൽ വാട്ടർ അതോറിറ്റി ക്വാളിറ്റി കൺട്രോൾ വിഭാഗം നടത്തുന്നുണ്ട്. പുഞ്ചിരിമറ്റം, മുണ്ടക്കൈ ഭാഗങ്ങളിൽ സ്ഥാപിച്ച ബയോ ടോയ്‌ലറ്റുകളിലേക്കുള്ള ജലവിതരണവും വാട്ടർ അതോറിറ്റിയാണ് നടത്തുന്നത്. ജലവിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താനും പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കുന്നതിനുമായി അതോറിറ്റി ഉദ്യോഗസ്ഥർ എല്ലായിടങ്ങളിലും പരിശോധനയും നടത്തിവരുന്നുമുണ്ട്.

## കെട്ടിട ഉടമകൾ കൈത്താങ്ങ് പദ്ധതി നടപ്പാക്കും

മലപ്പുറം: ഉരുൾപൊട്ടലിൽ നരാലംബരായ മുണ്ടക്കൈ നിവാസികളുടെ പുനരധിവാസ മേഖലയോടനുബന്ധിച്ച് സ്ഥലം വിലക്കുവാങ്ങി സർക്കാരുമായി സഹകരിച്ച് സമാന മനസ്കരുടെ പിന്തുണയോടെ കെട്ടിട മുറികൾ പണിത് ദുരിതബാധിതർക്ക് ആശ്വാസം നൽകുന്ന 'കൈത്താങ്ങ്' പദ്ധതി നടപ്പിലാക്കുമെന്ന് കേരള ബിൽഡിങ് ഓണേഴ്സ് വെൽഫയർ അസോസിയേഷൻ സംസ്ഥാന ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സ്ഥിതിഗതികൾ അനുകൂലമാകുന്ന മുറക്ക് കെട്ടിട ഉടമകളുടെ സംയുക്ത സംഘടന പ്രതിനിധി സംഘം സ്ഥലം സന്ദർശിച്ച് അനുയോജ്യമായ സ്ഥലം കണ്ടെത്തി പദ്ധതിക്ക് രൂപം നൽകും. ആദ്യപടിയായി പുനരധിവാസ മേഖലയോടനുബന്ധിച്ച് ആവശ്യമായ സ്ഥലം വാങ്ങി പദ്ധതി നടപ്പിലാക്കും. കെട്ടിട ഉടമകളിൽ നിന്നും ആവശ്യമായ തുക സമാഹരിച്ചാണ് പദ്ധതി നടപ്പിലാക്കുക. കൂടെ വിധവകൾ, തൊഴിൽരഹിതരായ യുവതികൾ എന്നിവരെ ചേർത്ത് തൊഴിൽ യൂണിറ്റുകൾക്കും രൂപം നൽകും. വാർത്താസമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് പഴേരി ഷരീഫ് ഹാജി, ജനറൽ സെക്രട്ടറി ജി നടരാജൻ പാലക്കാട്, വർക്കിങ് പ്രസിഡന്റ് കെ സലാഹുദ്ദീൻ കണ്ണൂർ, വർക്കിങ് സെക്രട്ടറി പി.പി അലവിക്കുട്ടി, ചങ്ങരംകുളം മൊയ്തുണ്ണി, റീഗൾ മുസ്തഫ പങ്കെടുത്തു.

## ഓണാഘോഷവും ചാമ്പ്യൻസ് ബോട്ട് ലീഗും ഒഴിവാക്കി

തിരുവനന്തപുരം: വയനാടിലെ പ്രകൃതിദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഓണാഘോഷ പരിപാടികളും ചാമ്പ്യൻസ് ബോട്ട് ലീഗും ഒഴിവാക്കിയതായി ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസ് അറിയിച്ചു. രക്ഷാപ്രവർത്തനവും പുനരധിവാസത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളും പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. സമാനതകളില്ലാത്ത ദുരന്തമാണ് വയനാട് അനുഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് പി.എ മുഹമ്മദ് റിയാസ് ചൂണ്ടിക്കാട്ടി. നൂറുകണക്കിന് പേർക്ക് ജീവൻ നഷ്ടമായി. ഈ സാഹചര്യത്തിലാണ് ആഘോഷങ്ങൾ ഒഴിവാക്കുന്നതെന്ന് മന്ത്രി അറിയിച്ചു.

# പ്രാദേശിക വാർത്തകൾ



ദുരന്തത്തിൽ കുടുംബത്തിലെ 11 പേരെ നഷ്ടപ്പെട്ട നൗഫലിനെ മുസ്‌ലിം ലീഗ് നേതാക്കൾ ആശ്വസിപ്പിക്കുന്നു

## നൗഫലിനെ ചേർത്തു പിടിച്ച് മസ്ക്കറ്റ് കെ.എം.സി.സി

കൽപറ്റ: തന്റെ കുടുംബത്തിലെ 11 പേരുൾപ്പെടെ ദുരന്തത്തിൽ സർവ്വം നഷ്ടപ്പെട്ട മുണ്ടക്കൈ സ്വദേശി കളത്തിങ്കൽ നൗഫലിനെ ചേർത്തു പിടിച്ച് കെ.എം.സി.സി മസ്ക്കറ്റ് സെന്റ്രൽ കമ്മിറ്റി. ദുരന്തം അതിജീവിക്കാൻ ആവശ്യമായതെന്തോ എല്ലാം നൽകി നൗഫലിനൊപ്പം ചേർന്നു നിൽക്കുമെന്ന് മസ്ക്കറ്റ് സെന്റ്രൽ കെ.എം.സി.സി പ്രസിഡന്റ് റഈസ് അഹമ്മദ്, ജനറൽ സെക്രട്ടറി റഹീം വറ്റല്ലൂർ എന്നിവർ അറിയിച്ചു. മസ്ക്കറ്റ് ബുവാലി കെ.എം.സി.സി അംഗം കൂടിയായ നൗഫൽ ജീവ കാരുണ്യ പ്രവർത്തനങ്ങളിലെല്ലാം സജീവമായി പങ്കെടുക്കുന്ന വ്യക്തിയായിരുന്നു. വീടും കുടുംബവും അടങ്ങുന്ന മുഴുവൻ നഷ്ടപ്പെട്ടതറിഞ്ഞ ദുരന്തം നടന്നതിനു പിറ്റേ ദിവസമാണ് നൗഫൽ നാട്ടിലെത്തിയത്.

ഭാര്യ സജ്ന, 3 കുട്ടികൾ, ബാപ്പ കുഞ്ഞിമൊയ്തീൻ, ഉമ്മ ആയിഷ, സഹോദരൻ മൻസൂർ, ഭാര്യ മുഹ്സിന, അവരുടെ 3 കുട്ടികൾ തുടങ്ങി 11 പേരെയാണ് ഒറ്റരാത്രികൊണ്ടു നഷ്ടമായത്. കൂടുതൽ സുരക്ഷിതമെന്നു തോന്നിയതിനാലാണ് ആ ദുരന്ത രാത്രിയിൽ സഹോദരൻ മൻസൂറിന്റെ കുടുംബം ദുരന്തം നടന്ന രാത്രിയിൽ നൗഫലിന്റെ വീട്ടിലെത്തിയത്. മാതാപിതാക്കൾ നൗഫലിന്റെ കുടുംബത്തിനൊപ്പമായിരുന്നു താമസം. മാതാപിതാക്കളുടെയും മൂത്തമകൾ നഫ്‌ല നസ്രിൻ, മൻസൂറിന്റെ ഭാര്യ മുഹ്സിന, മകൾ ആയിഷാമന എന്നിവരുടെയും മൃതദേഹങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. സജ്ന, മക്കളായ നിഹാൽ, ഇഷാ മഹ്റിൻ, മൻസൂർ, മൻസൂറിന്റെ മക്കളായ ഷഹ്ല, ഷഹ്ന എന്നിവരെ കണ്ടെത്താനായിട്ടില്ല. ഉറ്റവരെ നഷ്ടപ്പെട്ട വേദയിൽ ഹൃദയം തകർന്നിരിക്കുന്ന നൗഫലിന് ആശ്വാസമായാണ് കെ.എം.സി.സിയുട പ്രഖ്യാപനം. പ്രഖ്യാപന ചടങ്ങിൽ മുസ്‌ലിംലീഗ് പുനരധിവാസ പദ്ധതിയുടെ ഉപസമിതി കൺവീനർ പി.കെ ബഷീർ എം.എൽ.എ, മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറി സി. മമ്മൂട്ടി, യൂത്ത്‌ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ ഫിറോസ്, ട്രഷറർ പി. ഇസ്മാഈൽ, മുസ്‌ലിംലീഗ് വയനാട് ജില്ലാ ജനറൽ സെക്രട്ടറി ടി. മുഹമ്മദ്, കെ.എം.സി.സി നേതാക്കളായ അഷ്റഫ് കല്ലടാസ്, പി.കെ റിയാസ്, കെ.സി ഇബ്രാഹീം, സി.ടി ഇബ്രാഹീം പങ്കെടുത്തു.



ചാലിയാർ പുഴയിലെ തിരച്ചിലിൽ ലഭിച്ച മൃതദേഹം പുഴയോരത്ത് നിന്ന് സന്നദ്ധ പ്രവർത്തകർ കൊണ്ടുവരുന്നു.

## തിരച്ചിൽ പത്താം ദിനം

നിലമ്പൂർ: വയനാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് നിലമ്പൂർ ഭാഗത്ത് ചാലിയാർ പുഴയിൽ തുടരുന്ന തിരച്ചിലിൽ ഇന്നലെ ഒരു മൃതദേഹവും ഒരു ശരീര ഭാഗവു കൂടി ലഭിച്ചു. പോത്തുകൽ ശാന്തിഗ്രാമത്തിൽ നിന്നാണ് മൃതദേഹം ലഭിച്ചത്. ഇതോടെ മലപ്പുറം ജില്ലയിൽ നിന്ന് ലഭിച്ച നിലമ്പൂർ ജില്ലാ ആശുപത്രിയിൽ എത്തിച്ച ആകെ മൃതദേഹങ്ങൾ 78 ഉം ശരീര ഭാഗങ്ങൾ 166 ഉം ആയി. ആകെ 244 എണ്ണം. 40 പുരുഷന്മാരുടെയും 31 സ്ത്രീകളുടെയും 3 ആൺകുട്ടികളുടെയും 4 പെൺകുട്ടികളുടെയും മൃതദേഹങ്ങളാണ് ലഭിച്ചത്. ഉരുൾപൊട്ടലുണ്ടായതിനു ശേഷം 10 ദിവസമായി ചാലിയാറിന്റെ വിവിധ ഭാഗങ്ങളിൽ പരിശോധന തുടരുകയാണ്. ഇതിനകം 242 മൃതദേഹങ്ങളുടെയും അവശിഷ്ടങ്ങളുടെയും പോസ്റ്റ് മോർട്ടം പൂർത്തിയായി. 232 എണ്ണം വയനാട്ടിലേക്ക് കൊണ്ട് പോകുകയും മൂന്നെണ്ണം ബന്ധുക്കൾ ഏറ്റെടുക്കുകയും ചെയ്തു. 7 ശരീര ഭാഗങ്ങൾ പൂർണമായി ഡി.എൻ.എ പരിശോധനക്ക് അയച്ചിട്ടുണ്ട്. ആദിവാസികളെ കൂട്ടി കൂടുതൽ പ്രദേശങ്ങളിൽ തിരച്ചിൽ തുടരും.

## കാണാതായവരുടെ ബന്ധുക്കളും ഇന്ന് തിരച്ചിലിൽ പങ്കെടുക്കും

കൽപ്പറ്റ: ഉരുൾപൊട്ടൽ ദുരന്തം വിതച്ച മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ ഇന്ന് രാവിലെ 6 മണി മുതൽ 11 മണി വരെ ജനകീയ തിരച്ചിൽ നടത്തും. ദുരിതാശ്വാസ ക്യാമ്പുകളിലും ബന്ധുവീടുകളിലും മറ്റുമായി കഴിയുന്നവരിൽ 190 പേർ തിരച്ചലിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജനപ്രതിനിധികൾ, എൻഡിആർഎഫ്, പൊലീസ്, ഫയർഫോഴ്സ്, റവന്യൂ സംഘത്തിനൊപ്പമാണ് ഇവരും തിരച്ചലിൽ പങ്കാളികളാവുക. രാവിലെ തുടങ്ങി വൈകിട്ട് വരെ തെരച്ചിൽ നടത്താനായിരുന്നു നേരത്തേ തീരുമാനിച്ചിരുന്നതെങ്കിലും പന്നീട് പ്രധാനമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ കാരണം 11 മണിക്ക് അവസാനിപ്പിക്കാൻ തീരുമാനിക്കുകയായിരുന്നു. ആവശ്യമെങ്കിൽ മറ്റൊരു ദിവസം ജനകീയ തിരച്ചിൽ തുടരും. നിലവിൽ ദുരന്തത്തിൽ കാണാതായവരുടെ പട്ടികയിൽ 131 പേരാണുള്ളത്. ഇവരിൽ കൂടുതൽ പേരും പുഞ്ചിരിമട്ടം, മുണ്ടക്കൈ, സ്കൂൾ റോഡ് ഭാഗങ്ങളിൽ നിന്നുള്ളവരാണ്. നിലവിൽ ക്യാമ്പുകളിലും ബന്ധുവീടുകളിലും മറ്റും കഴിയുന്നവരുടെ അടിയന്തര പുനരധിവാസത്തിനായി 27 പിഡബ്ല്യുഡി ക്വാർട്ടേഴ്സുകളും മറ്റ് സർക്കാർ വകുപ്പുകളുടെ ക്വാർട്ടേഴ്സുകളും സ്വകാര്യ വ്യക്തികളുടെ വീടുകളും ഉൾപ്പെടെ നൂറോളം കെട്ടിടങ്ങൾ സജ്ജമായിക്കഴിഞ്ഞിട്ടുണ്ട്. ദുരന്തമേഖലകളിലെ രക്ഷാതെരച്ചിൽ ദൗത്യത്തിനു ശേഷം മടങ്ങുന്ന സൈനികർക്ക് വികാരനിർഭരമായ യാത്രയയപ്പാണ് വ്യാഴാഴ്ച നൽകിയത്. ഡൗൺസ്ട്രീം തെരച്ചിലിനായുള്ള ടീം ഉൾപ്പെടെ 36 അംഗ സൈനിക സംഘം വയനാട്ടിൽ തുടരും. ദുരിതാശ്വാസ ക്യാമ്പുകളിലുള്ളവർക്ക് മാനസിക പിന്തുണ നൽകുന്നതിന്റെ ഭാഗമായി ഇതിനകം നാലായിരത്തിലേറെ കൗൺസലിംഗ് സെഷനുകൾ നൽകി.

# ഒരു മൃതദേഹം കൂടി കണ്ടെത്തി ഇന്ന് ജനകീയ തിരച്ചിൽ

പി.എ. അബ്ദുൽ ഹയ്യ്
മേപ്പാടി

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പത്താം ദിനത്തിൽ നിലമ്പൂർ ഭാഗത്ത് ചാലിയാർ പുഴയിൽ നിന്ന് ഒരു മൃതദേഹം കൂടി കണ്ടെടുത്തു. ഇതോടെ ഔദ്യോഗികമായി സ്ഥിരീകരിച്ച മരണസംഖ്യ 226 ആയി. നിലമ്പൂർ ചാലിയാറിൽ നിന്നും ഒരു ശരീരഭാഗവും ഇന്നലെ നടന്ന തിരച്ചിലിൽ ലഭിച്ചു. ഇതുവരെ കണ്ടെത്തിയ ശരീര ഭാഗങ്ങളുടെ എണ്ണം 196 ആയി. ഇന്നലെ ഒരു മൃതദേഹവും ആറ് ശരീര ഭാഗവും സംസ്ക്കരിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിലും ബന്ധുവീടുകളിലും മറ്റുമായി കഴിയുന്നവരെ ഉൾപ്പെടുത്തി മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ ഇന്ന് ജനകീയ തിരച്ചിൽ നടത്തും.

ഉരുൾപൊട്ടൽ ഉണ്ടായ പ്രദേശങ്ങളെ ആറു മേഖലകളിലായി തിരിച്ചായിരിക്കും തിരച്ചിൽ. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 14 ക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്. 634 കുടുംബങ്ങളിലെ 1918 ആളുകളാണ് ക്യാമ്പുകളിലുള്ളത്. ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രമായ പുഞ്ചിരിമട്ടം മുതൽ താഴേക്ക് മുണ്ടക്കൈയും ചൂരൽമലയും അടക്കമുള്ള മേപ്പാടി പഞ്ചായത്തിലെ ഭാഗങ്ങളിലും സൂചിപ്പാറ വെള്ളച്ചാട്ടം മുതൽ പോത്തുകല്ല്, നിലമ്പൂർ വരെ ചാലിയാറിലും ഇന്നലേയും തിരച്ചിൽ നടത്തി. ചാലിയാർ തീരം മുതൽ കാന്തൻപാറ സൺറൈസ് വാലി വരെയാണ തിരച്ചിൽ നടന്നത്. സൈന്യം, വനം വകുപ്പ്, പൊലീസ്, ഫയർ ഫോഴ്സ്, വളണ്ടിയർമാർ ഉൾപ്പെടെയുള്ള രക്ഷാസേനയാണ് തിരച്ചിൽ നടത്തിയത്.

രക്ഷാപ്രവർത്തനത്തിന് ഹെലികോപ്ടറും ഉപയോഗിച്ചിരുന്നു. പത്തുനാൾ നീണ്ട രക്ഷാ ദൗത്യത്തിന് ശേഷം സേനയിലെ ഒരു വിഭാഗം ഇന്നലെ തിരച്ചിൽ അസാനിപ്പിച്ച് മടങ്ങി. ഇന്ത്യൻ ആർമി, നേവി, റിക്കോ റഡാർ ടീം അംഗങ്ങളായ സൈനികർക്ക് സർക്കാരും ജില്ലാ ഭരണകൂടവും യാത്രയപ്പ് നൽകി. എംഇജിയിലെ 23 പേരും ഡൗൺസ്ട്രീം സെർച്ച് ടീമിലെ 13 പേരുമായി 36 സൈനികർ രക്ഷാ ദൗത്യവുമായി ജില്ലയിൽ തുടരും.

## ഹൈക്കോടതി സ്വമേധയാ കേസെടുത്തു

കൊച്ചി: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ഹൈക്കോടതി സ്വമേധയാ കേസെടുത്തു. കേസ് രജിസ്റ്റർ ചെയ്യുന്നതിനു ഹൈക്കോടതി രജിസ്ട്രാർക്ക് നിർദേശം നൽകി. മാധ്യമ വാർത്തകളുടെയും ഹൈക്കോടതിക്ക് ലഭിച്ച പരാതികളുടെയും കത്തിന്റെയും അടിസ്ഥാനത്തിലാണ് ഡിവിഷൻ ബെഞ്ചിന്റെ നടപടി. സ്വമേധയാ സ്വീകരിച്ച ഹർജി ഇന്ന് ജസ്റ്റിസ് ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് വി എം ശ്യാംകുമാർ എന്നിവരുടെ ഡിവിഷൻ ബെഞ്ച് പരിഗണിക്കും. ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകളും കോടതിയുടെ പരിഗണന വിഷയങ്ങളിൽ ഉൾപ്പെടും. വയനാട് ദുരന്തമുണ്ടായതിന് പിന്നാലെ സ്ഥിതിഗതികളെക്കുറിച്ച് ഹൈക്കോടതി ആരാഞ്ഞിരുന്നു. ഇതിന് പിന്നാലെയാണ് സ്വമേധയാ കേസെടുക്കാൻ തീരുമാനമായത്.വയനാട് ജില്ലയിലെ വിവിധ പഞ്ചായത്തുകൾ ക്വാറി ലൈസൻസ് നിഷേധിക്കുന്ന തീരുമാനങ്ങൾ റദ്ദാക്കിയ സിംഗിൾ ബെഞ്ചിന്റെ ഉത്തരവ് ചോദ്യം ചെയ്തുള്ള ഒരു കൂട്ടം റിട്ട് അപ്പീലുകൾ ബെഞ്ച് പരിശോധിക്കുന്നതിനിടെയാണ് ഹൈക്കോടതിയുടെ തീരുമാനം. ജില്ലയിൽ ക്വാറിയും മറ്റ് നിർമാണ പ്രവർത്തനങ്ങളും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ ഡിവിഷൻ ബെഞ്ച് നിർത്തിവെച്ചിരുന്നു. ഭാവിയിൽ സംസ്ഥാനത്ത് ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ തടയുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി നടപ്പാക്കാൻ വയനാട് ജില്ലയിലുണ്ടായ ഒന്നിലധികം ഉരുൾപൊട്ടലുകൾ സംസ്ഥാന ചരിത്രത്തിലെ ഏറ്റവും മാരകമായ പ്രകൃതിദുരന്തങ്ങളിലൊന്നിലേക്ക് നയിച്ചതായി വ്യാഴാഴ്ച വാദം കേൾക്കുന്നതിനിടെ ബെഞ്ച് ചൂണ്ടിക്കാട്ടി. തത്ഫലമായുണ്ടാകുന്ന മരണങ്ങളും നാശവും ഈ വിഷയങ്ങളിലെ താൽക്കാലിക തീരുമാനങ്ങളുടെ പുനർമൂല്യനിർണയം ആവശ്യമായി വന്നിരിക്കുന്നു. പാരിസ്ഥിതിക തകർച്ചയ്ക്കും ജൈവവൈവിധ്യ നാശത്തിനും കാരണമായേക്കാവുന്ന വികസന പ്രവർത്തനങ്ങളുടെ നിയന്ത്രണം സംബന്ധിച്ച നയങ്ങൾ സംസ്ഥാനം പുനഃപരിശോധിക്കേണ്ടതിന്റെ ആവശ്യകത ബെഞ്ച് ഊന്നിപ്പറഞ്ഞു. സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ അനുവദനീയമായ വികസന പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാർ സമഗ്രമായ നയം രൂപീകരിക്കണമെന്നും ബെഞ്ച് ശുപാർശ ചെയ്തു. ഈ നയം ഭൂമിയുടെ അന്തർലീനമായ സ്വഭാവം, പ്രകൃതി വിഭവങ്ങളുടെ ലഭ്യത, ജൈവ വൈവിധ്യ ബോർഡുകളിൽ നിന്നുള്ള റിപ്പോർട്ടുകൾ, പാരിസ്ഥിതിക സന്തുലിതാവസ്ഥയിലും മറ്റ് പാരിസ്ഥിതിക ഘടകങ്ങളിലും അത്തരം പ്രവർത്തനങ്ങളുടെ സാധ്യതയുള്ള ആഘാതം എന്നിവ പരിഗണിക്കണം. ഈ ഘടകങ്ങൾ കണക്കിലെടുത്ത് ഏതെങ്കിലും വികസന പ്രവർത്തനങ്ങൾക്ക് ലൈസൻസുകളോ പെർമിറ്റുകളോ നൽകുന്നതിനുള്ള തീരുമാനങ്ങൾ ഓരോ കേസിന്റെ അടിസ്ഥാനത്തിൽ എടുക്കണം.

തുടർന്ന്, സ്വമേധയാ കേസ് രജിസ്റ്റർ ചെയ്ത് വെള്ളിയാഴ്ചത്തേക്ക് ഷെഡ്യൂൾ ചെയ്യാൻ ബെഞ്ച് ഹൈക്കോടതി രജിസ്ട്രിക്ക് നിർദ്ദേശം നൽകി. കനത്ത മഴയും ഉരുൾപൊട്ടലും പോലുള്ള പ്രകൃതിദുരന്തങ്ങൾ നിയന്ത്രിക്കാൻ കഴിയില്ലെങ്കിലും, ഖനനവും പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്ന മറ്റ് പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നത് പോലുള്ള നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നത് പ്രയോജനകരമാണെന്ന് ബെഞ്ച് വ്യക്തമാക്കി.




ദുരന്തത്തെ അതിജീവിച്ച 'സർഗപ്രതിഭ': വയനാട്ടിലെ ചൂരൽമലയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ തകർന്ന വീട്ടിൽ ബാക്കിയായ പുഞ്ചിരിമട്ടത്തെ ബി. വൈഷ്ണവിന് ലഭിച്ച സർഗപ്രതിഭ അനുമോദന മൊമെന്റോ. ദുരന്തത്തിൽ വൈഷ്ണവ് ഉൾപ്പെടെ വീട്ടിലുള്ളവരെല്ലാം മരിച്ചു

ഫോട്ടോ: സഊദ് അൻവർ

# നാലാം സ്ഥാനത്ത് ചാനു; അബ്ദുള്ള 12-ാമത്




പാരീസ്: വനിതകളുടെ വെയ്റ്റ്‌ലിഫ്റ്റിങ്ങിൽ 49 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ മീരാഭായ് ചാനുവിന് നാലാം സ്ഥാനം. ഒരു കിലോഗ്രാമിന്റെ വ്യത്യാസത്തിലാണ് താരത്തിന് മെഡൽ നഷ്ടപ്പെട്ടത്. പുരുഷൻമാരുടെ 3000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ ഇന്ത്യയുടെ അവിനാഷ് സാബ്‌ലെയ്ക്കും മെഡൽ നേടാനായില്ല. 11-ാം സ്ഥാനത്താണ് അവിനാഷ് ഫിനിഷ് ചെയ്തത്. 8:41.18 സെക്കന്റിലാണ് സാബ്‌ലെ ഓടിയെത്തിയത്. മൊറോക്കോയുടെ സൂഫിയാനി അൽ ബക്കാലി സീസണിലെ മികച്ച സമയത്തോടെ സ്വർണം നേടി. യു.എസ്.എയുടെ കെന്നത്ത് റൂക്സ് വെള്ളിയും കെനിയയുടെ അബ്രഹാം കിബിവോട്ട് വെങ്കലവും നേടി. വെയ്റ്റ്‌ലിഫ്റ്റിങ്ങിൽ മികച്ച തുടക്കമായിരുന്നു മീരാഭായ് ചാനുവിന്റേത്. സ്നാച്ചിൽ ആദ്യ ശ്രമത്തിൽ 85 കിലോയാണ് ഉയർത്തിയത്. എന്നാൽ രണ്ടാം ശ്രമത്തിൽ 88 കിലോ ഉയർത്താൻ താരത്തിന് സാധിച്ചില്ല. മൂന്നാം ശ്രമത്തിൽ 88 കിലോ ഉയർത്തിയതോടെ താരം മെഡൽ സാധ്യത തുറന്നു. സനാച്ച് റൗണ്ട് അവസാനിക്കുമ്പോൾ മൂന്നാം സ്ഥാനത്തായിരുന്നു മീരാഭായ്. ഇന്ത്യയ്ക്ക് മെഡൽ പ്രതീക്ഷ കൈവന്നു. ക്ലീൻ ആന്റ് ജർക്ക് റൗണ്ടിലെ ആദ്യ ശ്രമത്തിൽ 111 കിലോ ഉയർത്താൻ താരത്തിന് സാധിച്ചില്ല. രണ്ടാം ശ്രമത്തിൽ 111 കിലോ ഉയർത്തിയതോടെ മൂന്നാം സ്ഥാനത്തെത്തി. വെങ്കലമെഡൽ പ്രതീക്ഷ നൽകി. എന്നാൽ പിന്നീട് പിന്നിലായി. മൂന്നാം ശ്രമത്തിൽ 114 കിലോ ഉയർത്താൻ സാധിക്കാതെ വന്നതോടെ മെഡലില്ലാതെ മടങ്ങി. 199 കിലോയാണ് മീരാഭായ് ഉയർത്തിയത്. മൂന്നാം സ്ഥാനം നേടിയ തായ്‌ലൻഡ് താരം 200 കിലോ ഉയർത്തി. ട്രിപ്പിൾ ജംപിൽ മലയാളി താരം അബ്ദുള്ള അബൂബക്കറിനു ഫൈനലിനു യോഗ്യത നേടാനായില്ല. 16.49 മീറ്റർ ചാടിയ അദ്ദേഹം 12-ാം സ്ഥാനത്താണ് ഫിനിഷ് ചെയ്തത്. ഇതേ ഇനത്തിൽ മത്സരിച്ച ഇന്ത്യയുടെ പ്രവീൺ ചിത്രവേൽ 16.21 മീറ്റർ ചാടി 13-ാം സ്ഥാനത്തും ഫിനിഷ് ചെയ്തു. 100 മീറ്റർ ഹർഡിൽസിൽ ഇന്ത്യയുടെ ജ്യോതി യാരാജിക്ക് സെമിഫൈനലിലെത്താനായില്ല. റെപാഷാഗ് റൗണ്ടിൽ നാലാമതെത്താനെ ജ്യോതിക്ക് സാധിച്ചുള്ളൂ. 13.17 സെക്കന്റിലാണ് താരം ഓടിയെത്തിയത്.

PARIS 2024

## ഗൾഫ് ചന്ദ്രിക സ്പോർട്സ്

*സ്പോർട്സ് എന്നത് മനുഷ്യന്റെ മനക്കരുത്തിന്റെ ആഘോഷമാണെന്ന് പറയാറുണ്ട്. എന്നാൽ ഇത് ശരിക്കും പ്രകടമായത് ഇന്നായിരുന്നു. ഒരു രാജ്യവും അവിടുത്തെ ജനങ്ങളും നിങ്ങളുടെ കീഴടങ്ങാൻ കൂട്ടാക്കാത്ത പോരാട്ട വീര്യം ആഘോഷിക്കുകയാണ്. കളത്തിന് അകത്തും പുറത്തും നിങ്ങളൊരു പോരാളിയാണ്. നിങ്ങളാണ് ഒരു പോരാളിയുടെ യഥാർത്ഥ ഉത്സാഹം ഉൾക്കൊള്ളുന്നത്. എല്ലാ വിജയങ്ങളും ഒരുപോലെയാവില്ല. ചിലരുടേത് നമ്മൾക്ക് മക്കൾക്ക് പറഞ്ഞു നൽകാൻ കഴിയുന്ന തരത്തിലുള്ള കഥകളാവും. ഈ രാജ്യത്തെ ഓരോ കുട്ടിയും മനസിലാക്കും നിങ്ങൾ ഒരു ജേതാവാണെന്ന്. നിങ്ങൾ പ്രകടിപ്പിച്ച മനക്കരുത്ത് പ്രകടിപ്പിക്കാനായിരിക്കും ഓരോ കുട്ടിയും ആഗ്രഹിക്കുക. അതിന് നിങ്ങളോട് നന്ദി പറയുന്നു*

–അഭിനവ് ബിന്ദ്ര



www.chandrikadaily.com

**BREAKING** വിനേഷ് ഫോഗട്ടിന്റെ ഹർജിയിൽ വാദം ഇന്ന്

# ഗുസ്തി ജയിച്ചു ഞാൻ തോറ്റു



## വിരമിക്കൽ പ്രഖ്യാപിച്ച് ഫോഗട്ട്

പാരിസ്: ഇന്ത്യൻ ഗുസ്തി താരം വിനേഷ് ഫോഗട്ട് വിരമിക്കൽ പ്രഖ്യാപിച്ചു. 'ഗുസ്തി ജയിച്ചു, ഞാൻ തോറ്റു, എന്നോട് ക്ഷമിക്കൂ. നിങ്ങളുടെ സ്വപ്നവും എന്റെ ധൈര്യവും തകർന്നിരിക്കുന്നു. എനിക്ക് ഇപ്പോൾ കൂടുതൽ ശക്തിയില്ല' എന്നാണ് സമൂഹ മാധ്യമത്തിൽ പങ്കിട്ട വിരമിക്കൽ പോസ്റ്റിൽ വിനേഷ് ഫോഗട്ട് കുറിച്ചിരിക്കുന്നത്.

ഒളിംപിക്സിൽ നിന്ന് വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കിയ സംഭവത്തിൽ പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലെന്ന് യുണൈറ്റഡ് വേൾഡ് റസ്‌ലിങ് തലവൻ നെനാദ് ലലോവിച് പറഞ്ഞരുന്നു. 50 കിലോ വിഭാഗത്തിൽ മത്സരിക്കുന്ന വിനേഷിന്റെ ശരീരഭാരം 100 ഗ്രാം കൂടുതലാണെന്നു പറഞ്ഞാണ് മത്സരത്തിൽനിന്നു വിലക്കിയത്. സ്വർണ മെഡലിനായി ഫൈനലിൽ മത്സരിക്കാൻ തയ്യാറെടുക്കുന്നതിനിടെയാണ് വിനേഷ് ഫോഗട്ട് അയോഗ്യയായത്. അനുവദനീയമായതിനേക്കാൾ 100 ഗ്രാം ഭാരം അധികമാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കിയത്. ബുധനാഴ്ച രാത്രി പതിനൊന്നരയ്ക്ക് നടക്കേണ്ട ഫൈനലിൽ അമേരിക്കയുടെ സാറാ ഹിൽഡ്ബ്രാണ്ടുമായാണ് അവർ ഏറ്റുമുട്ടേണ്ടിയിരുന്നത്. എന്നാൽ മത്സരത്തിന് മണിക്കൂറുകൾ ശേഷിക്കെ ഭാര പരിശോധനയിൽ പരാജയപ്പെട്ടതിനെ തുടർന്ന് അയോഗ്യയാക്കുകയായിരുന്നു.

50 കിലോ ഗ്രാം ഫ്രീസ്റ്റൈൽ വിഭാഗം പ്രീ ക്വാർട്ടറിൽ നിലവിലെ ഒളിംപിക് ചാമ്പ്യനും നാലുവട്ടം ലോകചാമ്പ്യനുമായ ജപ്പാന്റെ യുയി സുസാകിയെ അട്ടിമറിച്ചാണ് വിനേഷ് ഒളിംപിക്സിലെ പോരാട്ടത്തിനു തുടക്കമിട്ടത്. ക്വാർട്ടറിൽ മുൻ യൂറോപ്യൻ ചാമ്പ്യനായ ഒക്സാന ലിവാച്ചിനെ കീഴടക്കി. സെമിഫൈനലിൽ ക്യൂബയുടെ യുസ്‌നെലിസ് ഗുസ്മാൻ ലോപ്പസിനെ 5-0ന് കീഴടക്കിയാണ് ഫൈനൽ പോരാട്ടത്തിന് അർഹത നേടിയത്.

അതേ സമയം അയോഗ്യയാക്കപ്പെട്ട നടപടിക്കെതിരേ വിനേഷ് ഫോഗട്ട് കായിക തർക്ക പരിഹാര കോടതിയിൽ അപ്പീൽ നൽകിയിരുന്നു. വെള്ളി മെഡൽ പങ്കിടണമെന്ന ആവശ്യമാണ് ഫോഗട്ട് അപ്പീലിൽ ഉന്നയിച്ചത്. സ്വർണപ്പോരാട്ടത്തിന്റെ പടിവാതിൽക്കൽ വച്ച് അയോഗ്യയാക്കപ്പെട്ടിട്ടും സംയമനം കൈവിടാതെയാണ് വിനേഷ് ഫോഗട്ട് പ്രതികരിച്ചതെന്ന് പരിശീലകർ വെളിപ്പെടുത്തിയിരുന്നു. തന്നെ കാണാനെത്തിയ പരിശീലകരോട് വിനേഷ് ഫോഗട്ട് പറഞ്ഞത് മെഡൽ നഷ്ടമായത് ദൗർഭാഗ്യം തന്നെ. പക്ഷേ, അത് മത്സരത്തിന്റെ ഭാഗമാണല്ലോ എന്നായിരുന്നു.

ഒളിംപിക്സിൽ നിന്ന് അയോഗ്യയാക്കപ്പെട്ടതിനു പിന്നാലെ തന്നെ ആശ്വസിപ്പിക്കാനെത്തിയ ദേശീയ പരിശീലകരായ വീരേന്ദർ ദഹിയയോടും മൻജീത് റാണിയോടുമാണ് വിനേഷ് മനസ്സു തുറന്നത്. സംഭവം ഇന്ത്യയുടെ ഗുസ്തി സംഘത്തെ ഉലച്ചുകളഞ്ഞെന്ന് ദഹിയ പറഞ്ഞു. സംഘത്തിലെ പെൺകുട്ടികളാകെ തകർന്നു പോയി. വിനേഷിനെ കണ്ട് ആശ്വസിപ്പിക്കാനാണ് ഞങ്ങൾ പോയത്. അപ്പോഴാണ് വിനേഷ് ഉൾക്കരുത്തു ചോരാതെ ഇങ്ങനെ പറഞ്ഞതെന്നും ദഹിയ വെളിപ്പെടുത്തി.

ഇന്ത്യൻ ഗുസ്തി പാരമ്പര്യത്തിൽ ശ്രദ്ധേയമായ ഫോഗട്ട് കുടുംബത്തിൽ നിന്നാണ് വിനേഷും വരുന്നത്. മഹാവീർ സിങ് ഫോഗട്ടിന്റെ സഹോദരൻ രാജ്പാൽ ഫോഗട്ടിന്റെ മകളാണ് വിനേഷ്. ദംഗൽ എന്ന ചിത്രത്തിൽ ആമിർ ഖാനാണ് മഹാവീർ സിങ് ഫോഗട്ടിന്റെ വേഷം ചെയ്തത്. മക്കളായ ഗീത, ബബിത എന്നിവർക്കൊപ്പം വിനേഷിനെയും ചെറുപ്പം മുതൽ പരിശീലിപ്പിച്ചത് മഹാവീർ സിങ്ങാണ്.

## ഒളിംപിക് വില്ലേജിലെ സഞ്ജയ് സിങ്ങിന്റെ സാന്നിധ്യം

# സംശയാസ്പദം



ന്യൂഡൽഹി: ഭാരപരിശോധനയിൽ പരാജയപ്പെട്ടതിനെ തുടർന്ന് ഒളിംപിക്സിൽ നിന്ന് അയോഗ്യയാക്കപ്പെട്ട വനിതാ ഗുസ്തി താരം വിനേഷ് ഫോഗട്ട് കൂടുതൽ ആരോപണങ്ങളുമായി രംഗത്ത്.

ഗുസ്തി ഫെഡറേഷൻ ഓഫ് ഇന്ത്യയും (ഡബ്ല്യു.എഫ്.ഐ) പ്രസിഡന്റ് സഞ്ജയ് സിങ്ങും ഗെയിംസ് വില്ലേജിലെത്തി തന്റെ കാര്യത്തിൽ അനാവശ്യ ഇടപെടൽ നടത്തുന്നുവെന്നാണ് വിനേഷ് വ്യാഴാഴ്ച ഡൽഹി ഹൈക്കോടതിയെ അറിയിച്ചത്. ഗുസ്തി ഫെഡറേഷന്റെ തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റിയെ 2023 ഡിസംബറിൽ കേന്ദ്ര കായിക മന്ത്രാലയം സസ്പെൻഡ് ചെയ്തിട്ടും ഇത്തരം ഇടപെടൽ ആവർത്തിക്കുകയാണെന്ന് വിനേഷ് ഫോഗട്ടിന് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ രാഹുൽ മെഹ്റ ചൂണ്ടിക്കാട്ടി.

ഡബ്ല്യുഎഫ്ഐ പ്രോക്സികളാൽ നിയന്ത്രിക്കപ്പെടുകയാണെന്നും രാഹുൽ മെഹ്റ ആരോപിച്ചു. 2023 ഡിസംബറിൽ നടന്ന ഗുസ്തി ഫെഡറേഷന്റെ പുതിയ തിരഞ്ഞെടുപ്പ് നിയമവിരുദ്ധമാണെന്നും കായിക ചട്ടങ്ങൾ പാലിക്കാത്തതിനാൽ ഇത് മാറ്റിവെയ്ക്കണമെന്നും ആവശ്യപ്പെട്ട് ഗുസ്തി താരങ്ങളായ ബജ്റംഗ് പൂനിയ, വിനേഷ് ഫോഗട്ട് എന്നിവരടക്കമുള്ള താരങ്ങൾ ഈ വർഷം ആദ്യം ഡൽഹി ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി നൽകിയിരുന്നു. കൂടാതെ, ഫെഡറേഷന്റെ പ്രവർത്തനങ്ങൾ സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഒരു അപേക്ഷയും നൽകിയിരുന്നു. ഇക്കാര്യത്തിൽ മേയ് 24ന് വിധി പറയാൻ മാറ്റി വച്ചിരുന്നുവെങ്കിലും ഇതുവരെ വിധി പറഞ്ഞിട്ടില്ല. വ്യാഴാഴ്ച, ഫോഗട്ട് ഉൾപ്പെടെയുള്ള ഹർജിക്കാർ, അവരുടെ അഭിഭാഷകൻ മുഖേന, വിധി പ്രസ്താവിക്കുന്നതിനുള്ള തീയതി നിശ്ചയിക്കണമെന്ന് ജസ്റ്റിസ് സച്ചിൻ ദത്തയുടെ കോടതിയിൽ അഭ്യർഥിച്ചു. രാജ്യത്തിന് ഇപ്പോൾ ഉറപ്പായിരുന്ന ഒരു സ്വർണ മെഡൽ നഷ്ടപ്പെട്ടുവെന്ന് രാഹുൽ മെഹ്റ കോടതിയെ അറിയിച്ചു. അതേസമയം താരങ്ങളുടെ റിട്ട് ഹർജിയുടെ വാദം വ്യാഴാഴ്ച ജസ്റ്റിസ് പുരുഷൈന്ദ്ര കൗരവിന്റെ കോടതിയിലായിരുന്നു. ഈ വാദത്തിനിടെയാണ് രാഹുൽ മെഹ്റ, പാരീസിലെ ഗെയിംസ് വില്ലേജിൽ ഗുസ്തി ഫെഡറേഷനും പ്രസിഡന്റ് സഞ്ജയ് സിങ്ങും വിനേഷിന്റേതടക്കമുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിൽ അനാവശ്യ ഇടപെടൽ നടത്തുന്നുവെന്ന് കോടിതിയെ അറിയിച്ചത്.

## അവസാന മൽസരത്തിന് ശേഷം ശ്രീജേഷ് ചന്ദ്രികയുമായി സംസാരിക്കുന്നു

# ഇടനെഞ്ചാണ് മൈതാനം



പാരീസ്: ഹോക്കിയെന്നാൽ അതെന്നും ഉത്തരേന്ത്യൻ ഗെയിമായിരുന്നു. എട്ട് തവണ ഒളിംപിക്സ് ഹോക്കിയിൽ ഇന്ത്യ ഒന്നാമത് വന്നിട്ടുണ്ട്.ആ സംഘങ്ങളിലെല്ലാം ഉത്തരേന്ത്യൻ ബഹളമായിരുന്നു. ഹോക്കി മലയാള നാടിനും വഴങ്ങുമെന്ന് തെളിയിച്ചാണ് പി.ആർ ശ്രീജേഷ് എന്ന കൊച്ചിക്കാരൻ 20 വർഷം മുമ്പ് സ്റ്റിക്ക് കൈയിലെടുത്തത്.

തുടക്കത്തിൽ പലരും നിരുൽസാഹപ്പെടുത്തി. എന്നാൽ ഇന്നലെ രാജ്യാന്തര ഹോക്കിയിൽ നിന്നും അദ്ദേഹം കളമൊഴിഞ്ഞത് ലോക ഹോക്കിയിൽ തന്നെ ഇടം നേടിയാണ്. തുടർച്ചയായി രണ്ട് ഒളിംപിക്സ് മെഡലുകൾ. ശ്രീജേഷ് എന്ന ഗോൾകീപ്പറും കളിക്കാരനും മലയാളത്തിനൊതുങ്ങുന്നില്ല. എല്ലാവർക്കും പ്രിയങ്കരനായി അദ്ദേഹം രാജ്യത്തിൻറെ സ്വന്തമായാണ് വിരമിച്ചിരിക്കുന്നത്. ഇന്നലെ ഒളിംപിക് സ്റ്റേഡിയത്തിലെത്തിയ മിക്കവാറും ഇന്ത്യൻ ആരാധകരുടെ കൈവശവും ശ്രീജേഷ് ചിത്രമുള്ള കൊച്ചു ബാനറുകളുണ്ടായിരുന്നു. എല്ലാ കണ്ഠങ്ങളിൽ നിന്നും ശ്രീജേഷ് വിളികൾ. പഞ്ചാബികളും ഹരിയാനക്കാരുമെല്ലാം ഓട്ടോഗ്രാഫിനായി ബഹളം വെക്കുകയായിരുന്നു. ആരെയും നിരാശപ്പെടുത്താതെ എല്ലാവർക്ക് നേരെയും കൈകൾ വീശി അവരിലൊരാളായി ശ്രീജേഷും. സ്പെയിനിനെതിരായ മൽസരശേഷം അദ്ദേഹത്തെ സഹതാരങ്ങൾ തോളിലേറ്റി. പിന്നെ ശാന്തനായി ദീർഘകാലം വത്ത വലക്ക് അരികിലേക്ക്. ആ യാത്രയിൽ കോച്ചിംഗ് സ്റ്റാഫിലെ ഒരാൾ ദേശീയ പതാക നൽകി. അതിന് മുത്തം നൽകി.

ലോക കിരിടം ഒഴികെ കരിയറിൽ എല്ലാം നേടാനായി. ലോക ഹോക്കിയിലെ മികച്ച ഗോൾക്കീപ്പർ പട്ടം സ്വന്തമാക്കി. റിയോ ഒളിംപിക്സിൽ (2016) രാജ്യത്തിൻറെ അമരക്കാരനായി. ടോക്കിയോ ഒളിംപിക്സിൽ വെങ്കലം സ്വന്തമാക്കി. നാല് ഒളിംപിക്സുകളിൽ രാജ്യത്തിനായി കളിച്ചു. പാരീസിൽ എല്ലാ മൽസരങ്ങളിലും അദ്ദേഹമായിരുന്നു കാവൽക്കാരൻ.

ന്യൂസിലൻഡിനെതിരായ ആദ്യ മൽസരം മുതൽ അനിതരസാധാരണമായ മികവ്. പ്രതിയോഗികളെല്ലാം ശ്രീജേഷിനെ പേടിച്ചു. ക്വാർട്ടർ ഫൈനൽ പെനാൽട്ടി ഷൂട്ടൗട്ടിലേക്ക് പോയപ്പോൾ തന്നെ ഇംഗ്ലീഷ് ടിം പ്രതീക്ഷ കൈവിട്ടിരുന്നു. സെമി ഫൈനൽ ഒരു ഘട്ടത്തിൽ ഷൂട്ടൗട്ടിലേക്ക് പോവുമെന്ന് തോന്നിയപ്പോൾ ഇന്ത്യൻ ക്യാമ്പ് ആത്മവിശ്വാസത്തിലായിരുന്നു. കളി അവസാനിക്കാൻ ആറ് മിനുട്ട് മാത്രം ശേഷിക്കവെയായിരുന്നല്ലോ ജർമനിയുടെ വിജയ ഗോൾ.

തല ഉയർത്തിയാണ് താൻ മടങ്ങുന്നതെന്ന് ഇന്നലെ അവസാന മൽസരത്തിന് ശേഷം ചന്ദ്രികയോട് സംസാരിക്കവെ ശ്രീജേഷ് പറഞ്ഞു. എനിക്ക് ആദ്യ സ്പോർട്സ് കിറ്റ് വാങ്ങാൻ അഛൻ വീട്ടിലെ പശുവിനെ വിറ്റത് ഞാൻ നേരിൽ കണ്ടതാണ്. അന്ന് മുതലുള്ള കഠിന പ്രയത്നമാണിത്. രാജ്യത്തിനായി കളിക്കുകയെന്നത് വലിയ സ്വപ്നമായിരുന്നു. അത് സാധ്യമായത് മുതൽ ആ സ്ഥാനം നിലനിർത്താനുള്ള കഠിനാദ്ധ്വാനമായിരുന്നു.

ഇത്രയും കാലം ടീമിനൊപ്പം നടത്തിയ യാത്ര അവസാനിക്കുമ്പോൾ വേദന സ്വാഭാവികമാണ്. പക്ഷേ ഇത് ആലോചിച്ചെടുത്ത തീരുമാനമാണ്. പുതിയ താരങ്ങൾ വരട്ടെ. അവർക്കുള്ള അവസരമാണിനി. എന്നും ഇന്ത്യൻ ഹോക്കിയുടെ ഭാഗമായി ഞാനുണ്ടാവുംഅദ്ദേഹം പറഞ്ഞു. ക്രിക്കറ്റ് ഇഷ്ടമാണ്.

പക്ഷേ ഹോക്കിയെന്നാൽ ഇന്ത്യക്കത് വികാരമാണ്. ആ വികാരം ഒരിക്കലും ഇല്ലാതാവില്ലെന്നും അദ്ദേഹം പറഞ്ഞു.

# സോപ്പ് എവിടെയുമില്ല പെർഫ്യൂം എല്ലായിടത്തും



LOVE U PARIS 15

കമാൽ വരദൂർ



പാരീസിലെ പെർഫ്യൂം മ്യൂസിയത്തിൽ നിന്നുള്ള ചിത്രം

ഫ്രഞ്ചുകാരോട് സോപ്പ് ചോദിക്കരുത്. അതവർക്ക് താൽപര്യമില്ലാത്ത കാര്യമാണ്. പകരം പെർഫ്യൂമിനെക്കുറിച്ച് ചോദിക്കുക. അവർ നിങ്ങൾക്ക് പഠനക്ലാസ് എടുത്ത് തരും. സ്റ്റഡ് ഡി പാരീസ് സ്റ്റേഡിയത്തിലെ മീഡിയാ റൂമിലെ ശീതളിമയിൽ അൽപസമയം ചെലവഴിക്കാമെന്ന് കരുതി കയറിയതായിരുന്നു. പുറത്ത് വെയിൽ കത്തിയാളുന്നതിനിടെയാണ് വിശ്രമം തേടിയത്. അരികിൽ ഒരു ഫ്രഞ്ചുകാരനായിരുന്നു.

അദ്ദേഹത്തിൽ നിന്ന് നല്ല സുഗന്ധം പരക്കുന്നു. ഇടക്കിടെ അദ്ദേഹം ബാഗ് തുറക്കുന്നു, കൈകളിൽ മോയിസ്റ്ററൈസ് പുരട്ടുന്നു. ദേഹത്ത് സ്പ്രേ പൂശുന്നു. ഈ പുതുമണവാളന് ഭാഗ്യത്തിന് ഇംഗ്ലീഷ് അറിയാം. ചോദിച്ചതും നാട്ടിലെ റിട്ടയേർഡ് മിലിട്ടറിക്കാരനെ പോലെ അതാ ഫ്രഞ്ച് പെർഫ്യൂം ചരിത്രം വരുന്നു. എന്തിൽ നിന്നും ഫ്രഞ്ചുകാർ പെർഫ്യൂം ഉണ്ടാക്കും. ചെടികൾ, പഴവർഗങ്ങൾ, പച്ചക്കറികൾ, വേരുകൾ, മൃഗക്കൊഴുപ്പ് തുടങ്ങി ഫ്രഞ്ചുകാർ പെർഫ്യൂമിന് ആശ്രയിക്കാത്ത സാധന സാമഗ്രികൾ ഇല്ലത്രെ..!! ഇനി എപ്പോഴെല്ലാമാണ് ഈ സ്പ്രേ പ്രയോഗം എന്ന ചോദ്യത്തിനുത്തരവും വലിയ വിവരണമായിരുന്നു. രാവിലെ മുതൽ പ്രയോഗമാണ്. കുളിയിലൊന്നും വലിയ വിശ്വാസമില്ലാത്തത് പോലെ. ബാത്ത്റൂമുകളിൽ സോപ്പിന് പകരം പെർഫ്യൂം ലോഷനുകളാണ്. കുളി നിർബന്ധമില്ലെന്നിരിക്കെ രാവിലെ ദേഹത്ത് സുഗന്ധ ദ്രവ്യങ്ങൾ അടിച്ചാണ് ഓഫിസിലേക്കോ ജോലിക്കോ പുറത്തിറങ്ങുക. എല്ലാവരും ബാഗിൽ പെർഫ്യൂമുകളുമായാണ് ഇറങ്ങുക. നമ്മുടെ കഥാനായകൻ അദ്ദേഹത്തിന്റെ ബാഗ് തുറന്ന് കാട്ടാൻ മടിച്ചില്ല. മൂന്ന് തരം പെർഫ്യൂമുകൾ. രാവിലെ ഉപയോഗിക്കുന്നവ മൈൽഡ് ആയിരിക്കും.അതായത് മെട്രോയിലോ, ട്രാമിലോ, ബസിലോ ഒപ്പം യാത്ര ചെയ്യുന്നവരെ ദ്രോഹിക്കാത്തവ. ഓഫീസിലും ജോലിസ്ഥലത്തും പുഷ്പ നിർമിത ദ്രവ്യമാണ് ഉപയോഗിക്കുക. വൈകുന്നേരം ജോലി കഴിഞ്ഞ് മടങ്ങുമ്പോൾ അൽപ്പമധികം ശക്തിയുള്ള മൃഗക്കൊഴുപ്പിൽ നിന്നും നിർമിക്കുന്ന പെർഫ്യൂം. നമ്മുടെ നായകനെ അതിനിടയിൽ പരിചയപ്പെടുത്താൻ മറന്നു, മാർക് റെയ്നേ.

ലോകത്തിന്റെ പെർഫ്യൂം ആസ്ഥാനം പാരീസാണ്. ഇവിടെ നിന്നാണ് ഗൾഫ് ഉൾപ്പെടെ എല്ലായിടങ്ങളിലേക്കും പെർഫ്യൂമുകൾ കയറ്റുമതി ചെയ്യുന്നത്. ഫ്രഞ്ചുകാർ ഉപയോഗിക്കുന്ന സ്പ്രേകൾ നമ്മുടെ കാലാവസ്ഥക്ക് അനുയോജ്യമല്ല. അതിനാൽ വിവിധ രാജ്യങ്ങളിലെ കാലാവസ്ഥക്ക് അനുസൃതമായാണ് പാരീസ് കമ്പനികളുടെ സുഗന്ധനിർമാണം. Maison Guerlain എന്ന പെർഫ്യൂമിനാണ് പാരീസിൽ വലിയ മാർക്കറ്റ്. അതിന്റെ വില കേട്ടാൽ ഹൃദയാഘാത സാധ്യതയുള്ളതിനാൽ അത് പറയുന്നില്ല. ഫ്രാഗോനാഡാണ് പാരീസിലെ വലിയ പെർഫ്യൂം നിർമാതാക്കൾ.

ഇവരുടെ ഒരു മ്യൂസിയം നഗരമധ്യത്തിലെ ഒപേര ഹൗസിന് സമീപമുണ്ട്. അത് സന്ദർശിച്ചാലറിയാം പരമ്പരാഗത ഫ്രഞ്ച് പെർഫ്യൂം നിർമാണം. ആയിരക്കണക്കിന് തൊഴിലാളികളാണ് ഫാക്ടറികളിൽ ജോലി ചെയ്യുന്നത്. പെർഫ്യൂം ബോട്ടിലുകളും അതിസുന്ദരമാണ്. ആഢംബര പ്രേമികളാണ് ഫ്രഞ്ചുകാർ. സ്പ്രേ ബോട്ടിലുകളിൽ അത് കാണാനുമുണ്ട്. ആഫ്രിക്കക്കാരാണ്. ഈ മേഖല അവർക്ക് സ്വന്തമാണ്.

സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ
അംഗീകൃത ഏജൻസിയായ അൽഹിന്ദ് കൂടെയുണ്ട്
• HRD/Home Attestation
• MEA Attestation
• Apostille Attestation
• All Embassy Attestation
alhind ATTESTATION
+91 9496 06 8888 www.alhindattestation.com

# സെഹ്റാവത്ത് സെമിയിൽ തോറ്റു

പാരിസ്: ഒളിംപിക്സിൽ പുരുഷ വിഭാഗം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ 57 കിലോഗ്രാം വിഭാഗത്തിൽ അമൻ സെഹ്റാവത്ത് സെമിയിൽ തോറ്റു. ജപ്പാന്റെ റെയ് ഹിഗുച്ചിയോട് 0-10നായിരുന്നു അമന്റെ തോൽവി. നേരത്തെ അൽബേനിയയുടെ മുൻ ലോകചാംപ്യൻ സെലിംഖാൻ അബകറോവിനെ 11-0 ന് തോൽപിച്ചാണ് അമൻ സെമിയിലെത്തിയത്. ഏകപക്ഷീയമായ മത്സരത്തിൽ മാസിഡോണിയയുടെ വ്ളാഡിമിർ ഇഗോറോവിനെ തോൽപ്പിച്ചാണ് സെഹ്റാവത്ത് ക്വാർട്ടറിൽ കടന്നത്. അതേസമയം, വനിതാ വിഭാഗം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ 57 കിലോഗ്രാം വിഭാഗത്തിൽ അൻഷു മാലിക് പ്രീക്വാർട്ടറിൽ തോറ്റു. യുഎസ്എ താരം ഹെലനോട് 7-0നാണ് അൻഷുവിന്റെ തോൽവി.സെമിയിൽ തോറ്റെങ്കിലും വെങ്കല മെഡലിനായി അമൻ ഇന്ന് മത്സരിക്കും.

# അന്തിം പംഗലിന്റെ പാസിൽ സഹോദരി ഗെയിംസ് വില്ലേജിൽ; ഫ്രാൻസ് വിട്ടുപോകാൻ നിർദേശം

ന്യൂഡൽഹി: അച്ചടക്കലംഘനം നടത്തിയതിനെത്തുടർന്ന് ഇന്ത്യൻ ഗുസ്തി താരം അന്തിം പംഗലിനെയും ഒപ്പമുള്ളവരെയും പാരീസിൽ നിന്ന് തിരിച്ചയച്ചു. അക്രഡിറ്റേഷൻ കാർഡ് ദുരുപയോഗം ചെയ്തെന്ന് കാട്ടിയാണ് നടപടി. അനിയത്തിക്ക് തന്റെ ഔദ്യോഗിക അക്രഡിറ്റേഷൻ കാർഡ് കൈമാറിയതാണ് നടപടിക്ക് ഇടയാക്കിയത്. വനിതകളുടെ 53 കിലോഗ്രാം വിഭാഗം പ്രീക്വാർട്ടറിൽ അന്തിം പംഗൽ തുർക്കിയുടെ സൈനബ് യെറ്റ്ഗിലിനോട് പരാജയപ്പെട്ട് പുറത്തായിരുന്നു. 10-0ന് ആയിരുന്നു തോൽവി.ഗെയിംസ് വില്ലേജിൽ സൂക്ഷിച്ച തന്റെ സാധനങ്ങൾ എടുക്കുന്നതിനായി അനിയത്തിക്ക് തന്റെ അക്രഡിറ്റേഷൻ കാർഡ് കൈമാറുകയായിരുന്നു. ഇതുമായി അനിയത്തി ഗെയിംസ് വില്ലേജിൽ കടന്നു. പക്ഷേ, സാധനങ്ങളുമായി പുറത്തുകടക്കുന്നതിനിടെ സുരക്ഷാ ഉദ്യോഗസ്ഥൻ പിടികൂടി. തുടർന്ന് ഇവരെ പൊലീസിൽ ഏൽപ്പിക്കുകയും മൊഴി രേഖപ്പെടുത്തുകയും ചെയ്തു. പിന്നാലെ അന്തിം സ്റ്റേഷനിൽ ഹാജരായതിനെ തുടർന്ന് ഇവരെ പിന്നീട് വിട്ടയച്ചു. പ്രീക്വാർട്ടറിലേറ്റ തോൽവിക്കു പിന്നാലെ അന്തിം ഹോട്ടലിൽ പരിശീലകരായ ഭഗത് സിങ്ങിനും വികാസിനും അടുത്തെത്തി. ഇതിനിടെ അനിയത്തിയോട് സാധനങ്ങൾ ശേഖരിച്ചുവരാൻ പറഞ്ഞ് അക്രഡിറ്റേഷൻ കാർഡ് നൽകി വിട്ടു. എന്നാൽ, സുരക്ഷാ ഉദ്യോഗസ്ഥൻ ഇത് തിരിച്ചറിഞ്ഞ് പോലീസിനെ അറിയിക്കുകയായിരുന്നു. തുടർന്ന് ഫ്രഞ്ച് അധികൃതരിൽ നിന്ന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന് നോട്ടീസ് ലഭിച്ചു. അന്തിമിനോടും സപ്പോർട്ടിങ് സ്റ്റാഫിനോടും രാജ്യത്തു നിന്ന് പുറത്തുപോകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമിന്റെ അക്രഡിറ്റേഷൻ റദ്ദാക്കുകയും ചെയ്തു.

## ജലനിധിയിൽ പ്രൊജക്ട് കമ്മീഷണർ നിയമനം

മലപ്പുറം: ജലനിധി മലപ്പുറം മേഖലാ കാര്യാലയത്തിൽ പ്രോജക്റ്റ് കമ്മീഷണറുടെ ഒഴിവിലേക്ക് താത്കാലിക നിയമനം നടത്തുന്നു. ബി.ടെക്/ബി ഇ (സിവിൽ) എഞ്ചിനീയറിങ് ബിരുദവും കുടിവെള്ള പദ്ധതി മേഖലയിൽ പ്രവർത്തന പരിചയവുമാണ് യോഗ്യത.

പ്രതിദിനം 1185 രൂപ വേതനം ലഭിക്കും. താൽപര്യമുള്ളവർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ സഹിതം കെ.ആർ.ഡബ്ല്യു.എസ്.എ(ജലനിധി) മലപ്പുറം മേഖല കാര്യാലയത്തിൽ 21ന് രാവിലെ 10 മണിക്ക് കൂടിക്കാഴ്ചയ്ക്ക് ഹാജരാവണം. ഫോൺ: 0483 2738566, 8281112185.

## പാരിസ്ഥിതിക ആഘാത നിർണയത്തിന് ഏജൻസിയെ തിരഞ്ഞെടുക്കുന്നു

മലപ്പുറം: ജില്ലയിലെ വിവിധ പദ്ധതികൾക്ക് തീരദേശ നിയന്ത്രണ നിയമമനുസരിച്ചുള്ള (സി.ആർ.ഇസെഡ്) അനുമതി ലഭ്യമാക്കുന്നതിന് പഠനം നടത്തി പാരിസ്ഥിതിക ആഘാത നിർണയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏജൻസിയെ തിരഞ്ഞെടുക്കുന്നു. തവനൂർ നിയോജക മണ്ഡലത്തിലെ നായർതോട് പാലം, താനൂർ നിയോജക മണ്ഡലത്തിലെ അഞ്ചുടി- കുണ്ടുങ്ങൽ പാലം, വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മുദിയം പാലം എന്നീ പദ്ധതികൾക്കാണ് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടത്. നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ എജ്യുക്കേഷൻ ആന്റ് ട്രെയിനിങ്ങിനു കീഴിലെ അക്രഡിറ്റഡ് ഏജൻസികൾക്ക് അപേക്ഷിക്കാം. ഓരോ പദ്ധതികൾക്കുമായി വെവ്വേറെ ക്വട്ടേഷൻ സമർപ്പിക്കണം. 30ന് വൈകീട്ട് മൂന്നു മണിക്കു മുമ്പായി ക്വട്ടേഷൻ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: കെ.ആർ.എഫ്ബി- പി.എം.യു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ബിൽഡിങ് നമ്പർ: 17/620, റിങ് റോഡ്, ഷൊർണ്ണൂർ, 679121. ഫോൺ: 9400322678.



### രണ്ടര വർഷമായി എസ്.ടി ഫണ്ട് നൽകുന്നില്ല

# മെസ്സിൽ നിന്ന് ഭക്ഷണമില്ല; ദലിത് വിദ്യാർഥികൾ സമരത്തിൽ

തേഞ്ഞിപ്പലം : രണ്ടര വർഷത്തിലധികമായി എസ്.ടി വിദ്യാർഥികൾക്ക് സർക്കാർ നൽകുന്ന ഗ്രാന്റ് ലഭിക്കാത്തതിനാൽ സർവകലാശാലക്ക് കീഴിലുള്ള തൃശൂർ ജോൺ മത്തായി സെന്ററിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഹോസ്റ്റലിൽ നിന്ന് ഭക്ഷണം ലഭിക്കുന്നില്ലെന്ന് പരാതി.

സർക്കാരിൽ നിന്ന് പണം ലഭിക്കാതെ ഭക്ഷണം നൽകാനാവില്ല എന്നാണ് മെസ്സിൽ നിന്ന് പറഞ്ഞതെന്നാണ് വിദ്യാർഥികൾ പരാതിപ്പെടുന്നത്. പണം കയ്യിൽ ഉണ്ടായിട്ടും ഭക്ഷണം കഴിച്ചതിന്റെ ബില്ലടക്കാൻ വിദ്യാർഥികൾ എന്താണ് തയ്യാറാവാത്തതെന്ന് ചോദിച്ച് ഹോസ്റ്റൽ വാർഡൻ ശകാരിച്ചതായും വിദ്യാർഥികൾ പരാതി ഉന്നയിക്കുന്നുണ്ട്. കൂടാതെ ജാതി പേര് വിളിച്ചതിനെതിരെയും വിദ്യാർഥികൾക്ക് പരാതിയുണ്ട് . എക്കണോമിക്സ്, ഡ്രാമ, മ്യൂസിക്, എം.സി.എ ബി.എഡ്, എം.ബി.എ തുടങ്ങിയ കോഴ്സുകളാണ് തൃശൂർ ജോൺ മത്തായി സെന്ററിൽ ഉള്ളത് ഇതിൽ ഇക്കണോമിക്സിലും ഡ്രാമയിലും മ്യൂസിക്കിലും ഉൾപ്പെടെയാണ് ദലിത് വിദ്യാർഥികൾ പഠിക്കുന്നത് വിദ്യാർഥികൾ ഹോസ്റ്റൽ മെസ്സിൽ നിന്ന് ഭക്ഷണം കഴിക്കാറുണ്ട് ഇതിൽ 40 പേർ ആൺകുട്ടികളാണ് സർക്കാരിന്റെ ഗ്രാന്റ് ലഭിക്കാത്തതിനാൽ എസ്.സി, എസ്.ടി വിദ്യാർഥികൾക്ക് മൂന്ന് മാസത്തോളമായി ഹോസ്റ്റലിൽ ഭക്ഷണത്തിന്റെ പണം നൽകാൻ കഴിയുന്നില്ലെന്നാണ് പറയുന്നത്. ഗ്രാന്റ് വിദ്യാർഥികളുടെ കയ്യിൽ ലഭിക്കാറില്ല. മെസ്, ഹോസ്റ്റൽ ഫീസ് ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനത്തിനാണ് ഗ്രാന്റ് ലഭിക്കുക. മെസ്സിൽ നിന്ന് പണം ചോദിച്ച് മെസ് നടത്തിപ്പുകാർ തങ്ങളെ അപമാനിക്കുന്നതായും കളിയാക്കുന്നതായും വിദ്യാർഥികളിൽ നിന്ന് പരാതി ഉയരുന്നുണ്ട് ഈ കാര്യത്തിൽ ഹോസ്റ്റൽ വാർഡനും മേട്രനും എല്ലാ വിദ്യാർഥികളെയും വിളിച്ച് മാപ്പ് ചോദിക്കണമെന്നും മേട്രനെ പിരിച്ചുവിടണമെന്നും ആവശ്യപ്പെട്ടാണ് വിദ്യാർഥികൾ സമരം രണ്ടു ദിവസമായി ചെയ്യുന്നത്. പഠിപ്പ് മുടക്കിയിട്ടുള്ള സമരമാണ് ഇവർ നടത്തുന്നത് ചില ദലിത് ആദിവാസി സംഘടനകൾ സമരം ഏറ്റെടുത്തതോടുകൂടി പ്രശ്നപരിഹാരം അകലെ ആവുകയാണ്. സർവകലാശാലക്ക് ഇത് സംബന്ധിച്ച് ജോൺ മത്തായി സെന്റർ അധികാരികൾ റിപ്പോർട്ട് നൽകിയിട്ടുണ്ട് എന്നാണ് പറയപ്പെടുന്നത് സ്റ്റുഡൻസ് ഗ്രീവൻസ് സെല്ലും വിദ്യാർഥികളിൽ നിന്ന് പരാതി വാങ്ങുകയും കേൾക്കുകയും ചെയ്തിട്ടുണ്ട്.

## കെ.ടി മാനു മുസ്‌ലിയാർ അനുസ്മരണം ഇന്ന്

നിലമ്പൂർ: സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ സെക്രട്ടറിയും വിദ്യാഭ്യാസ ബോർഡ് ജനറൽ സെക്രട്ടറിയുമായിരുന്ന കെ.ടി മാനു മുസ്‌ലിയാർ അനുസ്മരണവും മജ്‌ലിസുന്നൂർ ജില്ലാ സംഗമവും ഇന്ന് വൈകീട്ട് 4 മണിക്ക് നിലമ്പൂർ ചന്തക്കുന്ന് മർകസിൽ നടക്കും.

സിയാറത്ത്, മൗലിദ്, മജ്‌ലിസുന്നൂർ പാരായണം, അനുസ്മരണം, കൂട്ട പ്രാർഥന എന്നിവ നടക്കും. യൂണിറ്റു തലങ്ങളിലും പഞ്ചായത്ത്, മണ്ഡലം തലങ്ങളിലും മജ്‌ലിസുന്നൂർ സദസ്സുകൾക്ക് നേതൃത്വം നൽകുന്ന അമീറുമാർ എല്ലാവരും ഒന്നിച്ച് സംഗമിക്കുന്ന പരിപാടി പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും.

സ്വാഗതസംഘം ചെയർമാൻ ഇ. മൊയ്തീൻ ഫൈസി പുത്തനഴി അധ്യക്ഷനാകും. അബ്ദുസ്സമദ് പൂക്കോട്ടൂർ, ഇ.കെ കുഞ്ഞമ്മദ് മുസ്‌ലിയാർ കാട്ടുമുണ്ട, അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ്, ഇസ്മാഈൽ മൂത്തേടം, ആര്യാടൻ ഷൗത്ത്, മാട്ടുമ്മൽ സലീം, കെ.ടി ഇസ്ഹാഖ് ഫൈസി ചാമപ്പറമ്പ്, ഹംസ മുസ്‌ലിയാർ വല്ലപ്പുഴ, അബ്ദുൽ അസീസ് മുസ്‌ലിയാർ മൂത്തേടം, സലീം എടക്കര, പ്രസംഗിക്കും. മഗ്‌രിബിന് ശേഷം നടക്കുന്ന മജ്‌ലിസുന്നൂർ സംഗമത്തിൽ ഹസൻ സഖാഫി പൂക്കോട്ടൂർ ഉദ്ബോധനം നടത്തും. ജില്ലാ അമീർ സയ്യിദ് ഒ.എം.എസ് തങ്ങൾ മേലാറ്റൂർ സമാപനം പ്രാർഥന നടത്തും.

# പെരിന്തൽമണ്ണ തിരഞ്ഞെടുപ്പ്; ഇടത് മോഹങ്ങൾക്ക് കനത്ത തിരിച്ചടി

പെരിന്തൽമണ്ണ: ഹൈക്കോടതി വിധി അനാവശ്യ നിയമ പോരാട്ടത്തിലൂടെ ജനവിധിയെ അട്ടിമറിക്കാമെന്ന എൽ. ഡി.എഫിന്റെ ജനാധിപത്യവിരുദ്ധ നടപടിക്കേറ്റ തിരിച്ചടിയാണെന്ന് മണ്ഡലം യു.ഡി.എഫ് കൺവീനർ അഡ്വ. എസ്. അബ്ദു സലാം പറഞ്ഞു. മണ്ഡലത്തിലെ ഒരു ബൂത്ത് ഒഴികെയുള്ള ഇ.വി.എം വോട്ടുകളും പോസ്റ്റൽ വോട്ടുകളും എണ്ണിയപ്പോൾ എൽ.ഡി.എഫ് സ്ഥാനാർത്ഥി 99 വോട്ടിന് മുന്നിട്ട് നിൽക്കുകയായിരുന്നു.

തുടർന്ന് ഇ.വി.എം തകരാറിലായി വോട്ടുകൾ എണ്ണാൻ കഴിയാതെ മാറ്റി വെച്ച മെഷീനിലെ വോട്ടുകളുടെ വി.വിപാറ്റ് എണ്ണിയപ്പോൾ യു.ഡി.എഫ് സ്ഥാനാർത്ഥിയായ നജീബ് കാന്തപുരം 38 വോട്ടിന് മുന്നിലായി. ഈ അവസരത്തിൽ സാങ്കേതിക തകരാറു കാരണം തള്ളിയ 348 വോട്ടുകൾ പരിഗണിക്കണമെന്ന് എൽ. ഡി.എഫ് സ്ഥാനാർത്ഥിയുടെ ചീഫ് ഇലക്ഷൻ ഏജന്റും കൗണ്ടിങ് ഏജന്റുമാരും ആവശ്യപ്പെട്ടു.

നജീബ് കാന്തപുരത്തിന്റെ ഭൂരിപക്ഷം സാങ്കേതിക തകരാറു കാരണം തള്ളിയ വോട്ടുകളുടെ എണ്ണത്തേക്കാളും കുറവായതിനാൽ തിരഞ്ഞെടുപ്പ് ചട്ടങ്ങളനുസരിച്ച് മത്സരിച്ച എല്ലാ സ്ഥാനാർത്ഥികളുടേയും ചീഫ് ഇലക്ഷൻ ഏജന്റുമാരുടേയും കൗണ്ടിങ് ഏജന്റുമാരുടേയും സാന്നിധ്യത്തിൽ റിട്ടേർണിങ് ഓഫീസർ, പെരിന്തൽമണ്ണ സബ്ബ് കലക്ടർ കെ.അഞ്ജു ഐ.എ.എസ്. നേരത്തെ തള്ളിയ വോട്ടുകളുടെ രേഖകൾ വീണ്ടും പരിശോധിച്ച് അപ്രകാരമുള്ള പരിശോധനയിലും 348 വോട്ടുകൾ അസാധുവാണെന്ന് കണ്ടെത്തി നജീബ് കാന്തപുരത്തിനെ 38 വോട്ടുകളുടെ ഭൂരിപക്ഷത്തിന് തിരഞ്ഞെടുക്കപ്പെട്ടതായി റിട്ടേർണിങ് ഓഫീസർ പ്രഖ്യാപിച്ചിരുന്നത്. റിട്ടേണിങ് ഓഫീസറുടെ ഈ നടപടിയിൽ അസംതൃപ്തരായ എൽ.ഡി.എഫ് പ്രവർത്തകർ പ്രസ്തുത വോട്ടുകൾ പരിഗണനക്ക് എടുക്കണമെന്ന് ആവശ്യപ്പെട്ട് ബഹളം വെച്ചു. എന്നാൽ നിയമ പ്രകാരം ഭൂരിപക്ഷം വോട്ട് കിട്ടയതിന്റെ അടിസ്ഥാനത്തിലാണ് നജീബ് കാന്തപുരത്തെ വിജയിയായി പ്രഖ്യാപിച്ചിരിക്കുന്നതെന്ന് റിട്ടേണിങ് ഓഫീസർ അറിയിച്ചത്. റിട്ടേണിങ് ഓഫീസറുടെ ഈ നടപടി കോവിഡ് രോഗികൾക്കും വയസായവർക്കും വേണ്ടി കൊണ്ടുവന്ന സ്പെഷൽ പോസ്റ്റൽ ബാലറ്റുകളുടെ കാര്യത്തിൽ ശരിയല്ലെന്നും റിട്ടേണിങ് ഓഫീസറുടെ നടപടി നിയമവിരുദ്ധമാണെന്ന് പറഞ്ഞാണ് എൽ.ഡി.എഫ് സ്ഥാനാർത്ഥി ഹൈക്കോടതിയെ സമീപിച്ചത്. മേൽ പറഞ്ഞ 348 വോട്ടുകൾ തള്ളിയത് തിരഞ്ഞെടുപ്പ് ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണെന്നും ബോധ്യപ്പെട്ടിട്ടും ഹൈക്കോടതിയെ സമീപിച്ച എൽ.ഡി.എഫിന് നിയമപരമായ തിരിച്ചടിയാണ് നേരിട്ടിരിക്കുന്നതെന്ന് പെരിന്തൽമണ്ണ നിയോജകമണ്ഡലം യു.ഡി.എഫ് കൺവീനറും നജീബ് കാന്തപുരത്തിന്റെ ചീഫ് ഇലക്ഷൻ ഏജന്റുമായ അഡ്വ: എസ്.അബ്ദു സലാം പറഞ്ഞു.



നജീബ് കാന്തപുരം എം.എൽ.എക്ക് അനുകൂലമായി ഉണ്ടായ ഹൈക്കോടതി വിധിയിൽ മുസ്‌ലിം ലീഗ് പ്രവർത്തകർ പെരിന്തൽമണ്ണ മുസ്‌ലിം ലീഗ് ഓഫീസിന് മുന്നിൽ ആഹ്ലാദം പങ്കിടുന്നു

## രേഖകളില്ലാത്ത 15 ലക്ഷം രൂപയുമായി തിരൂർക്കാട് സ്വദേശിനി അറസ്റ്റിൽ

പെരിന്തൽമണ്ണ: അനധികൃതമായി രേഖകളില്ലാതെ കൈവശം സൂക്ഷിച്ച 15 ലക്ഷം രൂപയുമായി സ്ത്രീ അറസ്റ്റിൽ. തിരൂർക്കാട് സ്വദേശിനി മാടായി മുംതാസ് ലൈല (50) ആണ് അറസ്റ്റിലായത്.

ഉച്ചക്ക് പന്ത്രണ്ടരയോടെ പട്ടാമ്പി റോഡ് എസ്.ബി.ഐ എ.ടി.എമ്മിനു മുൻ വശത്താണ് സംഭവം. ഒരു ബാഗ് നിറയെ പണവുമായി എസ്.ബി.ഐ എ.ടി.എമ്മിൽ വന്ന യുവതി സി.ഡി.എം വഴി വിവിധ അക്കൗണ്ടുകളിലേക്ക് പണം നിക്ഷേപിക്കുന്നതായി ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പൊലീസ് സംഘം സ്ഥലത്തെത്തിയത്. സ്ത്രീക്ക് പണത്തിന്റെ ഉറവിടത്തെ കുറിച്ച് വ്യക്തമായ മറുപടി നൽകാനായില്ല. ഇവർ അനധികൃത പണമിടപാട് സംഘത്തിലെ കണ്ണിയാണെന്ന് ചോദ്യം ചെയ്യലിൽ വ്യക്തമായതായി പെരിന്തൽമണ്ണ എസ്.എച്ച്.ഒ സുമേഷ് സുധാകർ അറിയിച്ചു. പെരിന്തൽമണ്ണ കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.

### വയനാടിന്റെ കണ്ണീരൊപ്പാൻ ജില്ലയിൽ മുസ്‌ലിംലീഗ്

# ത്രിദിന മാസ് ഡ്രൈവ് ഇന്നും നാളെയും മറ്റന്നാളും

മലപ്പുറം : വയനാട് മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലെ മനുഷ്യ മനസാക്ഷിയെ നടുക്കിയ ദുരന്തത്തിൽ നിന്ന് രക്ഷപ്പെട്ട ജനങ്ങളെ ഗവൺമെന്റ് പുനരാധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടി സംസ്ഥാന മുസ്‌ലിംലീഗ് കമ്മിറ്റി സമാഹരിക്കുന്ന ദുരിതാശ്വാസ ഫണ്ട് സമാഹരണം വിജയിപ്പിക്കുന്നതിനായി ജനകീയ തലത്തിൽ ത്രിദിന മാസ് ഡ്രൈവ് സംഘടിപ്പിക്കുവാൻ ജില്ലാ മുസ്‌ലിംലീഗ് കമ്മിറ്റി പ്രവർത്തകരോട് ആഹ്വാനം ചെയ്തു. 9, 10, 11 തീയതികളിലാണ് മാസ് ഡ്രൈവ് ഉദ്ദേശിക്കുന്നത്. 9ന് പള്ളികൾക്കു മുന്നിലും 10, 11 തീയതികളിൽ വീടുകളും കടകളും കയറിയിറങ്ങിയും മാസ് ഡ്രൈവ് സംഘടിപ്പിക്കുവാനാണ് നിർദേശം.

ഓരോ വാർഡുകളിൽ നിന്നും ലഭ്യമാവുന്ന സംഭാവന സംസ്ഥാന മുസ്‌ലിംലീഗ് കമ്മിറ്റി നടത്തിക്കൊണ്ടിരിക്കുന്ന ഓൺലൈൻ ആപ്പ് മുഖേന ആർക്കും പരിശോധിക്കാൻ സൗകര്യപ്പെടുന്ന വിധത്തിൽ ഓൺലൈനായി അയക്കേണ്ടതാണ്. ജനറൽ സെക്രട്ടറി പി അബ്ദുൽ ഹമീദ് എം.എൽ.എ അധ്യക്ഷനായി. എം.എ ഖാദർ, എം.കെ ബാവ, ഉമ്മർ അറക്കൽ, കെ കുഞ്ഞാപ്പു ഹാജി, പി സെയ്തലവി മാസ്റ്റർ, കെ.എം അബ്ദുൽ ഗഫൂർ, ഇസ്മായിൽ മൂത്തേടം, പി.എം.എ സമീർ, അൻവർ മുള്ളമ്പാറ, കെ.ടി അഷറഫ്, താമരത്ത് ഉസ്മാൻ, നൗഷാദ് മണ്ണശ്ശേരി, ഇബ്രാഹീം മുത്തൂർ, വല്ലാഞ്ചിറ മുഹമ്മദലി, അഡ്വ. പി.പി ഹാരിഫ് പ്രസംഗിച്ചു.

### പാർട്ടിക്കാരെ ജയിപ്പിക്കാൻ ഫലപ്രഖ്യാപനത്തിനു ശേഷം ഇന്റേണൽ മാർക്ക് തിരുത്തി

# കാലിക്കറ്റിൽ 43 പേർക്ക് നിയമവിരുദ്ധ തിരുത്തൽ-താക്കീത് നൽകി ഓഡിറ്റ് വിഭാഗം

തേഞ്ഞിപ്പലം കാലിക്കറ്റ് സർവകലാശാലയിലുള്ള വിവിധ കോളജുകളിൽ പഠിക്കുന്ന പാർട്ടിക്കാരായ ഇടതുപക്ഷക്കാരെ വിജയിപ്പിക്കാൻ ഫലം പ്രഖ്യാപിച്ച ശേഷം ഇന്റേണൽ മാർക്ക് തിരുത്തി.43 പേരുടെ ഇന്റേണൽ മാർക്ക് തിരുത്തിയതായാണ് ഓഡിറ്റ് വിഭാഗം കണ്ടെത്തിയിട്ടുള്ളത് ഇതിൽ ഓഡിറ്റ് വിഭാഗം പറയുന്ന ഉദാഹരണങ്ങളിൽ നാലു വിദ്യാർഥികളിൽ രണ്ടുപേരുടെ മാർക്ക് തിരുത്തിയത് 5000 രൂപ ഫീസ് വാങ്ങിയാണ്. സർവകലാശാല കാമ്പസിലെ രണ്ടു വിദ്യാർഥികൾക്ക് സൗജന്യമായും തിരുത്തി നൽകിയിട്ടുണ്ട്.

തൃശൂർ കേരളവർമ്മ കോളജിലെ എം.എ മൂന്നാം സെമസ്റ്റർ വിദ്യാർഥിനി, കോഴിക്കോട് ജില്ലയിലെ കൈതപ്പൊയിൽ ലിസാ കോളജ് എം.എസ്.സി ഒന്നാം സെമസ്റ്റർ വിദ്യാർഥിനി എന്നിവരിൽ നിന്ന് 5000 രൂപ ഫൈൻ ഈടാക്കിയാണ് ഇന്റേണൽ മാർക്ക് തിരുത്തി നൽകിയത്.

കാലിക്കറ്റ് സർവകലാശാല ആസ്ഥാനത്തെ ജേണലിസം പഠന വകുപ്പിലെ എം.ഫിൽ വിദ്യാർഥിയുടെയും സർവകലാശാല നേരിട്ടു നടത്തുന്ന കോഹിനൂരിലെ എഞ്ചിനീയറിങ് കോളജിൽ ബിടെക് നാലാം സെമസ്റ്റർ വിദ്യാർഥിയുടെയും ഇന്റേണൽ മാർക്കാണ് സർവകലാശാല തിരുത്തിയത്. ഇവരിൽ നിന്ന് ഫീസ് വാങ്ങിയിട്ടില്ല.

2021-22 വർഷത്തെ സിൻഡിക്കേറ്റ് പരീക്ഷാ സ്റ്റാന്റിങ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചപ്പോഴായിരുന്നു 43 പേരുടെ മാർക്ക് തിരുത്തിയതായി ഓഡിറ്റ് വിഭാഗം കണ്ടെത്തിയത്. കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ 2014 ൽ പ്രസിദ്ധീകരിച്ച പുതുക്കിയ പരീക്ഷ ഹാൻഡ് ബുക്കിലെ ഖണ്ഡിക 41 പ്രകാരം ഇന്റേണൽ മാർക്ക്/ഇന്റേണൽ ഗ്രേഡ്സ് കോളജിലെ നോട്ടീസ് ബോർഡിൽ പ്രിൻസിപ്പൽ, വകുപ്പ് മേധാവി, ബന്ധപ്പെട്ട ടീച്ചർ എന്നിവരുടെ സാക്ഷ്യപ്പെടുത്തലോടെ പ്രസിദ്ധീകരിക്കേണ്ടതാണ്. പരാതികൾ നൽകുന്നതിന് 3 ദിവസത്തെ സമയം വിദ്യാർഥികൾ അനുവദിക്കണം.

പരാതികളില്ലെങ്കിൽ സർവകലാശാല അനുവദിക്കുന്ന സമയപരിധിക്കുള്ളിൽ മാർക്ക് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യാം. അപ് ലോഡ് ചെയ്ത മാർക്കിന്റെ പ്രിന്റ് ഔട്ട് എടുത്ത് നോട്ടീസ് ബോർഡിൽ വീണ്ടും പ്രസിദ്ധീകരിക്കണം.

ഇന്റേണൽ മാർക്ക് വിദ്യാർഥികളുടെ ശ്രദ്ധയിൽപ്പെടുത്തിയെന്നും യഥാർഥ രേഖകളുമായി ഒത്തുനോക്കി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തിയെന്നുമുള്ള സാക്ഷ്യപത്രത്തോടുകൂടി വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്തു മാർക്കിന്റെ പകർപ്പ് പരീക്ഷാ കൺട്രോളർക്ക് അയക്കേണ്ടതാണ്. റിസൾട്ട് പ്രസിദ്ധീകരിച്ചതിന് ശേഷം ഗ്രേഡ്/മാർക്കിൽ മാറ്റം വരുത്താനോ തിരുത്തൽ വരുത്താനോ അനുവദിക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2019 - ഏപ്രിൽ മൂന്നാം തിയ്യതിയിലെ സർവകലാശാല ഉത്തരവ് പ്രകാരം സർവകലാശാല നിശ്ചയിച്ച സമയത്ത് ഇന്റേണൽ മാർക്ക് അപ്‌ലോഡ് ചെയ്യാതിരിക്കുക, വൈകി സമർപ്പിക്കുക, തെറ്റായി അപ്‌ലോഡ് ചെയ്യുക തുടങ്ങിയ അപാകതകൾ വരുത്തുന്ന കോളജുകൾ, സെന്ററുകൾ, പഠന വകുപ്പുകൾ എന്നിവയിൽ നിന്നും 5000/രൂപ (ഒരു നോട്ടിഫിക്കേഷന്) ഫൈൻ ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്നാൽ ഇതിനു വിരുദ്ധമായി ഇന്റേണൽ മാർക്ക് തിരുത്താനാണ് നിയമം വളച്ചൊടിച്ചത്.

ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നത് മൂലം പരീക്ഷാ ഭവനിലെ വിവിധ സെക്ഷനുകളിലെ ജോലിഭാരം കൂടുന്നതിനും ഇത് കാരണമാകുന്നുണ്ടെന്നാണ് ഓഡിറ്റ് വിഭാഗം കണ്ടെത്തിയത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/28.10.2022) സർവകലാശാല തന്ന മറുപടിയിൽ ഇന്റേർണൽ മാർക്ക് അനുവദിച്ചത് അക്കാദമിക് കൗൺസിൽ തീരുമാനപ്രകാരമാണ് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്.

മറുപടി തൃപ്തികരമല്ലെന്നും. സർവകലാശാലയിലെ പരീക്ഷ ഹാന്റ്ബുക്കിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ കർശനമായി പാലിച്ച് ഫല പ്രഖ്യാപനത്തിന് ശേഷം ഇന്റേണൽ മാർക്ക് തിരുത്താൻ അനുവാദം നൽകുന്നത് ആവർത്തിക്കാതിരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഓഡിറ്റ് വിഭാഗം മുന്നറിയിപ്പ് നൽകുന്നുണ്ട്.

# കോട്ടക്കുന്ന് മണ്ണിടിച്ചിൽ ദുരന്തത്തിന് അഞ്ചാണ്ട്

മലപ്പുറം: അഞ്ച് വർഷം മുമ്പ് ഇതുപോലൊരു വെള്ളിയാഴ്ചയായിരുന്നു കോട്ടക്കുന്ന് ചെരുവിലുണ്ടായ മണ്ണിടിച്ചിൽ ഒരുകുടുംബത്തിലെ മൂന്ന് ജീവനുകൾ കവർന്നെടുത്തത്.

കനത്ത മഴയിൽ കുത്തിയൊലിച്ചുവന്ന മണ്ണ് കോട്ടക്കുന്ന് പടിഞ്ഞാറെ ചെരുവിൽ താമസിച്ചിരുന്ന ചത്തംകുളം സരോജിനി, മരുമകൾ ഗീതു, പേരമകൻ ധ്രുവൻ എന്നിവരുടെ ജീവനെടുത്തു.

ഇന്നും വിതുമ്പുന്ന ഓർമയാണ് ശരത്തിന്. അമ്മയെ കൈപിടിയിൽ നിന്നുമാണ് കൊണ്ടുപോയത്. വീടിനകത്തായിരുന്ന ഭാര്യ ഗീതുവിനെയും ധ്രുവനെയും രക്ഷാസംഘം കണ്ടെടുക്കുമ്പോഴും കെട്ടിപ്പിടിച്ച നിലയിലായിരുന്നു.

### ഇന്നുമൊഴിയാത്ത ആശങ്ക

കോട്ടക്കുന്നിന് മുകളിൽ പെയ്യുന്ന ഓരോ തുള്ളിമഴയും ഇന്നും പ്രദേശവാസികളിൽ ഭീതി പടർത്തുന്നു. ആകാശം ഇരുണ്ടുകൂടുമ്പോഴേക്കും അവശ്യസാധനങ്ങളുമായി ക്യാമ്പുകളിലേക്ക് മാറിത്താമസിക്കുകയെന്നത് ഇവരുടെ ശീലമായി. ഇക്കഴിഞ്ഞ കനത്ത മഴയിലും മലപ്പുറം നഗരസഭ മലപ്പുറം ടൗൺഹാളിൽ ഒരുക്കിയ ക്യാമ്പിൽ കുടുംബങ്ങളെത്തി. ജൂലൈ 30ന് ആരംഭിച്ച ക്യാമ്പ് അവസാനിപ്പിച്ചത് ഓഗസ്റ്റ് നാലിനാണ്.

കോട്ടക്കുന്നിന് മുകൾഭാഗത്തെ വെള്ളം ഒഴുകാനുള്ള സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെട്ടതായിരുന്നു മണ്ണിടിച്ചിലിന് കാരണമായതെന്നായിരുന്നു സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സ് ഡെവലപ്മെന്റ് (സി.എസ്.ആർ.ഡി) നടത്തിയ പഠനത്തിൽ കണ്ടെത്തിയിരുന്നത്.

പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ ജില്ലാ ഭരണകൂടം തീരുമാനിക്കുകയും മണ്ണിടിച്ചിൽ സാധ്യത ഒഴിവാക്കാൻ സർവേ നടത്തുകയും ചെയ്തിരുന്നു. റിപ്പോർട്ട് ജില്ലാ ഭരണകൂടത്തിന് സമർപ്പിച്ചെങ്കിലും തുടർനടപടിയായിട്ടില്ല. നീരൊഴുക്ക് സുഗമമാക്കാനായി ഓട നിർമിക്കാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ദുരന്തര ലഘൂകരണ ഫണ്ടിൽ നിന്നും 2.03 കോടി രൂപ അനുവദിച്ചിരുന്നു. വീതിയിലും ആഴത്തിലും ഓടനിർമിച്ച് വെള്ളം വലിയ തോടിലേക്ക് എത്തിക്കുകയെന്നതാണ് ലക്ഷ്യം. പദ്ധതിയുടെ എസ്റ്റിമേറ്റ് നഗരസഭ തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഇതുവരെ നടപടിയുണ്ടായിട്ടില്ല. ദുരന്ത നിവാരണ അതോറിറ്റി തുടർനടപടികൾ സ്വീകരിക്കുന്നതോടെ ടെൻഡർ നടപടികളിലേക്ക് കടക്കുമെന്നാണ് വിവരം.

### ആശ്വാസം പാണക്കാട് നിന്നും

ജില്ലാ ആസ്ഥാനത്ത് നടന്ന അപകടത്തിൽപെട്ടവരുടെ ബന്ധുക്കൾക്ക് ആശ്വാസമേകാൻ പാണക്കാട് കുടുംബമെത്തി. കൊടപ്പനക്കൽ തറവാട്ടിലെ അംഗങ്ങൾതന്നെ അവർക്ക് പുതിയ വീട് നിർമിച്ചുനൽകുകയും ചെയ്തു. പ്രകൃതി തകർത്ത വീടിന് പകരം പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ നേതൃത്വത്തിൽ വീട് നിർമിച്ചുനൽകി. ഗൃഹപ്രവേശനവും പാണക്കാട് കുടുംബം തന്നെ മുന്നിൽ നിന്നും നടത്തി.

## എച്ച്.വൺ എൻ.വൺ: ജാഗ്രത പാലിക്കണം

മലപ്പുറം: ജില്ലയിലെ വണ്ടൂർ, പെരിന്തൽമണ്ണ, കുറ്റിപ്പുറം, എടപ്പാൾ, തവനൂർ, പൊന്നാനി മേഖലകളിൽ എച്ച്1 എൻ1 രോഗം റിപ്പോർട്ട് ചെയ്തതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ രേണുക അറിയിച്ചു. വായുവിലൂടെ പകരുന്ന ഇത്തരം രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി എല്ലാ വിദ്യാർഥികളും നിർബന്ധമായും മാസ്ക് ധരിക്കണം. ഗർഭിണികൾ, ചെറിയ കുട്ടികൾ, പ്രായമായവർ, ഇതരരോഗങ്ങൾ ഉള്ളവർ എന്നിവർ രോഗലക്ഷണങ്ങൾ കൃത്യമായി ശ്രദ്ധിക്കേണ്ടതാണ്. രോഗലക്ഷണങ്ങൾ കാണുമ്പോൾ ഉടനടി ആരോഗ്യ പ്രവർത്തകരെ അറിയിക്കുകയും ഡോക്ടറെ കാണുകയും ശാസ്ത്രീയ ചികിത്സ സ്വീകരിക്കേണ്ടതുമാണ്. ചികിത്സക്കല്ലാതെ അനാവശ്യമായിട്ടുള്ള ആശുപത്രി സന്ദർശനങ്ങൾ പൂർണമായും ഒഴിവാക്കേണ്ടതും, ആശുപത്രികളിൽ പോകുന്ന സമയത്ത് കൃത്യമായി മാസ്ക് ധരിക്കുകയും ചെയ്യേണ്ടതാണ്. വായുവിലൂടെ പകരുന്ന അസുഖം ആയതിനാൽ മാസ്ക് ധരിക്കുന്നത് രോഗപ്രതിരോധത്തിന് സഹായിക്കുമെന്നും ഡി. എം.ഒ പറഞ്ഞു. ഇൻഫ്ളുവൻസ വൈറസ് കാരണം ഉണ്ടാകുന്ന ഒരു രോഗമാണ് എച്ച്1 എൻ1.

### ലക്ഷണങ്ങൾ

സാധാരണ പകർച്ചപ്പനിയുടെയും (വൈറൽ ഫിവർ) എച്ച്1 എൻ1 പനിയുടെയും ലക്ഷണങ്ങൾ ഏതാണ്ട് ഒന്നുതന്നെയാണ്. പനി, ജലദോഷം, ചുമ, ശരീരവേദന, തൊണ്ടവേദന, വിറയൽ, ക്ഷീണം, ശ്വാസംമുട്ടൽ തുടങ്ങിയവയാണ് രോഗലക്ഷണങ്ങൾ. ചിലരിൽ ഛർദ്ദിയും വയറിളക്കവും ഉണ്ടാകും.

### രോഗ പകർച്ച

രോഗി തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും മൂക്കുചീറ്റുമ്പോഴും തുപ്പുമ്പോഴും അന്തരീക്ഷത്തിലേയ്ക്ക് വ്യാപിക്കുന്ന വൈറസ് ശ്വസിക്കുമ്പോഴും വൈറസിനാൽ മലിനമാക്കപ്പെട്ട വസ്തുക്കളുമായി സമ്പർക്കമുണ്ടാകുമ്പോഴുമാണ് രോഗപകർച്ച ഉണ്ടാകുന്നത്. (പൊതുവെ കൈകളിൽക്കൂടി). കടുത്ത പനി, ചുമ, കടുത്ത തൊണ്ടവേദന എന്നീ രോഗലക്ഷണങ്ങൾ പ്രകടമാകും. പതിവിലും ശക്തമായ രീതിയിൽ രോഗം തുടരുകയാണെങ്കിൽ ചിലപ്പോൾ ആശുപത്രിയിൽ കിടത്തി ചികിത്സ വേണ്ടിവരാം.

### ചികിത്സ

എച്ച്1 എൻ1 വൈറസിനെതിരെ ഉപയോഗിക്കുന്ന ഒസെൽറ്റാമിവിർ (ഒസൾട്ടാമിവിർ) മരുന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽക്കുള്ള എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായി ലഭ്യമാണ്.

### പ്രതിരോധമാർഗങ്ങൾ

എച്ച് 1 എൻ 1 രോഗലക്ഷണങ്ങൾ ഉള്ളവർ വീടിനുള്ളിൽ കഴിയുക, പൂർണവിശ്രമമെടുക്കുക. സ്കൂൾ, ഓഫീസ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നു വിട്ടുനിൽക്കുക. പോഷകാഹാരം കഴിക്കുക. പോഷണ ഗുണമുള്ള പാനീയങ്ങൾ കുടിക്കുക. മാസ്ക് ധരിക്കുക, ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തൂവാല കൊണ്ട് വായും മൂക്കും മൂടുക. സോപ്പും വെള്ളവും ഉപയോഗിച്ച് കൈകൾ ഇടക്കിടയ്ക്ക് കഴുകുക. കൈകഴുകാതെ കണ്ണിലോ മൂക്കിലോ വായിലോ തൊടരുത്. രോഗബാധിതരെ കഴിവതും സന്ദർശിക്കരുത്. ആവശ്യമെങ്കിൽ 1 മീറ്റർ അകലം പാലിക്കുക. ആവശ്യാനുസരണം ഉറങ്ങുക, പോഷകഗുണമുള്ള ഭക്ഷണം കഴിക്കുക. മിതമായ വ്യായാമം ചെയ്യുക തുടങ്ങിയ ആരോഗ്യകരമായ ജീവിത ശൈലികൾ പിന്തുടരുക. പ്രായമുള്ളവർ കുട്ടികൾ ഇതര രോഗങ്ങമുള്ളവർ എന്നിവർ മൂക്കും വായും മൂടുന്ന തരത്തിൽ മാസ്ക് ധരിക്കുന്നത് നല്ലതാണ്. ഇവർ അടച്ചിട്ട മുറികളിൽ അധിക നേരം കഴിയാതിരിക്കുക. ഗർഭിണികൾക്ക് എച്ച്1 എൻ1 രോഗബാധ ഉണ്ടായാൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാനും മരണം സംഭവിക്കാനും സാധ്യത ഉണ്ടെന്നും ഡി.എം.ഒ അറിയിച്ചു.

### മോട്ടോർ വാഹന വകുപ്പ് ജനകീയസദസ്സ് 16ന് കൊണ്ടോട്ടിയിൽ

മലപ്പുറം: ബസ് സർവീസ് കാര്യക്ഷമമാക്കാനും ജനങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കാനുമായി സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന ജനകീയ സദസ്സ് 16ന് കൊണ്ടോട്ടിയിൽ നടക്കും. ഉച്ചയ്ക്ക് 2.30 ന് കൊണ്ടോട്ടി മോയിൻകുട്ടി വൈദ്യർ സ്മാരക ഹാളിൽ നടക്കുന്ന ജനകീയ സദസ്സിൽ ടി.വി ഇബ്രാഹിം എം.എൽ.എ അധ്യക്ഷനാകും. ജനപ്രതിനിധികൾ, വിവിധ വകുപ്പ് ജില്ലാ ഉദ്യോഗസ്ഥർ, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, ബസ് ഉടമ പ്രതിനിധികൾ, ബസ് തൊഴിലാളി സംഘടന പ്രതിനിധികൾ പങ്കെടുക്കും.

# വ്യാജ ആർ.സി നിർമാണം: കേന്ദ്ര ഇന്റലിജൻസ് അന്വേഷണം തുടങ്ങി

തിരൂരങ്ങാടി: സബ് ആർ.ടി.ഓഫീസിലെ വ്യാജ ആർ.സി നിർമാണത്തിൽ കേന്ദ്ര ഇന്റലിജൻസ് അന്വേഷണം തുടങ്ങി.

മലപ്പുറത്ത് നിന്നുള്ള സെൻട്രൽ സ്പെഷൽ ബ്രാഞ്ച് ടീമെന്ന് പരിചയപ്പെടുത്തിയാണ് വ്യാജ ആർ.സി നിർമാണത്തിൽ ഉദ്യോഗസ്ഥർക്കെതിരെ ഉയരുന്ന ആരോപണത്തിൽ അന്വേഷണം ആരംഭിച്ചത്.

ദേശീയ തലത്തിൽ ഉപയോഗിക്കുന്ന മോട്ടോർ വാഹന വകുപ്പിന്റെ സൈറ്റാണ് പരിവാഹൻ. ആയതിനാൽ പരിവാഹൻ സൈറ്റിലൂടെയാണ് വ്യാജ ആർ.സി നിർമാണം നടന്നതെന്നത് ഗൗരവകരമാണെന്നും രാജ്യ സുരക്ഷയെ തന്നെ ബാധിക്കുന്നവയായതിനാലാണ് വിവരങ്ങൾ ശേഖരിക്കുന്നതെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്.

വ്യാജ ആർ.സി നിർമാണ കേസിൽ നിരന്തരം പോരാട്ടം നടത്തുന്ന തിരൂരങ്ങാടി മണ്ഡലം മുസ്‌ലിം യൂത്ത്‌ലീഗ് ഭാരവാഹികളിൽ നിന്നും ഉദ്യോഗസ്ഥർ മൊഴിയെടുത്തു.

യൂത്ത്‌ലീഗ് നടത്തുന്ന ആരോപണങ്ങളുടെ അടിസ്ഥാനം സമരങ്ങളുടെ കാരണം കേസ് പൊലീസ് അട്ടിമറിച്ചെന്ന് പറയുന്നത്, ഉദ്യോഗസ്ഥരുടെ പങ്ക് എന്നിവയെ കുറിച്ചുള്ള വിവരങ്ങളെല്ലാം ഉദ്യോഗസ്ഥർ ശേഖരിച്ചു. യൂത്ത്‌ലീഗ് മണ്ഡലം പ്രസിഡന്റ് യു.എ റസാഖിന്റെ മൊഴിയാണ് രേഖപ്പെടുത്തിയത്.

2024 ജൂൺ 24-ന് തിരൂരങ്ങാടി ജോയിന്റ് ആർ.ടി.ഒ പൊലീസിൽ പരാതി നൽകാനുണ്ടായ കാരണവും വിഷയങ്ങളിൽ യൂത്ത്‌ലീഗ് ഇടപെടാനുണ്ടായ കാരണവും ഓഫീസർ ചോദിച്ചറിഞ്ഞു.

വ്യാജ ആർ.സികൾ വ്യാപകമായി റദ്ദാക്കുന്നതടക്കമുള്ള വിവരങ്ങളെ കുറിച്ചും കേന്ദ്ര ഏജൻസി അന്വേഷിക്കുന്നുണ്ട്. കേസിലെ പ്രധാന പ്രതിയുടെ പശ്ചാതലം ഉദ്യോഗസ്ഥരെ കുറിച്ചെല്ലാം വിവരങ്ങൾ ശേഖരിച്ചതായാണ് അറിയുന്നത്. കേസ് ഗൗരവമുള്ളതാണെന്നും രാജ്യ സുരക്ഷയെ തന്നെ ബാധിക്കുന്ന തരത്തിലുള്ളതാണെന്നും കൃത്യമായ അന്വേഷണം ആവശ്യമായതിനാൽ പ്രാഥമിക റിപ്പോർട്ട് നൽകുന്നതിനാണ് വിവരശേഖരണമെന്ന് ഓഫീസർ പറഞ്ഞു.



വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ നിന്ന് ആവശ്യമായ സഹായം ലഭ്യമാകുമെന്ന് പ്രതീക്ഷയുണ്ട്. പ്രധാനമന്ത്രിയുടെ ചൂരൽമല സന്ദർശനവേളയിൽ സമഗ്രമായ പുനരധിവാസ പാക്കേജ് സംസ്ഥാനം ആവശ്യപ്പെടും. ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രാലയം ദുരന്ത തീവ്രത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒമ്പതംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്. വരും നാളുകളിൽ കേന്ദ്ര സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷ.

-പിണറായി വിജയൻ



വയനാട്ടിലെ ചൂരൽമല ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണം. ഹൃദയഭേദകമാണ് അവിടുത്തെ അവസ്ഥ. എല്ലാവരും ഒരുമിച്ച് നിൽക്കേണ്ട സമയമാണ്. രാപകൽ ഇല്ലാതെ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട സൈന്യത്തിനും തിരച്ചിൽ സംഘാംഗങ്ങൾക്കും അഭിനന്ദനം

-ചിരഞ്ജീവി

## കേരള വാർത്തകൾ




### ഖാദർ കമ്മിറ്റി റിപ്പോർട്ട്

# ചർച്ചകളില്ലാതെ നടപ്പാക്കാൻ അനുവദിക്കില്ല: മുസ്‌ലിംലീഗ്

കോഴിക്കോട്: യാതൊരു പഠനവും നടത്താതെ ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാൻ ഏതെങ്കിലും തരത്തിൽ നീക്കമുണ്ടായാൽ മുസ്‌ലിംലീഗ് ശക്തമായി എതിർക്കുമെന്ന് കോഴിക്കോട് ലീഗ് ഹൗസിൽ ചേർന്ന മുസ്‌ലിം ലീഗ് സംസ്ഥാന കമ്മിറ്റി യോഗം അംഗീകരിച്ച പ്രമേയം മുന്നറിയിപ്പ് നൽകി.

യാതൊരു തരത്തിലുള്ള വിദഗ്ധ പഠനങ്ങളുമില്ലാത്ത വിവരക്കേടുകളുടെ കൂമ്പാരമാണ് ഖാദർ കമ്മിറ്റി റിപ്പോർട്ട്. സ്കൂൾ സമയമാറ്റം, എയ്ഡഡ് മേഖലയിലെ അധ്യാപക നിയമനം, സംസ്ഥാന സ്കൂൾ കലോത്സവം വേണ്ടെന്നുവെക്കൽ തുടങ്ങി ഒട്ടും പ്രായോഗികമല്ലാത്ത നിർദേശങ്ങളാണ് റിപ്പോർട്ടിലുള്ളത്. കൂടുതൽ പഠനങ്ങളോ ചർച്ചകളോ ഇല്ലാതെ ഇത്തരം റിപ്പോർട്ടുകൾ ചർച്ച ചെയ്യുന്നത് പോലും സമൂഹത്തിൽ അപകടകരമായ വിദ്വേഷ പ്രചാരണത്തിനും തെറ്റിദ്ധാരണകൾക്കും കാരണമാകും. വിദ്യാഭ്യാസ മേഖലയുടെ ഗുണേമന്മയെ ഈ നിർദേശങ്ങൾ പ്രതികൂലമായി ബാധിക്കും. കാലങ്ങളായി വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ തകർക്കാനുള്ള നീക്കമാണ് റിപ്പോർട്ടിലുള്ളത്. കേരളത്തിന്റെ സാമൂഹിക സ്ഥിതിയെ സംബന്ധിച്ച് ഒരു തരത്തിലുള്ള പഠനവുമില്ലാത്ത നിർദേശങ്ങളാണ് സമർപ്പിച്ചിരിക്കുന്നതെന്നും യോഗം വ്യക്തമാക്കി.

സംസ്ഥാന പ്രസിഡന്റ് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ അധ്യക്ഷത വഹിച്ചു. ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി ചർച്ച ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം സ്വാഗതവും ട്രഷറർ സി.ടി അഹമ്മദലി നന്ദിയും പറഞ്ഞു. നിയമസഭാ പാർട്ടി ഡെപ്യൂട്ടി ലീഡർ ഡോ. എം.കെ മുനീർ എം.എൽ.എ, സംസ്ഥാന ഭാരവാഹികളും സെക്രട്ടറിയേറ്റ് അംഗങ്ങളും എം.എൽ.എമാരുമായ അബ്ദുറഹിമാൻ കല്ലായി, സി.എ.എം.എ കരീം, സി. എച്ച് റഷീദ്, ഡോ. സി.പി ബാവ ഹാജി, ഉമ്മർ പാണ്ടികശാല, പൊട്ടൻകണ്ടി അബ്ദുള്ള ഹാജി, സി.പി സൈതലവി, കെ.കെ ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ, അബ്ദുറഹിമാൻ രണ്ടത്താണി, സി മമ്മുട്ടി, സി.പി ചെറിയ മുഹമ്മദ്, അഡ്വ. പി.എം സാദിഖലി, പാറക്കൽ അബ്ദുള്ള, യു.സി രാമൻ, ഷാഫി ചാലിയം, പി.കെ അബ്ദുറബ്ബ്, എൻ.എ നെല്ലിക്കുന്ന് എം.എൽ.എ, പി.കെ ബഷീർ എം.എൽ.എ, പി ഉബൈദുള്ള എം.എൽ.എ, കളത്തിൽ അബ്ദുള്ള, അഡ്വ. നാലകത്ത് സൂപ്പി, എം.സി വടകര, വി.കെ.പി ഹമീദലി, വി.എം ഉമ്മർ മാസ്റ്റർ, എം.എ സമദ്, കെ.എം അബ്ദുൽ മജീദ്, എൻ.സി അബൂബക്കർ, പി അബ്ദുൽ ഹമീദ് എം.എൽ.എ, അഡ്വ. യു.എ ലത്തീഫ് എം.എൽ.എ, ടി.വി ഇബ്രാഹിം എം.എൽ.എ, ജില്ലാ പ്രസിഡണ്ട് ജനറൽ സെക്രട്ടറിമാരായ എ അബ്ദുറഹിമാൻ, അഡ്വ. കരീം ചേലേരി, കെ.ടി സഹദുള്ള, ടി മുഹമ്മദ്, എം.എ റസാഖ് മാസ്റ്റർ, ടി.ടി ഇസ്മായിൽ, മരക്കാർ മാരായമംഗലം, അഡ്വ. ടി.എ സിദ്ദീഖ്, സി.എ മുഹമ്മദ് റഷീദ്, പി.എം അമീർ, അഡ്വ. വി.ഇ അബ്ദുൽ ഗഫൂർ, കെ.എസ് സിയാദ്, അഡ്വ. എച്ച് ബഷീർകുട്ടി, ബീമാപ്പള്ളി റഷീദ്, ക്ഷണിതാക്കളും പോഷക ഘടകം പ്രതിനിധികളുമായ അഹമ്മദ് കുട്ടി ഉണ്ണികുളം, അഡ്വ. എം റഹ്മത്തുള്ള, സുഹറ മമ്പാട്, അഡ്വ. പി കുൽസു, അഡ്വ. പി.കെ ഫിറോസ്, സി.കെ സുബൈർ, അഡ്വ. ഫൈസൽ ബാബു, പി.കെ നവാസ്, പി.എം.എ സമീർ, യു പോക്കർ, ഹനീഫ മൂന്നിയൂർ, ഇ.പി ബാബു, അഡ്വ. എ.എ റസാഖ്, അഷ്റഫ് വേങ്ങാട്ട്, കെ.പി മുഹമ്മദ്കുട്ടി, അൻവർ നഹ, ഹബീബ് റഹ്മാൻ, ഡോ. സമദ്, മുസ്തഫ കാരി, അരിമ്പ്ര മുഹമ്മദ് ചർച്ചയിൽ പങ്കെടുത്തു.

## പള്ളികൾക്ക് മുന്നിൽ ഇന്ന് ഫണ്ട് സമാഹരണം

കോഴിക്കോട്: വയനാട്ടിലെ ദുരിതബാധിതർക്കായി മുസ്‌ലിംലീഗ് പുനരധിവാസ പദ്ധതിക്ക് വേണ്ടി ഇന്ന് പള്ളികൾക്ക് മുന്നിൽ പ്രത്യേകം ഫണ്ട് സമാഹരിക്കാൻ സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ആഹ്വാനം ചെയ്തു. വയനാടിന്റെ പുനരധിവാസത്തിന് ജാതിമത ഭേദമെന്യേ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണം. മുസ്‌ലിം ലീഗ് പ്രഖ്യാപിച്ച ദുരിതാശ്വാസ ഫണ്ടിന് പൊതുസമൂഹം വലിയ പിന്തുണയാണ് നൽകുന്നത്. ജുമുഅ നമസ്കാര ശേഷം പള്ളികൾക്ക് മുന്നിൽ നടത്തുന്ന ഫണ്ട് സമാഹരണത്തിന് അതത് ശാഖാ കമ്മിറ്റികൾ നേതൃത്വം നൽകണമെന്നും സാദിഖലി ശിഹാബ് തങ്ങൾ അഭ്യർത്ഥിച്ചു.

## ശാഖാ തലങ്ങളിൽ ഹൗസ് കാമ്പയിൻ

കോഴിക്കോട്: വയനാടിന്റെ കണ്ണീരൊപ്പാൻ മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റി നടത്തിവരുന്ന ഫണ്ട് സമാഹരണം വിജയിപ്പിക്കുന്നതിന് നാളെയും ഞായറാഴ്ചയും (10,11) ശാഖാ തലങ്ങളിൽ ഹൗസ് കാമ്പയിൻ സംഘടിപ്പിക്കും. പുനരധിവാസ ഫണ്ട് സമാഹരണവും വിനിയോഗവും സുതാര്യമായി നടത്തുമെന്ന് സംസ്ഥാന കമ്മിറ്റി യോഗം വ്യക്തമാക്കി. ചുരുങ്ങിയ ദിവസം കൊണ്ട് 9 കോടിയിലേറെ രൂപ ആപ്പ് വഴി സമാഹരിച്ചു. ഭവന നിർമ്മാണമടക്കം സമഗ്രമായ പുനരധിവാസത്തിന് ഫണ്ട് ഉപയോഗിക്കും.

### വിമാന സർവീസ് റദ്ദാക്കൽ പാർലമെന്റിൽ ഉന്നയിച്ച് സമദാനി

## കേന്ദ്ര സർക്കാറിന്റെ ഇടപെടൽ അനിവാര്യം

ന്യൂഡൽഹി: നിരന്തരമായി വിമാന സർവീസുകൾ റദ്ദാക്കുന്നത് പോലുള്ള നിരുത്തരവാദപരമായ പ്രവണതകൾ തടയാനും അതിന്റെ ഫലമായി പ്രവാസി യാത്രക്കാർക്ക് ഉണ്ടാകുന്ന കടുത്ത പ്രയാസങ്ങൾക്ക് പരിഹാരം കാണാനും കേന്ദ്രസർക്കാർ ഇടപെടണമെന്ന് ഡോ.എംപി അബ്ദുസ്സമദ് സമദാനി ലോക്സഭയിൽ ആവശ്യപ്പെട്ടു. അവസാന സമയത്തുള്ള ഫ്ലൈറ്റ് റദ്ദാക്കൽ വലിയ കഷ്ടപ്പാടുകളാണ് യാത്രക്കാർക്ക് നൽകിയത്. വിസ കാലാവധി തീർന്നുപോകുന്നതും ജോലി നഷ്ടപ്പെടുന്നതുമടക്കമുള്ള ഗുരുതരമായ പ്രശ്നങ്ങൾ പല പ്രവാസികൾക്കും അനുഭവിക്കേണ്ടതായി വന്നു.

എന്നിട്ടും ഇത്തരം കഷ്ടനഷ്ടങ്ങൾക്ക് വിധേയരായവർക്ക് നഷ്ടപരിഹാരം നൽകാൻ പോലും എയർലൈനുകൾ തയ്യാറാകുന്നില്ല. കേന്ദ്രസർക്കാർ ഇടപെട്ട് ഈ അവസ്ഥക്ക് അന്ത്യം കുറിക്കണമെന്ന് ലോക്സഭയിൽ സിവിൽ ഏവിയേഷൻ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സമദാനി പറഞ്ഞു. ഫ്ലൈറ്റ് റദ്ദാക്കപ്പെട്ടതിനെ തുടർന്ന് കേരളത്തിൽ നിന്നുള്ള ഒരു സഹോദരിക്ക് മസ്കറ്റിൽ വെച്ച് മരണപ്പെട്ട ഭർത്താവിന്റെ അന്ത്യനിമിഷത്തിൽ അദ്ദേഹത്തിന്റെ അടുക്കൽ എത്തിച്ചേരാൻ സാധിക്കാത്ത സംഭവങ്ങൾ പോലും ഉണ്ടായി. തുടർന്നുള്ള രണ്ട് ദിവസങ്ങളിലും അവർക്ക് ടിക്കറ്റ് ലഭിച്ചതുമില്ല.

ഇത്രയൊക്കെയായിട്ടും നഷ്ടപരിഹാരത്തിനുവേണ്ടിയുള്ള അവരുടെ അപേക്ഷ എയർലൈൻ തള്ളിക്കളയുകയാണുണ്ടായത്. വിദേശത്തുവെച്ച് മരണപ്പെട്ടവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്ന കാര്യത്തിലും പ്രവാസികൾ വലിയ പ്രയാസം അനുഭവിക്കുന്നുണ്ട് സിവിൽ ഏവിയേഷൻ രംഗത്ത് യാത്രക്കാരോടുള്ള സൗഹൃദത്തിലൂന്നിയ മനുഷ്യത്വപരമായ സമീപനം ആർജ്ജിക്കാൻ ഇനിയും നടപടികൾ ആവശ്യമായിട്ടുണ്ട്. വിദേശത്തുവെച്ച് മരണപ്പെട്ടവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്ന കാര്യത്തിലും പ്രവാസികൾ വലിയ പ്രയാസം അനുഭവിക്കുന്നുണ്ട്. സിവിൽ ഏവിയേഷൻ രംഗത്ത് യാത്രക്കാരോടുള്ള സൗഹൃദത്തിലൂന്നിയ മനുഷ്യത്വപരമായ സമീപനം ആർജ്ജിക്കാൻ ഇനിയും നടപടികൾ ആവശ്യമായിട്ടുണ്ട്.

ആഘോഷവേളകളിലും അവധിക്കാലത്തും ടിക്കറ്റ് ചാർജ്ജ് കുത്തനെ ഉയർത്തുന്ന അന്യായം നിർബാധം തുടരുകയാണ്. പാർലമെൻറംഗങ്ങളുടെയും പ്രവാസി സംഘടനകളുടെയും കാലങ്ങളായുള്ള പ്രതിഷേധത്തെ വകവക്കാതെയുള്ള ഈ നിലപാട് പ്രവാസികളെ വിശേഷിച്ചും അവരിലെ കുറഞ്ഞ വരുമാനക്കാരായ യാത്രക്കാരെ ദുസ്സഹമായ അവസ്ഥയിലേക്കാണ് തള്ളിനീക്കുന്നത്. പൊതുഖജനാവിലേക്ക് അമൂല്യമായ സംഭാവനകൾ അർപ്പിക്കുന്ന പ്രവാസികളോടുള്ള ഈ നിലപാട് സകല മര്യാദകളെയും ലംഘിക്കുന്നതാണ്. ആവശ്യക്കാർ കൂടുമ്പോൾ വിലകുറക്കുക എന്ന ലോകമെമ്പാടും പാലിക്കുന്ന ഉപഭോക്തൃമര്യാദ പോലും അവധിക്കാലത്തെ ഭീമമായ ടിക്കറ്റ് ചാർജ് വർദ്ധനവിൽ പ്രവാസിയാത്രികരോട് കാണിക്കുന്നില്ല.

ഈ രംഗത്ത് സമൂഹത്തോടുള്ള ബാധ്യസ്ഥത ഉറപ്പുവരുത്താൻ സർക്കാർ ഇടപെടണം. കേരളത്തിൽ നിന്നുള്ള പ്രവാസികൾക്ക് ഗൾഫ് രാജ്യങ്ങളിലേക്ക് കൂടുതൽ വിമാന സർവ്വീസുകളും വിമാനങ്ങളിൽ സീറ്റും വർദ്ധിപ്പിക്കാൻ കേന്ദ്രസർക്കാർ അവിടുത്തെ രാജ്യങ്ങളുമായി ചർച്ച നടത്തുകയും തൽസംബന്ധമായി നിലനിൽക്കുന്ന കരാറുകൾ പുതുക്കുകയും ചെയ്യണം. പൈലറ്റുമാരെ തിരഞ്ഞെടുക്കാനുള്ള ആർ.ടി.ആർ പരീക്ഷ സിവിൽ ഏവിഷൻ ഡയറക്ടറേറ്റിന്റെ കീഴിൽ കൊണ്ടുവന്ന നടപടി അഭിനന്ദനാർഹമാണ്.

പരീക്ഷാ സമ്പ്രദായം കുറ്റമറ്റതാക്കിക്കൊണ്ടും അതിന്റെ നടത്തിപ്പുകാർക്ക് ആവശ്യമായ പരിശീലനം നൽകിയും പൈലറ്റാകാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികളെ സഹായിക്കണം. സുരക്ഷാക്രമം ഭദ്രമാക്കാൻ ഇനിയും നടപടികൾ ആവശ്യമുണ്ട്. മുംബൈ വിമാനത്താവളത്തിൽ ഇയ്യിടെ സംഭവിച്ചതുപോലെ രണ്ട് വിമാനങ്ങൾ ഒറ്റ റൺവേയിൽ വന്നതുപോലുള്ള സംഭവങ്ങൾ സുരക്ഷയെക്കുറിച്ച് ഉൽകണ്ഠ ഉളവാക്കുന്നതാണ്. അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രത വേണമെന്നും സമദാനി ആവശ്യപ്പെട്ടു.

## യു.പി.ഐ ഇടപാടുകളിൽ വൻ പരിഷ്കരണവുമായി ആർ.ബി.ഐ

ന്യൂഡൽഹി: യു.പി.ഐ ഇടപാടുകളിൽ വൻ പരിഷ്കരണത്തിന് കളമൊരുക്കി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. ഒരാളുടെ യു.പി.ഐ ഐ.ഡി ഉപയോഗിച്ച് മറ്റൊരാൾക്ക് ഇടപാട് നടത്താൻ കഴിയുന്ന ഡെലിഗേറ്റ് സംവിധാനം അവതരിപ്പിച്ചുകൊണ്ടാണ് നിർണായക മാറ്റങ്ങൾക്ക് തുടക്കമിടുന്നത്. ഒപ്പം യു.പി.ഐ ഐ.ഡി ഉപയോഗിച്ച് അഞ്ചു ലക്ഷം രൂപ വരെ നികുതിയൊടുക്കാനുള്ള അനുമതിയും ആർ.ബി.ഐ നൽകി. മുംബൈയിൽ ചേർന്ന ആർ.ബി.ഐ ധനനയ അവലോകന യോഗത്തിനു ശേഷം ഗവർണർ ശക്തികാന്ത ദാസാണ് മാറ്റങ്ങൾ പ്രഖ്യാപിച്ചത്. റിപ്പോ, റിവേഴ്സ് റിപ്പോ അടക്കമുള്ള സുപ്രധാന വായ്പാ നിരക്കുകൾ മാറ്റമില്ലാതെ നിലനിർത്താനും ആർ.ബി.ഐ യോഗം തീരുമാനിച്ചു.

ഒരു വ്യക്തിക്ക് മറ്റൊരാളുടെ ബാങ്ക് അക്കൗണ്ട് വഴി യു.പി.ഐ ഉപയോഗിച്ച് പണം അയക്കാനും സ്വീകരിക്കാനുമുള്ള സൗകര്യമാണ് ഡെലിഗേറ്റ് സംവിധാനം.

നിലവിൽ യു.പി.ഐ വഴി ഒരു ലക്ഷം രൂപ വരെ നികുതിയൊടുക്കാമായിരുന്നതാണ് 5 ലക്ഷമാക്കി ഉയർത്തിയത്.



മുസ്‌ലിം ലീഗ് കമ്മിറ്റി ആഹ്വാനം ചെയ്ത വയനാട് സമഗ്ര പുനരധിവാസ പദ്ധതി ഫണ്ടിലേക്ക് കെ.എം.സി.സി ബഹ്റൈൻ ആദ്യ ഗഡു പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്ക് കൈമാറുന്നു.

## വയനാടിന്റെ കണ്ണീരൊപ്പാൻ ബഹ്റൈൻ കെ.എം.സി.സി ആദ്യ ഗഡു നൽകി

കോഴിക്കോട്: വയനാടിന്റെ കണ്ണീരൊപ്പാൻ മുസ്‌ലിം ലീഗ് കമ്മിറ്റി ആഹ്വാനം ചെയ്ത വയനാട് സമഗ്ര പുനരധിവാസ പദ്ധതി ഫണ്ടിലേക്ക് കെ.എം.സി.സി ബഹ്റൈൻ ആദ്യ ഗഡു ഇരുപത്തി അഞ്ച് ലക്ഷം രൂപയുടെ ചെക്ക് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്ക് പ്രസിഡന്റ് ഹബീബ് റഹ്മാനും ജനറൽ സെക്രട്ടറി ശംസുദ്ധീൻ വെള്ളികുളങ്ങരയും കൈമാറി. കോഴിക്കോട് ലീഗ് ഹൗസിൽ ചേർന്ന ചടങ്ങിൽ പി.കെ കുഞ്ഞാലികുട്ടി, പി.എം.എ സലാം, ഡോ. എം.കെ മുനീർ, ആബിദ് ഹുസൈൻ തങ്ങൾ തുടങ്ങിയ നേതാക്കളുടെ സാന്നിധ്യത്തിലാണ് ഫണ്ട് കൈമാറിയത്. അഷ്റഫ് കാട്ടിൽ പീടിക സംബന്ധിച്ചു.

കഴിഞ്ഞ വെള്ളിയാഴ്ച പാണക്കാട് നടന്ന പ്രഖ്യാപനം കഴിഞ്ഞു ഒരാഴ്ച പൂർത്തിയാകും മുമ്പേയാണ് കെ.എം.സി.സി ബഹ്റൈൻ ആദ്യ ഘഡു കൈമാറിയിരിക്കുന്നത്.

### നജീബിന്റെ വിജയം ശരിവെച്ചത് സ്വാഗതം ചെയ്യുന്നു

## ഖാദർ കമ്മിറ്റി റിപ്പോർട്ട് അപ്രായോഗികം: വി.ഡി സതീശൻ

കോഴിക്കോട്: പെരിന്തൽമണ്ണയിൽ വിജയിച്ച മുസ്‌ലിം ലീഗ് സ്ഥാനാർഥി നജീബ് കാന്തപുരത്തിന്റെ തിരഞ്ഞെടുപ്പ് ശരിവെച്ച ഹൈക്കോടതി വിധി സ്വാഗതം ചെയ്യുന്നുവെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ കോഴിക്കോട്ട് പറഞ്ഞു. തെറ്റായ വാദത്തെ തുടർന്നാണ് ഇത്തരമൊരു കേസ് ഉണ്ടായതെന്ന് ഇതോടെ വ്യക്തമായിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

ഖാദർ കമ്മിറ്റി റിപ്പോർട്ട് അപ്രായോഗികമാണെന്ന് സതീശൻ പറഞ്ഞു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായാണ് സർവകലാശാലകളിൽ നിന്നു പ്രീ ഡിഗ്രി ഒഴിവാക്കി പ്ലസ് ടു ഉണ്ടാക്കിയത്. ഇപ്പോൾ സെക്കൻഡറിയെയും ഹയർ സെക്കൻഡറിയെയും ഏകീകരിക്കണമെന്ന് പറയുന്നത് അപ്രായോഗികമാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു ചർച്ചയും നടത്തിയിട്ടില്ല. ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ നല്ല കാര്യങ്ങളുണ്ടെങ്കിൽ സ്വാഗതം ചെയ്യാം. പക്ഷെ ഒരു ചർച്ചയും നടത്താൻ സർക്കാർ തയാറായിട്ടില്ല. സർക്കാരിന്റെ പരീക്ഷണ ശാലയല്ല കേരളത്തിലെ വിദ്യാഭ്യാസരംഗം. സർക്കാരിന്റെ തെറ്റായ തീരുമാനങ്ങളൊക്കെ വിദ്യാഭ്യാസ പുരോഗതിയെ ഗൗരവമായി ബാധിക്കും. അതുകൊണ്ട് ഖാദർ കമ്മിറ്റി സംബന്ധിച്ച് വിശദമായ ചർച്ച നടത്തണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

വയനാട്ടിൽ സൈന്യത്തിന്റെയും എൻ.ഡി.ആർ.എഫിന്റെയും സാന്നിധ്യം ഒഴിച്ചാൽ കേന്ദ്രത്തിന്റെ ഒരു സഹായവും ഉണ്ടായിട്ടില്ല. കേന്ദ്രം സാമ്പത്തികമായി സഹായിക്കാൻ തയാറാകണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. വയനാട് പുനരധിവാസ പ്രക്രിയക്കും അപകടത്തിന്റെ ആഘാതം കുറയ്ക്കുന്നതിനും വേണ്ടിയുള്ള പ്രത്യേക പാക്കേജാണ് കേന്ദ്ര സർക്കാർ പ്രഖ്യാപിക്കേണ്ടത്. ഭാവിയിൽ ഇത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള വാണിങ് സിസ്റ്റം വയനാട് ഉൾപ്പെടെ സംസ്ഥാനത്താകെ പ്രയോജനപ്പെടുത്തണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

## വഖഫ് ഭേദഗതി ബിൽ

### ജെ.പി.സിക്ക് വിട്ടത് പ്രതിപക്ഷ വിജയം: സമദാനി

ന്യൂഡൽഹി: വഖ്ഫ് നിയമങ്ങൾ അട്ടിമറിക്കാനുള്ള ഉദ്ദേശ്യത്തോടെ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഭേദഗതിനിയമം സംയുക്ത പാർലിമെന്ററി സമിതിക്ക് വിടാനുള്ള തീരുമാനം പ്രതിപക്ഷ പാർട്ടികളുടെയും രാജ്യത്തെ മതേതര സമൂഹത്തിന്റെയും നിർണ്ണായക വിജയത്തെയാണ് സൂചിപ്പിക്കുന്നതെന്ന് ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി പറഞ്ഞു. തീർത്തും പ്രതിലോമപരമായ ഈ കരിനിയമത്തിന്റെ പിന്നിൽ സർക്കാരിനുള്ള ഗൂഢോദ്ദേശ്യവും അത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളും പൂർണമായും നിഷ്ഫലമായെന്ന് പറയാനാവില്ലെങ്കിലും സർക്കാർ കൊണ്ടുവന്ന നിയമം കൂടുതൽ വിശകലനത്തിനും പാർലിമെന്ററി ജനാധിപത്യസംവിധാനത്തിന്റെ നിയമപരമായ പുനഃപരിശോധനക്കും വിധേയമാക്കപ്പെടുന്നുവെന്നത് അടുത്ത കാലത്ത് ശക്തമായിരിക്കുന്ന പ്രതിപക്ഷ, മതേതര ചേരിയുടെ ഐക്യത്തിന്റെ കൂടി ഫലമാണ്.

ഇന്ത്യൻ മതേതരത്വത്തിന്റെയും ഭരണഘടനാസംവിധാനത്തിന്റെയും അവിഭാജ്യഘടകമായിരിക്കുന്ന ന്യൂനപക്ഷങ്ങളോടുള്ള നീതി ഉറപ്പാക്കുകയെന്ന പരമപ്രധാനമായ തത്വത്തെ ആത്മാർത്ഥമായ നിശ്ചയദാർഢ്യത്തോടെ എല്ലാ പ്രതിപക്ഷ കക്ഷികളും ഉയർത്തിപ്പിടിക്കുന്ന ബഹുസ്വരതയുടെ പ്രത്യാശാജനകമായ പ്രകടനങ്ങൾക്കാണ് പാർലിമെന്റ് ഇന്ന് സാക്ഷ്യം വഹിക്കുകയുണ്ടായത്. രാജ്യത്തിന്റെ ഭാവിയെ സംബന്ധിച്ച ഏറെ പ്രതീക്ഷകളുയർത്തുന്ന ദിശാസൂചിക കൂടിയാണിത്. ബില്ല് അവതരണത്തെ ശക്തമായി എതിർത്തുകൊണ്ട് സ്പീക്കർക്ക് നേരത്തെ നോട്ടീസ് നൽകിയിരുന്നുവെന്നും സമദാനി പറഞ്ഞു.

### ബിൽ വർഗീയ ലക്ഷ്യത്തോടെ; പിൻവലിക്കണം: പി.വി അബ്ദുൽ വഹാബ്

ന്യൂഡൽഹി: സമൂഹത്തിൽ വർഗീയ ധ്രുവീകരണമുണ്ടാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് വഖഫ് ബോർഡ് നിയമ ഭേദഗതി ബില്ലെന്ന് പി.വി അബ്ദുൽ വഹാബ് രാജ്യസഭയിൽ വ്യക്തമാക്കി. വർഗീയ രാഷ്ട്രീയം കൊണ്ട് നേട്ടമുണ്ടാക്കാമെന്നാണ് ഇപ്പോഴും ബി.ജെ.പി പ്രതീക്ഷിക്കുന്നത്. റൂൾ 118 പ്രകാരം രാജ്യസഭയിൽ എതിർത്ത വഹാബ്, വഖഫ് സ്വത്ത് എന്ത് ചെയ്യണമെന്ന് തീരുമാനിക്കേണ്ടത് വഖഫ് ബോർഡാണെന്ന് വ്യക്തമാക്കി.

വഖഫ് സ്വത്തുക്കൾ (അനധികൃതമായി താമസിക്കുന്നവരെ ഒഴിപ്പിക്കൽ) 2014 ബിൽ പിൻവലിക്കുന്ന സർക്കാർ നടപടി ദുരുദ്ദേശ്യപരമാണ്. വഖഫ് സ്വത്തുക്കളുടെ അനധികൃത കൈയേറ്റം തടയാൻ പ്രത്യേക നിയമനിർമ്മാണം നടത്താൻ സർക്കാരിനോട് ആവശ്യപ്പെട്ട അന്നത്തെ നിയമനീതി മന്ത്രാലയ സെക്രട്ടറിയുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബില്ലിന് രൂപം നൽകിയത്. വഖഫ് വസ്തു ഭൂമി തുച്ഛമായ തുകയ്ക്ക് പാട്ടത്തിന് നൽകിയ സംഭവങ്ങൾ നിരവധിയാണ്. കഴിഞ്ഞ 10 വർഷമായി മുസ്‌ലിംകളുടെ മതപരമായ കാര്യങ്ങളിൽ ആവർത്തിച്ചുള്ള ഇടപെടുലകിലുള്ള തുടർച്ചയാണ് ഈ ബില്ലും. ഇത്തരം പ്രവണതകൾ, ഈ രാജ്യത്തെ ഗണ്യമായ ജനസംഖ്യയുള്ള മുസ്‌ലിം സമുദായത്തിൽ വലിയ ഭയം സൃഷ്ടിച്ചിട്ടുണ്ട്. അതിനാൽ, നയങ്ങളുടെയും ബില്ലുകളുടെയും രീതിയിൽ പ്രതികാര മനോഭാവത്തോടെ മുസ്‌ലിം സമുദായത്തിന്റെ വികാരങ്ങളുമായി കളിക്കരുത്. വഖഫ് ചെയ്തവരുടെയും അത് കൈകാര്യം ചെയ്യുന്നവരുടെയും വിഷയമാണത്. അതിൽ സർക്കാർ കൈകടത്തേണ്ട യാതൊരു കാര്യവുമില്ല. വഖഫ് ഭേദഗതി ബില്ലിനെ ശക്തമായി എതിർക്കുമെന്നും വഹാബ് പറഞ്ഞു.